കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്


കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓഡിറ്റ്,

കൊച്ചി –682022

ഫോൺ : 0484-2576097

ഇ-മെയിൽ : *cusatuty.ksad@kerala.gov.in*


# കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

# ഓഡിറ്റ് റിപ്പോർട്ട്

# 2019-20

കെ.എസ്.എ(എസ്.ടി.യു)എ 3-210/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
ഓഡിറ്റ്, കളമശ്ശേരി, കൊച്ചി - 682022
ഫോൺ: 0484-2576097
ഇ-മെയിൽ : *cusatuty.ksad@kerala.gov.in*
തീയതി : 01.09.2022

**ജോയിന്റ് ഡയറക്ടർ**

**ബഹു. വൈസ് ചാൻസലർ**
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

സർ,

**വിഷയം** :- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

**സൂചന** :- കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റിന്റെ 21.12.2020 ലെ തീരുമാനം നം. 682.18 പ്രകാരം അംഗീകരിച്ച 2019-20 ലെ വാർഷിക കണക്കും ഫിനാൻസ് ഓഫീസറുടെ 25.03.2021 ലെ CUSAT/ACNT1.SO/ 5434/2019 നമ്പർ കത്തും.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട് 36(4) വകുപ്പ് എന്നിവ പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2-6, 2-9, 3-3, 3-4, 3-5, 3-6, 3-12, 3-13, 3-15, 3-19-5, 3-19-8 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ സർവ്വകലാശാല എടുത്ത തീരുമാനത്തിന്റെയും പകർപ്പ് ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 20, 23 എന്നിവ കാണുക)

വിശ്വസ്തതയോടെ

**ജോയിന്റ് ഡയറക്ടർ**

<u>പകർപ്പ്</u>

1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. രജിസ്ട്രാർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി
5. കാര്യാലയ പകർപ്പ്

**കെ.എസ്.എ(എസ്.ടി.യു)എ 3-210/2022** **തീയതി: 01.09.2022**

## കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 18, 1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ടിലെ 36(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്തു. സർവ്വകലാശാലയിൽ 01.04.2019 മുതൽ 31.03.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാലയിലെ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 160 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 58 എണ്ണത്തിനാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

| | |
|---|---|
| പേര്, ഉദ്യോഗപ്പേര്, കാലയളവ് | ശ്രീ ബാബു റിയാസുദ്ദീൻ എസ്., ജോയിന്റ് ഡയറക്ടർ<br>01.08.2020 മുതൽ 31.03.2022 വരെ |
| ഓഡിറ്റ് നടത്തിയ തീയതി | 01.08.2020 മുതൽ 31.03.2022 വരെ |

## സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർ

| | | |
|---|---|---|
| വൈസ് ചാൻസലറുടെ ചുമതല | ഡോ. ആർ ശശിധരൻ | 01.04.2019 മുതൽ 24.04.2019 വരെ |
| വൈസ് ചാൻസലർ | ഡോ. കെ.എൻ.മധുസൂദനൻ | 25.04.2019 മുതൽ 31.03.2020 വരെ |
| പ്രോ-വൈസ് ചാൻസലർ | ഡോ. പി. ജി. ശങ്കരൻ | 01.04.2019 മുതൽ 31.03.2020 വരെ |
| രജിസ്ട്രാറുടെ ചുമതല | ഡോ. കെ.എൻ.മധുസൂദനൻ | 01.04.2019 മുതൽ 29.04.2019 വരെ |
| | ഡോ. കെ.അജിത | 30.04.2019 മുതൽ 31.03.2020 വരെ |
| ഫിനാൻസ് ഓഫീസറുടെ ചുമതല | ഡോ. രജിതകുമാർ എസ് | 01.04.2019 മുതൽ 18.07.2019 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ.സുധീർ എം.എസ്. | 19.07.2019 മുതൽ 31.03.2020 വരെ |
| പരീക്ഷാ കൺട്രോളറുടെ ചുമതല | ഡോ. സുനിൽ കെ നാരായണൻകുട്ടി | 01.04.2019 മുതൽ 03.03.2020 വരെ |
| പരീക്ഷാ കൺട്രോളർ | ഡോ. ബെഞ്ചമിൻ വർഗ്ഗീസ് പി. | 04.03.2020 മുതൽ 31.03.2020 വരെ |

## ആമുഖം

1958 മാർച്ച് 4 ന് കേന്ദ്ര ഗവൺമെന്റ് എടുത്ത ശാസ്ത്ര പഠനം സംബന്ധിക്കുന്ന നയതീരുമാനങ്ങളിൽ കേരള ഗവൺമെന്റിന്റെ symbol of commitment ആയി 1971 ൽ കൊച്ചി സർവ്വകലാശാല സ്ഥാപിതമായി. സർവ്വകലാശാലയുടെ സ്ഥാപിത ലക്ഷ്യം അപ്ലൈഡ് സയൻസ്, സാങ്കേതിക വിദ്യ, വാണിജ്യം, വ്യവസായം, എന്നീ മേഖലകളിൽ ബിരുദാനന്തര ബിരുദത്തിലും ഗവേഷണത്തിലും ഊന്നൽ നൽകിക്കൊണ്ടുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ വികസനമാണ്.

1986 ഫെബ്രുവരിയിൽ ഈ സ്ഥാപനം കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി എന്ന പേരിൽ പുനസംഘടിപ്പിക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും വൈദഗ്ധ്യം നേടുന്നതിന് ആവശ്യമായ സൗകര്യങ്ങൾ എല്ലാ വകുപ്പുകളിലും ലഭ്യമാണ്. രാജ്യത്തെ പ്രമുഖ ഗവേഷണകേന്ദ്രങ്ങളുമായും സതേൺ നേവൽ കമാന്റുമായും ചേർന്ന് പ്രവർത്തിക്കുന്നതിനാൽ ഈ സ്ഥാപനങ്ങളുടെ റിസോഴ്സ് പഠന ഗവേഷണ പ്രവർത്തനങ്ങളിൽ ഉപയുക്തമാക്കുന്നതിന് സർവ്വകലാശാലയ്ക്ക് കഴിയുന്നുണ്ട്. എഞ്ചിനീയറിംഗ്, എൻവയോൺമെന്റൽ സ്റ്റഡീസ്, ഹ്യൂമാനിറ്റീസ്, നിയമം, മറൈൻ സയൻസ് , സോഷ്യൽ സയൻസ്, ടെക്നോളജി എന്നീ ശാഖകൾ ഉൾക്കൊള്ളുന്നതാണ് അക്കാദമിക് ഘടന. സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് കുസാറ്റ് ആക്ട് 34(1) വകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ സ്റ്റാറ്റ്യൂട്ട് ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

സർവ്വകലാശാലക്ക് തൃക്കാക്കരയിലെ പ്രധാന കാമ്പസ് കൂടാതെ കൊച്ചി നഗരത്തിന്റെ ഹൃദയഭാഗത്തുള്ള ലേക്ക്സൈഡ് കാമ്പസും ആലപ്പുഴ ജില്ലയിൽ കുട്ടനാട്ടിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസുമുണ്ട്. സർവ്വകലാശാലയുടെ പ്രധാന ക്യാമ്പസിൽ 28 പഠന വകുപ്പുകളും 13 സെന്ററുകളും പ്രവർത്തിക്കുന്നു. സ്വാശ്രയ മേഖലയിൽ 3 എഞ്ചിനീയറിംഗ് കോളേജുകളും സർവ്വകലാശാല നടത്തുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 വർഷത്തെ ബജറ്റ് 02.02.2019 ലെ സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനം നം. 659.03 പ്രകാരം അംഗീകരിച്ചു. ആയത് പ്രകാരം 316.43 കോടി പ്രതീക്ഷിത വരവും 346.38 കോടി പ്രതീക്ഷിത ചെലവ് ഉൾപ്പെടെ 30 കോടിയുടെ കമ്മി ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരമുള്ള ആകെ വരവ് 272.83 കോടിയും ആകെ ചെലവ് 266.33 കോടി രൂപയുമാണ്.

1986 ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 3(1) എന്നിവ പ്രകാരം കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

സർവ്വകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, യു.ജി.സി മറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് ധനസഹായം ലഭിച്ചതിന്റെ കണക്കുകൾ, തനത് വരുമാനം അക്കൗണ്ടുകളിൽ ഒടുക്കിയത്, പിൻവലിക്കൽ എന്നിവ പരിശോധിക്കുകയും പ്രസക്തമായ ഓഡിറ്റ് നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. സമകാലിക ഓഡിറ്റിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങൾക്കൊപ്പം സർവ്വകലാശാലയുടെ വിവിധ പഠന- പഠനേതര വകുപ്പുകൾ എന്നിവ വാർഷികമായി ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് കുറിപ്പുകളിലെ സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാര നടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. http://aims.ksad.kerala.gov.in/aims/ എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സ്ഥാപനത്തിന് ലഭ്യമാക്കിയിട്ടുള്ള User name, Password എന്നിവ നൽകി Functionary Login ലൂടെ ഓഡിറ്റ് റിപ്പോർട്ട് നിരീക്ഷിക്കാവുന്നതും തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

ഓഡിറ്റ് റിപ്പോർട്ട് താഴെപറയും പ്രകാരം നാല് ഭാഗങ്ങളിലായി ക്രമീകരിച്ചിരിക്കുന്നു.

| | |
|---|---|
| ഭാഗം 1 | പൊതു അവലോകനം |
| ഭാഗം 2 | വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം 3 | ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം 4 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

സർവ്വകലാശാലയുടെ വിവിധ പഠന-പഠനേതര വകുപ്പുകളിൽ 2019-20 വർഷത്തെ ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് നോട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പുകളുടെ പേര് | ഓഡിറ്റ് നോട്ട് നം. & തീയതി |
|---|---|---|
| 1 | അപ്ലൈഡ് കെമിസ്ട്രി വകുപ്പ് | KSA(STU)A3-336/21/23.10.2021 |
| 2 | അപ്ലൈഡ് ഇക്കണോമിക്സ് വകുപ്പ് | KSA(STU)A3-403/21/26.11.2021 |
| 3 | ബയോടെക്നോളജി വകുപ്പ് | KSA(STU)A3-73/22/08.02.2022 |
| 4 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ് | KSA(STU)A3-382/21/25.10.2021 |
| 5 | സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് | KSA(STU)A3-335/21/29.09.2021 |
| 6 | കമ്പ്യൂട്ടർ സയൻസ് വകുപ്പ് | KSA(STU)A3-378/21/23.10.2021 |
| 7 | ഷിപ്പ് ടെക്നോളജി വകുപ്പ് | KSA(STU)A3-474/21/30.11.2021 |
| 8 | ഇംഗ്ലിഷ് & ഫോറിൻ ലാംഗ്വേജ് വകുപ്പ് | KSA(STU)A3-472/21/30.11.2021 |

| | | |
|---|---|---|
| 9 | ഇലക്ട്രോണിക്സ് വകുപ്പ് | KSA(STU)A3-457/21/09.02.2022 |
| 10 | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് | KSA(STU)A3-476/21/28.01.2022 |
| 11 | ഹിന്ദി വകുപ്പ് | KSA(STU)A3-525/21/10.03.2022 |
| 12 | ഇൻസ്ട്രുമെന്റേഷൻ വകുപ്പ് | KSA(STU)A3-388/21/21.02.2022 |
| 13 | സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | KSA(STU)A3-398/21/30.11.2021 |
| 14 | മാത്തമാറ്റിക്സ് വകുപ്പ് | KSA(STU)A3-334/21/20.09.2021 |
| 15 | ഇന്റർനാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് | KSA(STU)A3-393/21/03.11.2021 |
| 16 | ഫിസിക്സ് വകുപ്പ് | KSA(STU)A3-470/21/30.11.2021 |
| 17 | പോളിമർ സയൻസ് & റബർ ടെക്നോളജി വകുപ്പ് | KSA(STU)A3-333/21/29.09.2021 |
| 18 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | KSA(STU)A3-401/21/08.12.2021 |
| 19 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് | KSA(STU)A3-304/21/08.09.2021 |
| 20 | യൂത്ത് വെൽഫയർ വകുപ്പ് | KSA(STU)A3-303/21/31.08.2021 |
| 21 | സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ് | KSA(STU)A3-583/21/23.01.2022 |
| 22 | എഞ്ചിനീയറിംങ് വകുപ്പ് | KSA(STU)A3-126/22/19.03.2022 |
| 23 | യൂണിവേഴ്സിറ്റി ലൈബ്രറി | KSA(STU)A3-305/21/17.08.2021 |
| 24 | യൂണിവേഴ്സിറ്റി യൂണിയൻ | KSA(STU)A3-295/21/04.08.2021 |
| 25 | സെൻട്രൽ ഓഫീസ് ഓഫ് യൂണിവേഴ്സിറ്റി ഹോസ്റ്റൽ | KSA(STU)A3-306/21/06.09.2021 |
| 26 | യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസ് | KSA(STU)A3-459/21/30.11.2021 |
| 27 | സെന്റർ ഫോർ ഇൻഫൊർമേഷൻ റിസോഴ്സ് മാനേജ്മെന്റ് (സി.ഐ. ആർ.എം) | KSA(STU)A3-368/21/20.09.2021 |
| 28 | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി (സി-സിസ്) | KSA(STU)A3-425/21/06.12.2021 |
| 29 | സ്കൂൾ ഓഫ് മറൈൻ സയൻസ് | KSA(STU)A3-522/21/08.12.2021 |
| 30 | കെമിക്കൽ ഓഷ്യാനോഗ്രാഫി വകുപ്പ് | KSA(STU)A3-523/21/09.12.2021 |
| 31 | ഫിസിക്കൽ ഓഷ്യാനോഗ്രാഫി വകുപ്പ് | KSA(STU)A3-553/21/31.12.2021 |

| | | |
|---|---|---|
| 32 | സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് | KSA(STU)A3-551/21/29.12.2021 |
| 33 | മറൈൻ ജിയോളജി & ജിയോ ഫിസിക്സ് വകുപ്പ് | KSA(STU)A3-549/21/30.12.2021 |
| 34 | മറൈൻ ബയോളജി, മൈക്രോബയോളജി & ബയോ കെമിസ്ട്രി വകുപ്പ് | KSA(STU)A3-521/21/10.12.2021 |
| 35 | അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പ് | KSA(STU)A3-524/21/28.01.2022 |
| 36 | നാഷണൽ സെന്റർ ഫോർ അക്വാട്ടിക്ക് ആനിമൽ ഹെൽത്ത് | KSA(STU)A3-519/21/09.02.2022 |
| 37 | സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് (SOE) | KSA(STU)A3-94/22/16.02.2022 |
| 38 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് (KMSME) | KSA(STU)A3-402/21/08.12.2021 |
| 39 | കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട് (CUCEK) | KSA(STU)A3-71/22/11.02.2022 |
| 40 | ഡി.ഡി.യു. കൌശൽ കേന്ദ്ര | KSA(STU)A3-174/22/15.03.2022 |

വിവിധ ഭാഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ള ഖണ്ഡികകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.


| | **ഉള്ളടക്കം** | |
|---|---|---|
| **ഖണ്ഡിക നം.** | **വിഷയം** | **പേജ് നം.** |
| | **ഭാഗം 1**<br>**പൊതു അവലോകനം** | |
| 1-1 | ബജറ്റ് | 11 |
| 1-2 | വാർഷിക ധനകാര്യ പത്രിക | 12 |
| 1-3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 13 |
| 1-4 | അക്കൗണ്ട്സ് സോഫ്റ്റ്വെയറിലേക്കുള്ള യൂസർ പ്രിവിലേജ് ഓഡിറ്റ് ഓഫീസിന് ലഭ്യമാക്കിയിട്ടില്ല | 20 |
| 1-5 | തനത് വരുമാനത്തിന്റെ വിവരം | 20 |
| 1-6 | ആഭ്യന്തര നിയന്ത്രണം | 21 |
| 1-7 | ഓഡിറ്റ് ഇംപാക്റ്റ് | 22 |

| | | |
|---|---|---|
| ഭാഗം-2<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 2-1 | രസീത് പ്രകാരം സ്വീകരിച്ച തുകകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല. | 24 |
| 2-2 | വാല്യുവബിൾസ് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 25 |
| 2-3 | ക്യാഷ് ഡെപ്പോസിറ്റ് ചാർജ് ഈടാക്കൽ - വരുമാന നഷ്ടം | 25 |
| 2-4 | വാടകയിൻമേലുള്ള ജി.എസ്.ടി തുക പിരിച്ചെടുത്തിട്ടില്ല | 29 |
| 2-5 | യഥാസമയം വാടക വർദ്ധിപ്പിക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടായി | 30 |
| 2-6 | സർവ്വകലാശാലയിൽ വിവിധ വകുപ്പുകളുടെ ഇ - ഗ്രാന്റ്സ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ് | 31 |
| 2-7 | കുറഞ്ഞ പലിശനിരക്കിൽ പെൻഷൻ ഫണ്ട് നിക്ഷേപം | 33 |
| 2-8 | കെ.വി.എം. കോളേജ് റിക്കഗ്നിഷൻ ഫീസ് അടവാക്കിയിട്ടില്ല | 34 |
| 2-9 | ആഭ്യന്തര വരുമാനത്തിൽ ആറ് കോടിയിലധികം രൂപയുടെ കുറവ് | 35 |
| ഭാഗം-3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 3-1 | ശമ്പള പരിഷ്ക്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ടതാണ്. | 36 |
| 3-2 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. കുടിശ്ശികയുടെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച | 37 |
| 3-3 | ജീവനക്കാരുടെ ശമ്പള നിർണ്ണയം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 38 |
| 3-4 | യു.ജി.സി/എ.ഐ.സി.ടി.ഇ.ശമ്പളനിർണ്ണയത്തിലെ അപാകതകൾ | 39 |
| 3-5 | ഓഡിറ്റിന്റെ അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നു | 44 |
| 3-6 | പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് - കടബാധ്യത കൂടിവരുന്നു | 49 |

| | | |
|---|---|---|
| 3-7 | ഗാർഹിക ടെലഫോൺ ബില്ലുകൾക്ക് സർവ്വകലാശാലാഫണ്ടിൽ നിന്നും തുക നൽകി- 12,172/- രൂപ – സർവ്വകലാശാലാ ഫണ്ടിന് നഷ്ടം | 50 |
| 3-8 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 52 |
| 3-9 | വകുപ്പുകളിൽ പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല | 56 |
| 3-10 | മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല | 57 |
| 3-11 | വൈകി ക്രമീകരിക്കുന്ന മുൻകൂറുകൾക്ക് പിഴപ്പലിശ ഈടാക്കുന്നില്ല. | 57 |
| 3-12 | സർവ്വകലാശാലാ ലൈബ്രറിയിൽ റേഡിയോ ഫ്രീക്വൻസി ഐഡെന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കൽ -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 60 |
| 3-13 | മുൻകൂറുകളുടെ ക്രമീകരണം- പിഴപ്പലിശയും ഇൻകം ടാക്സ് ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്യേണ്ട തുകയും ഒഴിവാക്കിക്കൊടുത്തു | 63 |
| 3-14 | ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിന്റെ എക്സ്റ്റൻഷൻ ജോലികൾ - അപാകതകൾ | 64 |
| 3-15 | കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള വിവിധ പദ്ധതികൾ- സമയബന്ധിതമായി നടപ്പാക്കുവാൻ കഴിയുന്നില്ല. | 65 |
| 3-16 | കുസെക്ക് ചുറ്റുമതിൽനിർമ്മാണം - ആസൂത്രണത്തിലും നടത്തിപ്പിലും പിഴവ് -നഷ്ടം 8,36,679/-രൂപ. | 68 |
| 3-17 | ഐശ്വര്യ ഗേൾസ് ഹോസ്റ്റലിന് അഡീഷണൽ ബ്ലോക്ക്- അപാകതകൾ | 72 |
| 3-18 | നിർദ്ദിഷ്ട വിലയുള്ള മുദ്രപത്രം ഉപയോഗിച്ചില്ല - 40,230/- രൂപയുടെ നഷ്ടം | 75 |
| 3-19 | സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 76 |
| 3-19-1 | ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് - ക്ലബ് മത്സരത്തിൽ പങ്കെടുത്തതിന് സർവ്വകലാശാലാ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 76 |
| 3-19-2 | യൂത്ത് വെൽഫയർ വകുപ്പ് - സ്റ്റുഡന്റ്സ് കരിയർ ആന്റ് കൗൺസലിംഗ് സെന്ററിലെ കൗൺസിലിംഗ് -അപാകങ്ങൾ | 77 |

| | | |
|---|---|---|
| 3-19-3 | ഹോസ്റ്റൽ സെൻട്രൽ ഓഫീസ് - വിവിധ വകുപ്പുകളിൽ നിന്ന് വിദ്യാർത്ഥികളുടെ താമസ,ഭക്ഷണചെലവ് ഹോസ്റ്റലിലേക്ക് ലഭ്യമാക്കിയിട്ടില്ല - കുടിശ്ശിക 9,99,758/-രൂപ. | 78 |
| 3-19-4 | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ നടപടികൾ ഒഴിവാക്കിയും പ്രവൃത്തി നടത്തി - 3,59,218/-രൂപ തടസ്സപ്പെടുത്തുന്നു. | 79 |
| 3-19-5 | കുസെക്ക് - സൂക്ഷിപ്പിൽ വീഴ്ച- 47 പുതിയ കമ്പ്യൂട്ടറുകൾ വെള്ളം കയറി നശിച്ചു. | 80 |
| 3-19-6 | കുസെക്ക് -സി.പി.ആർ.സി.എസ്. മുഖേന അല്ലാതെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് - 25,93,666/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 81 |
| 3-19-7 | കുസെക്ക് – ജിംനേഷ്യത്തിലെ വിലപിടിപ്പുള്ള ഉപകരണങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച. | 84 |
| 3-19-8 | നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് - ഓൺലൈൻ പണമിടപാടിലെ തട്ടിപ്പ് മൂലം 28,35,624/- രൂപയുടെ സഞ്ചിത നഷ്ടം | 86 |
| 3-19-9 | പ്രോജക്ടുകളുടെ ചെലവ് തുക ഫണ്ടിംഗ് ഏജൻസിയിൽ നിന്നും പൂർണ്ണമായും ലഭ്യമായിട്ടില്ല. | 88 |
| 3-19-10 | ഇലക്ട്രോണിക്സ് വകുപ്പ് - പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ വകുപ്പിന് കൈമാറിയില്ല. | 92 |
| 3-19-11 | സ്കൂൾ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസ് - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 94 |
| **ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 4-1 | സർവ്വകലാശാലാ ഫണ്ടുകൾ | 97 |
| 4-2 | വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ | 111 |
| 4-3 | സ്ഥിരനിക്ഷേപങ്ങൾ | 113 |
| 4-4 | ഓഡിറ്റ് ചാർജ്ജ് | 114 |
| 4-5 | ഓഡിറ്റ് പ്രത്യവലോകനം | 115 |
| 4-6 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 119 |

| അനുബന്ധങ്ങൾ | | |
|---|---|---|
| അനുബന്ധം - 1 | പി.ഡി./ഡി.ഡി.എഫ് അക്കൗണ്ടുകളുടെ 31.03.2020 ലെ നീക്കിയിരുപ്പ് തുകയുടെ പത്രിക | 122 |
| അനുബന്ധം - 2 | തനതു വരുമാനം കണക്കാക്കുന്ന പത്രിക | 125 |
| അനുബന്ധം - 3 | എൻഡോവ്മെന്റുകൾ സംബന്ധിച്ച വിവരങ്ങൾ | 130 |
| അനുബന്ധം - 4 | സർവ്വകലാശാലയുടെ 2019-20 ലെ സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം | 133 |
| അനുബന്ധം - 5 | ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്ന പത്രിക | 141 |
| അനുബന്ധം - 6 | ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം | 142 |

# ഭാഗം - 1

## പൊതു അവലോകനം

### 1-1 ബജറ്റ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2019-20 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് 02.02.2019 ലെ സിൻഡിക്കേറ്റ് യോഗത്തിൽ ഐറ്റം നം. 659.03 ആയി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള ആകെ പ്രതീക്ഷിത വരവ് 316.43 കോടി രൂപയും ആകെ പ്രതീക്ഷിത ചെലവ് 346.38 കോടി രൂപയുമുള്ള 30 കോടി രൂപയുടെ കമ്മി ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 30.03.2020 ലെ സിൻഡിക്കേറ്റ് യോഗത്തിൽ ഐറ്റം നം.674.01 ആയി അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം 2019-20 ലെ ആകെ പ്രതീക്ഷിത വരവ് 311.09 കോടി രൂപയും , ആകെ പ്രതീക്ഷിത ചെലവ് 381.23 കോടി രൂപയുമാണ്.

2019-20 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് 272.83 കോടി രൂപയും, യഥാർത്ഥ ചെലവ് 266.33 കോടി രൂപയുമാണ് (ഋണബാധ്യത ഒഴികെയുള്ളത്). വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുകകൾ കോടിയിൽ (രൂപയിൽ) | | | | | | |
|---|---|---|---|---|---|---|
| ഇനം | വരവ് | | വ്യതിയാനത്തിന്റെ നിരക്ക് (%) | ചെലവ് | | വ്യതിയാനത്തിന്റെ നിരക്ക് (%) |
| | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | |
| നോൺ പ്ലാൻ | 182.86 | 205.55 | + 12.41 | 204.82 | 189.55 | - 7.46 |
| പ്ലാൻ | 87.12 | 33.62 | - 61.41 | 81.20 | 39.06 | - 51.90 |
| സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് | 27.38 | 21.46 | -21.62 | 39.72 | 22.65 | - 42.97 |
| കെ.എം.എസ്.എം.ഇ. | 8.81 | 6.78 | -23.04 | 5.49 | 4.12 | - 24.95 |

| | | | | | | |
|---|---|---|---|---|---|---|
| സി. യു.സി.ഇ.കെ. | 10.26 | 5.42 | - 47.17 | 15.15 | 10.95 | -27.72 |
| **ആകെ** | **316.43** | **272.83** | **-13.79** | **346.38** | **266.33** | **-23.11** |

ബജറ്റ് തയ്യാറാക്കുന്നതിന് മതിയായ പഠനമോ , ആവശ്യകതാ വിശകലനമോ നടത്തുന്നില്ലായെന്നാണ് പട്ടികയിലെ കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് സർവ്വകലാശാല ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

*വാർഷിക ധനകാര്യ പത്രിക സർവ്വകലാശാല അംഗീകരിച്ചതിന്റെയും ഓഡിറ്റിനു സമർപ്പിച്ചതിന്റെയും വിവരം*

| വാർഷിക ധനകാര്യ പത്രിക സർവ്വകലാശാല അംഗീകരിച്ചതിന്റെ വിവരം | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കേണ്ട സമയപരിധി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകം പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകം പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 21.12.2020 ലെ 682.18 നമ്പർ സിൻഡിക്കേറ്റ് തീരുമാനം | 31.07.2020 | 25.03.2021 | ഇല്ല | ബാധകമല്ല |

***കൊച്ചി സർവ്വകലാശാല ഫണ്ട്***

സർവ്വകലാശാലയുടെ ക്യാഷ് ബാലൻസിൽ പദ്ധതി വരവ് , പദ്ധതിയേതര വരവ് , പ്രോവിഡന്റ് ഫണ്ട്, എസ്.ഒ.ഇ, കെ.എം.എസ്.എം.ഇ, കുസെക് കൂടാതെ പെൻഷൻ ഫണ്ടും ഉൾപ്പെട്ടതാണ്. കൊച്ചി സർവ്വകലാശാല ഫണ്ട് സംബന്ധിച്ച വിശദ വിവരം ഖണ്ഡിക 4-1 ലും സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച വിശദ വിവരം ***അനുബന്ധം -4*** ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

## ***സർവ്വകലാശാല വകുപ്പുകളുടെ സാമ്പത്തിക നില***

സർവ്വകലാശാലയിലെ ഓരോ വകുപ്പിനും പി.ഡി അക്കൗണ്ടും ഡി.ഡി.എഫ് അക്കൗണ്ടും കൂടാതെ പി.ടി.എ, ഇ-ഗ്രാന്റ്സ്, കൺസൽട്ടൻസി തുടങ്ങിയ അക്കൗണ്ടുകളും ഉണ്ട്. വകുപ്പുകളുടെ ഓഡിറ്റിൽ ഇവ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഡി.ഡി.എഫ് , പി.ഡി അക്കൗണ്ടുകളുടെ നീക്കിയിരുപ്പ് തുകകൾ ***അനുബന്ധം -1*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

### *1. വാർഷിക ധനകാര്യപത്രിക സമയബന്ധിതമായി സമർപ്പിച്ചില്ല*

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റിന്റെ അംഗീകാരത്തോടെയുള്ള 2019-20 ലെ വാർഷിക ധനകാര്യപത്രിക 25.03.2021-നാണ് ഓഡിറ്റിനായി സമർപ്പിച്ചത്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 9 പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ (ജൂലൈ 31 നകം ) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ സമയപരിധി പാലിച്ചിട്ടില്ല.

### *2. അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല*

കേന്ദ്ര സംസ്ഥാന സർക്കാരുകൾ, ഇതര ഏജൻസികൾ എന്നിവയിൽ നിന്നുള്ള വരവുകളും, തനത് വരവുകളും ഉൾപ്പെടെ കോടിക്കണക്കിന് രൂപയുടെ വരവ് – ചെലവ് നടത്തുന്ന കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ നാളിതുവരെ അക്കൗണ്ടിംഗ് ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ല. ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ രേഖപ്പെടുത്തൽ രീതി, അടിസ്ഥാന രജിസ്റ്ററുകൾ, വാർഷിക ധനകാര്യ പത്രിക, അനുബന്ധ പത്രികകൾ എന്നിവയുടെ മാതൃകകൾ ക്രോഡീകരിച്ച് വിശദമായ അക്കൗണ്ടിംഗ് അത്യന്താപേക്ഷിതമാണ്. വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിന് കേരള അക്കൗണ്ട് കോഡ്, കേരള സർവ്വീസ് റൂൾസ്, കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ് തുടങ്ങിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി വിശദമായ ഒരു അക്കൗണ്ടിംഗ് ചട്ടം രൂപീകരിക്കേണ്ടതാണ്.

### *3. ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല*

1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 15-1 (ഡി) പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കുകളോടൊപ്പം ഡി.സി.ബി പത്രിക സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ വാർഷിക കണക്കുകൾക്കൊപ്പം താഴെ പറയുന്ന വിവരങ്ങൾ സൂചിപ്പിക്കുന്ന ഡി.സി.ബി പത്രികകൾ സമർപ്പിച്ചിട്ടില്ല.

a. വിവിധ ഫീസ് വരവിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്

b. പരീക്ഷാ ഫീസിന്റെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്

c. വിവിധ കോളേജുകളിൽ നിന്നും ഒടുക്കുന്ന സ്പെഷ്യൽ ഫീസ്, ഡിമാന്റ്, കളക്ഷൻ, ബാലൻസ്.
d. സർവ്വകലാശാലക്ക് ലഭിക്കാനുള്ള വാടക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്.

വാർഷിക കണക്കുകൾക്കൊപ്പം ഡി.സി.ബി പത്രിക തയ്യാറാക്കാത്തതുമൂലം സർവ്വകലാശാലയുടെ വരുമാന കുടിശ്ശിക സംബന്ധിച്ച് വ്യക്തത ഇല്ലാത്ത സ്ഥിതിയുണ്ട്.

## *4. വകുപ്പുകളുടെ പി.ഡി അക്കൗണ്ടിൽ വൻ തുക നീക്കിയിരുപ്പ്*

വകുപ്പുകളുടെ ദൈനംദിന ചെലവുകൾ വഹിക്കുന്നതിനും, എസ്.ആർ (സിംപിൾ രസീത്) മുഖേന മുൻകൂർ തുകകൾ എടുക്കുന്നതിനും മറ്റ് ചെലവുകൾ വഹിക്കുന്നതിനുമായി വകുപ്പ മേധാവിയുടെ പേരിൽ കൈകാര്യം ചെയ്യുന്ന പി.ഡി അക്കൗണ്ടിൽ 31.03.2020 ൽ വൻ തുക നീക്കിയിരിപ്പുണ്ട്. വകുപ്പുകൾക്ക് സർവ്വകലാശാലയിൽ നിന്ന് കണ്ടിജന്റ് ബില്ല് മുഖേന ലഭിക്കുന്ന തുക കൃത്യമായി വിനിയോഗിക്കുന്നില്ല അഥവാ വിതരണം നടത്തുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. വർഷാന്ത്യത്തിലുള്ള നീക്കിയിരിപ്പ തുകയുടെ ഇനം തിരിച്ചുള്ള വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി വകുപ്പുകളിൽ നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വകുപ്പുകളുടെ പി.ഡി അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക കൃത്യമായി വിനിയോഗിക്കാത്തപക്ഷം ഈ തുക സർവ്വകലാശാലയിൽ അടവാക്കാൻ വേണ്ട ഓഡിറ്റ് നിർദ്ദേശം വകുപ്പുകൾക്ക് നൽകേണ്ടതാണ്. ഓഡിറ്റ് നടത്തിയ 40 വകുപ്പുകളിലെ പി. ഡി. അക്കൗണ്ടുകളിലായി 31.03.2020 ൽ 4,66,30,386.40/- രൂപ നീക്കിയിരിപ്പുണ്ട്.

പി.ഡി. അക്കൗണ്ടിലെ 2019-20 വർഷത്തെ നീക്കിയിരുപ്പ് തുക ***അനുബന്ധം-1*** ൽ ചേർത്തിട്ടുണ്ട്.

## *5. ചെക്ക് ഇഷ്യൂ രജിസ്റ്റർ/ചെക്ക് റിപ്പോർട്ട് രജിസ്റ്റർ അപൂർണ്ണമാണ്*

സർവ്വകലാശാലയിൽ നിന്ന് നൽകുന്ന എല്ലാ ചെക്കുകളുടേയും ലിസ്റ്റ് ഉൾപ്പെടുന്ന, എക്സൽ ഷീറ്റിൽ തയ്യാറാക്കിയ, ചെക്ക് ഇഷ്യൂ രജിസ്റ്റർ/ചെക്ക് റിപ്പോർട്ട് രജിസ്റ്റർ അപൂർണ്ണമാണ് . പ്രസ്തുത റിപ്പോർട്ടിൽ ചെക്ക് നൽകിയ ബാങ്ക് അക്കൗണ്ട് നമ്പർ, തുക നൽകിയതിന്റെ പൂർണ്ണ വിവരങ്ങൾ എന്നിവ കൂടി നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്.

## *6. ചെലവ് വൗച്ചറുകളുടെ ക്രമ നമ്പർ*

2019-20 വർഷത്തിൽ സർവ്വകലാശാലയിലെ ചെലവ് വൗച്ചറുകളുടെ ക്രമ നമ്പർ 13001 മുതൽ 14996 വരെയാണ്. സർവ്വകലാശാലയിൽ നിന്ന് നൽകുന്ന വൗച്ചർ നമ്പർ ഓരോ വർഷവും ക്ലോസ് ചെയ്യേണ്ടതും അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യത്തെ വൗച്ചർ നമ്പർ 1 മുതൽ ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

## 7. പെർമനന്റ് അഡ്വാൻസ്

സർവ്വകലാശാലയിൽ നിന്നും മെയിൻ ഓഫീസിലെ വിവിധ വിഭാഗങ്ങളിലേക്കും കൂടാതെ എല്ലാ വകുപ്പുകൾക്കും പെർമനന്റ് അഡ്വാൻസ് നൽകിയിട്ടുണ്ട് . 31.03.2020 ൽ പെർമനന്റ് അഡ്വാൻസ് നീക്കിയിരിപ്പ് തുക അക്കൗണ്ട്സിലെ നീക്കിയിരിപ്പിൽ കൈയ്യിരിപ്പ് പണം ആയി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ 31.03.2020 ൽ എത്ര രൂപ നീക്കിയിരിപ്പുണ്ടെന്ന് ഓരോ വിഭാഗം തിരിച്ചും ഓരോ വകുപ്പുകൾ തിരിച്ചും വ്യക്തമാക്കേണ്ടതാണ്.

## 8. ബാങ്ക് പൊരുത്തപ്പെടുത്തൽ

സർവ്വകലാശാലയുടെ സ്വാശ്രയ സ്ഥാപനങ്ങളുൾപ്പടെയുള്ള എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത് എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ആകെ തുക കൂട്ടിയതിന് ശേഷം ഒരൊറ്റ പൊരുത്തപ്പെടുത്തലായാണ് കാണിച്ചിരിക്കുന്നത്. ഇത് ശരിയായ രീതിയല്ല. ഓരോ ബാങ്ക് അക്കൗണ്ടിനും പ്രത്യേകം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതും ആയത് ഓഡിറ്റിന് നൽകേണ്ടതുമാണ്.

### പൊരുത്തപ്പെടുത്തലുകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല.

സി.യു.എഫ്, എസ്.ഒ.ഇ., കെ.എം.എസ്.എം.ഇ., കുസെക് എന്നീ ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുമായുള്ള പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണമായി സി.യു.എഫ്-ൽ തന്നെ 35 ബാങ്ക് അക്കൗണ്ടുകളുണ്ട്. ഇതിന്റെ ആകെ നീക്കി ബാക്കിയോട് ചില തുകകൾ കൂട്ടിയും കുറച്ചും ഫണ്ടിന്റെ ബുക്ക പ്രകാരമുള്ള നീക്കിബാക്കിയുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇങ്ങനെ കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടുള്ള തുകകൾ എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും തുകകൾ ഒരുമിച്ച് കൂട്ടിയിട്ടുള്ളതാണ്. ഇത്തരം തുകകൾ ഏത് ബാങ്ക് അക്കൗണ്ടിന്റെ ഏത് ചെക്ക് പ്രകാരം ഉള്ളതാണെന്ന ഷെഡ്യൂൾ കൂടി ഉൾപ്പെടുത്തിയാലേ ടി പൊരുത്തപ്പെടുത്തലിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ ഹാജരാക്കിയിരിക്കുന്ന യാതൊരു അക്കൗണ്ടുകളുടേയും പൊരുത്തപ്പെടുത്തലിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിക്കാത്തവിധത്തിലുള്ളതാണ്. പൊരുത്തപ്പെടുത്തൽ പരിശോധിക്കുന്നതിന് ആയതിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളുടെ ചെക്ക് നമ്പർ, തീയതി, ബാങ്കിന്റെ പേര്, അക്കൗണ്ട് നമ്പർ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ, ഷെഡ്യൂൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### *8.1. കെ.എം.എസ്.എം.ഇ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Error of Principle സംഭവിച്ചിട്ടുണ്ട്.*

ക്യാഷ് ബുക്ക് പ്രകാരം 31.03.2020 ൽ 6,42,36,359/- രൂപ നീക്കിയിരിപ്പും ബാങ്ക് ബുക്ക് പ്രകാരം 31.03.2020 ൽ 5,03,14,843/- രൂപ നീക്കിയിരിപ്പുമാണ് ഉള്ളത്. ബാങ്ക് ബുക്ക് നീക്കിയിരിപ്പിൽ നിന്നും തുകകൾ കൂട്ടിയും കുറച്ചും ക്യാഷ് ബുക്ക് നീക്കിയിരിപ്പിൽ എത്തിക്കുന്ന രീതിയിൽ തയ്യാറാക്കിയിരിക്കുന്ന റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Error of Principle സംഭവിച്ചിട്ടുണ്ട്. എസ്.ഒ.ഇ.-യിലേയ്ക്ക് നൽകാൻ ബാക്കി നിൽക്കുന്ന തുക 51,78,824/-രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തൽ വരികയും എന്നാൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ വരാതെയും നിൽക്കുന്ന തുകയായതിനാൽ അക്കൗണ്ടിംഗ് തത്വപ്രകാരം ബാങ്ക് നീക്കിയിരിപ്പിൽ നിന്നും കുറക്കേണ്ട തുകയാണ്. എന്നാൽ ഈ തുക ബാങ്ക് നീക്കിയിരിപ്പിനോട് കൂട്ടുകയാണ് ചെയ്തിട്ടുള്ളത്. മേൽ അപാകത അറിയിച്ചുകൊണ്ട് നം.18/2019-20/അക്കൗണ്ട്സ്/തീയതി 26.02.2022 ആയി എൻക്വയറി നൽകിയതിന് Accts1/A3/KSAD-AA 2019-20 തീയതി 09.03.2022 ആയി ഫിനാൻസ് ഓഫീസർ ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

### *8.2. ICICI ബാങ്ക് അക്കൗണ്ട് നം. 115901000357 ലെ 3,62,705/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല.*

സി.യു.എഫ്(ജനറൽ ഫണ്ട് )മായി ബന്ധപ്പെട്ടതും 31.03.2019 ൽ 3,62,705/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നതുമായ ICICI ബാങ്ക് അക്കൗണ്ട് നം. 115901000357 ലെ നീക്കി ബാക്കി 2019-20 ലെ നീക്കിയിരിപ്പ തുകകളിൽ ഉൾപ്പെട്ടിട്ടില്ല. ഇതിന്റെ കാരണം വിശദീകരിക്കാനും ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.8/19-20 തീ.21.02.2022 നൽകിയതിന് ലഭ്യമാക്കിയ Accts 1/A3/KSAD-AA 2019-20 തീയതി 26.02.2022 മറുപടിയിൽ ഈ അക്കൗണ്ട് ക്ലോസ് ചെയ്തതായി ഫിനാൻസ് ഓഫീസർ അറിയിച്ചു. എന്നാൽ 31.03.2019 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 3,62,705/- രൂപ എന്ത് ചെയ്തു എന്നുള്ള വിവരവും ഈ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

### *8.3 ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കിയില്ല.*

2019-20 അക്കൗണ്ട്സ് പ്രകാരം 31.03.2020 ൽ നീക്കിയിരിപ്പ് രേഖപ്പെടുത്താത്ത താഴെ പറയുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

<u>ജനറൽ ഫണ്ട് അക്കൗണ്ടുകൾ</u>

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം. |
|---|---|---|
| 1 | PNB | 462800010041156(PAYMENT GATEWAY) |
| 2 | SBI | 31008462286 (SALE OF CAT APPLICATION) |
| 3 | SBI | 325718447266 |
| 4 | SBI | 38885470397(RECRUITMENT) |

<u>എസ്.ഒ.ഇ .അക്കൗണ്ടുകൾ</u>

| | | |
|---|---|---|
| 1 | SBI | 10067983001 |
| 2 | SBI | 32571847528 |
| 3 | SBI | 67279404339 |

മേൽപ്പറഞ്ഞ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നം.8/2019-20/അക്കൗണ്ട്സ് ഓഡിറ്റ് തീയതി 21.02.2022 ആയി ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

*9. <u>അക്കൗണ്ട്സ് പ്രകാരം വൻ തുകകൾ ക്രമീകരിക്കാതെ നിൽക്കുന്നു</u>*

സർവ്വകലാശാലയ്ക്ക് ലഭിച്ച ചെക്കുകൾ/ഡി.ഡികൾ എന്നിവ ബാങ്കിൽ ക്രെഡിറ്റ് വരാത്ത ഇനത്തിലും, സസ്പെൻസ് ക്രെഡിറ്റ് ആയും,അക്കൗണ്ട്സ് പ്രകാരം വൻ തുകകൾ നിൽക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ നല്കുന്നു.

**ബാങ്കിൽ ക്രെഡിറ്റ് വരാത്ത ഇനത്തിൽ നിൽക്കുന്ന തുകകൾ**

| **വർഷം** | **തുക** (₹) |
|---|---:|
| 2015-16 | 1,44,785 |
| വർഷം രേഖപ്പെടുത്തിയിട്ടില്ല. | 8,900 |
| 2016-17 | 74,241 |
| 2017-18 | 3,81,596 |
| 2018-19 | 32,33,215 |
| **ആകെ** | **38,42,737** |

**സസ്പെൻസ് ക്രെഡിറ്റ് ആയി നിൽക്കുന്ന തുകകൾ**

| വർഷം | അക്കൗണ്ട് നം. | തുക (₹) |
|---|---|---:|
| 2015-16 | രേഖപ്പെടുത്തിയിട്ടില്ല | 90,326 |
| 2016-17 | 5970603256075 | 2,01,419 |
| 2019-20 | 67246460325 | 81,56,636 |
| 2019-20 | 67035706075 | 90,91,869 |
| 2019-20 | ...............5847(പൂർണ്ണമായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) | 1,94,77,626 |
| **ആകെ** | | **3,70,17,876** |

മേൽ പറഞ്ഞ തുകകൾ തിരിച്ചറിയാനും ക്രമീകരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് നം. 19 /2019-20/ അക്കൗണ്ട്സ് ഓഡിറ്റ്/തീയതി.26.02.2022 ഓഡിറ്റ് എൻക്വയറി നൽകിയതിന് ,Accts1/A3/KSAD-AA 2019-2020 തീയതി 09.03.2022 ആയി സർവ്വകലാശാല ലഭ്യമാക്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കയാണ് എന്നറിയിച്ചു. RBI മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 1.4.2012 മുതൽ ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് /പേ ഓർഡർ എന്നീ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റുകളുടെ സാധുവായ കാലാവധി ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് മാസമാണ്. ബാങ്കിൽ ക്രെഡിറ്റ് വരാത്ത ഇനത്തിൽ നിൽക്കുന്ന തുകകളിൽ, സസ്പെൻസ് ക്രെഡിറ്റ് ആയി നിൽക്കുന്ന തുകകളിൽ ഉൾപ്പെടാത്തവ സർവ്വകലാശാലയ്ക്ക് സംഭവിച്ച നഷ്ടമായി കണക്കാക്കി ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ കാലാവധി കഴിഞ്ഞ് സമർപ്പിച്ചതിന് ഉത്തരവാദികളെ നിശ്ചയിച്ച് സർവ്വകലാശാലയ്ക്ക് സംഭവിച്ച നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

*10. കാലാവധി കഴിഞ്ഞ ചെക്കുകൾ കാലഹരണപ്പെട്ട ചെക്കുകളിൽ ഉൾപ്പെടുത്തി വരവിലെടുത്തിട്ടില്ല.*

സർവ്വകലാശാല നൽകിയ ചെക്കുകളിൽ താഴെ പറയുന്ന തുകയ്ക്കുള്ള ചെക്കുകൾ പണമാക്കാതെ നിൽക്കുന്നുണ്ട്.

### ജനറൽ ഫണ്ടുമായി ബന്ധപ്പെട്ടവ

| വർഷം | തുക (₹) |
|---|---|
| 2016-17 | 2,62,109 |
| 2017-18 | 2,51,124 |
| 2018-19 | 2,31,820 |
| ആകെ | 7,45,053 |

### CUCEK മായി ബന്ധപ്പെട്ടവ

| വർഷം | തുക (₹) |
|---|---|
| 2017-18 | 1,300 |
| 2018-19 | 2,785 |
| ആകെ | 4,085 |

ആകെ - 7,45,053+4,085= 7,49,138/- രൂപ

കാലാവധി കഴിഞ്ഞതിനാൽ ചെക്കുകൾ കാലഹരണപ്പെട്ട ചെക്കുകളിൽ ഉൾപ്പെടുത്തി വരവിലെടുക്കേണ്ടതാണ്. കെ.എം.എസ്.എം.ഇ മായി ബന്ധപ്പെട്ട് പണമാക്കാത്ത ചെക്കുകളായി 31.03.2020 ൽ നിൽക്കുന്ന 9,69,220/- രൂപ ഏതൊക്കെ വർഷങ്ങളിലെ ആണ് എന്ന് വേർതിരിച്ച് നൽകിയിട്ടില്ല. ആയവ വർഷം തിരിച്ച് രേഖപ്പെടുത്തി കാലാവധി കഴിഞ്ഞവ, കാലഹരണപ്പെട്ട ചെക്കുകളിൽ ഉൾപ്പെടുത്തി വരവിലെടുക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് നം. 19 /2019-20/ അക്കൗണ്ട്സ് ഓഡിറ്റ്/തീയതി.26.02.2022 ഓഡിറ്റ് എൻക്വയറി നൽകിയതിന്, Accts1/A3/KSAD-AA 2019-2020 തീയതി 09.03.2022 ആയി ലഭ്യമാക്കിയ മറുപടിയിൽ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നറിയിച്ചു. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സർവ്വകലാശാലയുടെ അക്കൗണ്ട്സ് സോഫ്റ്റ്‌വെയറിലേക്കുള്ള യൂസർ പ്രിവിലേജ് ഓഡിറ്റ് ഓഫീസിന് ലഭ്യമാക്കിയിട്ടില്ല

നിലവിൽ സർവ്വകലാശാലയുടെ എല്ലാ വരവിനങ്ങളുടേയും ചെലവിനങ്ങളുടേയും ബാങ്ക് /ട്രഷറി ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുന്നത് എക്സൽ ഷീറ്റിലാണ്.ബാങ്ക്/ട്രഷറി ഇടപാടുകൾ പരിശോധിക്കുന്നതിന് സർവ്വകലാശാല തയ്യാറാക്കുന്ന എക്സൽ ഷീറ്റിനു പകരം അതാത് ബാങ്ക്/ട്രഷറിയുടെ സ്റ്റേറ്റുമെന്റുകൾ തന്നെ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. മുൻ റിപ്പോർട്ടുകളിലും ഇത് സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും സർവ്വകലാശാല പ്രസ്തുത നിർദ്ദേശങ്ങളൊന്നും പാലിക്കുന്നില്ല.വരവിനങ്ങളുടെ പൂർണ്ണ വിവരം ഈ എക്സൽ ഷീറ്റിൽ നിന്നും ലഭ്യമാകുന്നുണ്ടെങ്കിലും ചെലവിനങ്ങളുടെ വിവരങ്ങൾ അപൂർണ്ണമാണ്. സർവ്വകലാശാലയിൽ ക്യാഷ് ബുക്ക്, വരവ്-ചെലവ് രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്ററുകൾ എന്നിവ എഴുതി സൂക്ഷിക്കുന്നതുമില്ല. ആയതിനാൽ വരവ്-ചെലവ് ഇനങ്ങളുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ എല്ലാ വരവിനങ്ങളുടേയും ചെലവിനങ്ങളുടേയും (ദൈനംദിന വരവ് ചെലവുകൾ ഉൾപ്പെടെ) ഇടപാടുകൾ നെറ്റ്‌വർക്കിലൂടെ പരിശോധിക്കുന്നതിന് സർവ്വകലാശാലയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറുകളുടെ യൂസർ പ്രിവിലേജ് ഓഡിറ്റ് ഓഫീസിൽ ലഭ്യമാക്കേണ്ടത് അനിവാര്യമാണ്. ആയത് ഈ ഓഫീസിൽ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-5 തനത് വരുമാനത്തിന്റെ വിവരം

മുൻ വർഷത്തേക്കാൾ സർവ്വകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷം തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം **1.84% വർധനവ്** ഉണ്ടായിട്ടുണ്ട്.

| ക്രമ നം. | വരവിനം | മുൻവർഷം (2018-19) | തൻവർഷം (2019-20) | മുൻ വർഷത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം (+/-%) |
|---|---|---|---|---|
| 1 | കൊച്ചിൻ യൂണിവേഴ്സിറ്റി - നോൺ പ്ലാൻ | 28,83,17,114 | 31,94,64,586 | (+) 3,11,47,472 |
| 2 | സ്കൂൾ ഓഫ് എൻജിനിയറിംഗ് (SOE) | 18,58,12,804 | 19,77,98,267 | (+) 1,19,85,463 |
| 3 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിംഗ് | 6,72,21,363 | 6,46,64,023 | (-) 25,57,340 |

| | | | | |
|---|---|---|---|---|
| | (KMSME) | | | |
| 4 | കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കുട്ടനാട് (CUCEK) | 7,98,54,852 | 5,07,34,889 | (-) 2,91,19,963 |
| | ആകെ | 62,12,06,133 | 63,26,61,765 | (+) 1,14,55,632 |

2019-20 വർഷത്തെ തനത് വരുമാനത്തിന്റെ ഇനം തിരിച്ചുള്ള വിവരം ***അനുബന്ധം-2*** ൽ ചേർത്തിട്ടുണ്ട്.

## 1-6 ആഭ്യന്തര നിയന്ത്രണം

### ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയും വിപത്തുകളും

ഒരു സ്ഥാപനത്തിന്റെ "ആഭ്യന്തര നിയന്ത്രണ സംവിധാനം" എന്നത് ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ ഉൾപ്പെടുന്നതാണ്. ഇപ്രകാരം ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം നടപ്പിലാക്കുന്നതിനായി സർവ്വകലാശാല ഉറപ്പാക്കേണ്ട കടമകൾ ചുവടെ വിശദമാക്കുന്നു.

1. ലക്ഷ്യങ്ങൾ കൈവരിക്കാനായി ഫലപ്രാപ്തിയുള്ളതും കാര്യക്ഷമവുമായ പ്രവർത്തനം ഉറപ്പുവരുത്തുക, അനുയോജ്യമല്ലാത്ത ഉപയോഗം അല്ലെങ്കിൽ നഷ്ടം എന്നിവയിൽ നിന്നും സ്വത്തുക്കളെ സംരക്ഷിക്കുക.

2. ധനകാര്യ റിപ്പോർട്ടിംഗിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.

3. സർവ്വകലാശാലക്ക് ബാധകമായ നിയമങ്ങൾ, ചട്ടങ്ങൾ, നിയന്ത്രണങ്ങൾ എന്നിവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. കൂടാതെ, സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ആഭ്യന്തര നയങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും ഉറപ്പാക്കുക.

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട ആഭ്യന്തര നിയന്ത്രണ പാളിച്ചകൾ ചുവടെ വിവരിക്കുന്നു.

എ) ഭരണപരമായ നയങ്ങളുടെ പരിപാലനം, പ്രക്രിയകൾ, നടപടിക്രമങ്ങൾ എന്നിവയിൽ വീഴ്ച വരുത്തിയതായുള്ള കാര്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ സയൻസ് & ടെക്നോളജി വകുപ്പിന്റെ പ്രോജക്ട്, സർവ്വകലാശാലയുടെ അറ്റ്മോസ്ഫറിക് സയൻസ് വിഭാഗത്തിൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റിപ്പോർട്ടിന്റെ ഖണ്ഡിക 3-13 ൽ ചേർത്തിട്ടുള്ള വിവരങ്ങൾ

ബി) കൊച്ചി സർവ്വകലാശാലയുടെ ലൈബ്രറി നവീകരണവുമായി ബന്ധപ്പെട്ട് റേഡിയോ ഫ്രീക്വൻസി ഐഡെന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന് കരാർ ഏറ്റെടുത്ത M/s

ലിബ്സിസ് ലിമിറ്റഡ്- ഉം സർവ്വകലാശാലയും തമ്മിൽ പ്രവൃത്തിയുടെ പൂർത്തീകരണം, കുറ്റമറ്റ പ്രവർത്തനം ഇവ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട നടക്കുന്ന നിയമ തർക്കങ്ങളും ധനനഷ്ടവും അക്കാഡമിക് നഷ്ടവും വെളിവാക്കുന്നത് സർവ്വകലാശാലയുടെ നടപടിക്രമങ്ങളിലെ പാളിച്ചയാണ്. അതായത് ഫലപ്രാപ്തിയുള്ള കാര്യക്ഷമമായ പ്രവർത്തനം തരപ്പെടുത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റിക്ക് കഴിഞ്ഞില്ല. കൂടുതൽ വിശദാംശങ്ങൾ റിപ്പോർട്ടിന്റെ ഖണ്ഡിക 3-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സി) കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതു മേഖലാ സ്ഥാപനങ്ങൾക്കും വാങ്ങേണ്ടതുള്ളതിനാൽ ഓരോ സ്ഥാപനങ്ങളും ഇവയുടെ വാങ്ങലിനായി ടെണ്ടർ നടപടി സ്വീകരിക്കുന്നത് ധനനഷ്ടത്തിനും , മനുഷ്യ വിഭവശേഷിയുടെ നഷ്ടത്തിനും ഇടയാക്കും എന്നതിനാൽ ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനത്തിലൂടെ വാങ്ങുന്നതിനായി സംസ്ഥാന സർക്കാർ ഒരു ഓൺലൈൻ പോർട്ടൽ (www.cprcs.kerala.gov.in) ഒരുക്കുകയും അതിലൂടെ മാത്രം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങേണ്ടതാണെന്ന് ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ(ഐ.ടി. സെൽ) വകുപ്പിന്റെ 18.03.2019 ലെ ഐ.റ്റി സെൽ-1/26/2019 നമ്പർ സർക്കുലർ പ്രകാരം എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും കർശന നിർദ്ദേശം നല്കിയിരുന്നതുമാണ്. എന്നാൽ സർക്കാർ നിർദ്ദേശം പാലിക്കാതെ സ്വന്തമായി ടെണ്ടർ നടപടി സ്വീകരിച്ചാണ് കുസെക്കിൽ കമ്പ്യൂട്ടർ വാങ്ങിയിരിക്കുന്നത്. വിശദ വിവരം ഖണ്ഡിക 3-19-6 ൽ ചേർത്തിട്ടുണ്ട്.

## 1-7 ഓഡിറ്റ് ഇംപാക്റ്റ്

### (എ) യു.ജി.സി./എ.ഐ.സി.ടി.ഇ. അദ്ധ്യാപകരുടെ ഇൻക്രിമെന്റ് തെറ്റായി റൗണ്ട് ചെയ്തത് മൂലം അധികം നൽകിയ 26,793/-രൂപ തിരികെ ഈടാക്കി

2006 യു.ജി.സി./എ.ഐ.സി.ടി.ഇ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ഇൻക്രിമെന്റ് തീയതികൾ ജൂലായ് മാസമായി ഏകീകരിക്കുകയും പേ ബാന്റിലെ ശമ്പളവും എ.ജി.പി. യും (അക്കാഡമിക് ഗ്രേഡ് പേ)ചേർന്ന തുകയുടെ 3% ആയി ഇൻക്രിമെന്റ് നിശ്ചയിക്കുകയും ചെയ്തു. ഇത്തരത്തിൽ ഇൻക്രിമെന്റ് കണക്കാക്കുമ്പോൾ ലഭിയ്ക്കുന്ന തുക ഒരു രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ അടുത്ത പത്തു രൂപയിലേയ്ക്കാണ് റൗണ്ട് ചെയ്യേണ്ടത്. ഇൻക്രിമെന്റ് കണക്കാക്കുമ്പോൾ ലഭിയ്ക്കുന്ന തുകയിലെ പൈസ അവഗണിച്ചുകൊണ്ടാണ് റൗണ്ടിംഗ് നടത്തേണ്ടത്. ഇക്കാര്യം ഇന്ത്യാ ഗവൺമെന്റിന്റെ ധനകാര്യമന്ത്രാലയത്തിന്റെ എക്സ്പെന്റിച്ചർ ഇംപ്ളിമെന്റേഷൻ സെൽ F.No. 1/1/2008-1C തീയതി 29.01.2009 പ്രകാരം സ്പഷ്ടീകരിച്ചിട്ടുള്ളതാണ്. ഉദാഹരണമായി ഇൻക്രിമെന്റ് കണക്കാക്കുമ്പോൾ ലഭിയ്ക്കുന്ന തുക 1,900.70/- രൂപ ആണെങ്കിൽ ഇത് 1,900/- രൂപ ആയി റൗണ്ട് ചെയ്യേണ്ടത്. എന്നാൽ

ലഭിയ്ക്കുന്ന തുക 1,901/- ആണെങ്കിൽ അത് 1,910/- രൂപ ആയി ആണ് റൗണ്ട് ചെയ്യേണ്ടത്. യു.ജി.സി./എ.ഐ.സി.ടി.ഇ. അദ്ധ്യാപകരുടെ ശമ്പള നിർണയ പരിശോധനയിൽ, മേൽ പറഞ്ഞ പ്രകാരം അല്ലാതെ ഇൻക്രിമെന്റ് റൗണ്ട് ചെയ്തത് മൂലം അധികം നൽകിയ തുകകൾ തിരികെ ഈടാക്കാൻ ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ തുക ഈടാക്കിയതായി ഫിനാൻസ് ഓഫീസർ അറിയിച്ചു. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

| അപാകത അറിയിച്ച കത്തിന്റെ നമ്പരും തീയതിയും | അദ്ധ്യാപകന്റെ പേരും വിവരങ്ങളും | ഈടാക്കിയ തുക (₹) | തുക ഈടാക്കിയ വിവരം അറിയിച്ച സർവ്വകലാശാല കത്ത് നം.,തീയതി |
|---|---|---|---|
| കെ.എസ്.എ (എസ്.റ്റി.യു)എ 4-627/2020 തീ.06.01.2021 | ഡോ.സുമം മേരി ഇടിക്കുള,പ്രൊഫസർ, കമ്പ്യൂട്ടർ സയൻസ് വകുപ്പ്. | 6,776 | Fin.IV/1098/P/2021 തീ.04.03.2022 |
| കെ.എസ്.എ (എസ്.റ്റി.യു)എ 4-628/2020 തീ.20.01.2021 | ഡോ. തോമസ് കുര്യൻ , പ്രൊഫസർ, പോളിമർ സയൻസ് & റബ്ബർ ടെക്നോളജി | 16,964 | Fin.IV /1099/P/2021 തീ.05.10.2021 |
| കെ.എസ്.എ (എസ്.റ്റി.യു)എ 4-629/2020 തീ.28.10.2020 | ഡോ. ആർ . ശശിധരൻ, പ്രൊഫസർ , ഹിന്ദി വകുപ്പ്. | 3,053 | FinIV/1092/P/2021 തീ.12.10.2021 |
| **ആകെ** | | **26,793** | |

**(ബി) ദിവസവേതനക്കാർക്ക് അധികശമ്പളം നൽകിയത് തിരിച്ചടച്ചു.**

ദിവസവേതനത്തിലുള്ള ജീവനക്കാർക്ക് അധികം നൽകിയ തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| **സ്ഥാപനം** | **തുക** | **രസീത് നമ്പർ** | **ഓഡിറ്റ് നോട്ട്സ് നമ്പർ/ഓഡിറ്റ് അന്വേഷണം നമ്പർ** |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് | 1,800 | 1379/08.07.2021 (1050/-) 1514/12.07.2021 (700/-) | നം.06/19-20/22.06.2021 |
| ഇൻസ്ട്രുമെന്റേഷൻ വകുപ്പ് | 3,720 | 2029/02.06.2022 | കെഎസ്എ(എസ്.ടി.യു)എ 3/388/ 2021/21.02.2022 |

# ഭാഗം - 2

## വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രസീത് പ്രകാരം സ്വീകരിച്ച തുകകൾ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ല.

സ്കൂൾ ഓഫ് എഞ്ചിനീയറിംഗിലെ മെക്കാനിക്കൽ വിഭാഗത്തിൽ നടത്തുന്ന ഹ്രസ്വകാല കോഴ്സായ CAD & 3D പ്രിന്റിംഗ് എന്ന കോഴ്സ് [ ബാച്ച് 77, 2020 മാർച്ച് മുതൽ മെയ് വരെ] ഫീസിനത്തിൽ ശ്രീ. തംജീദ് അഹമ്മദ് , ശ്രീ. രാഹുൽ എൽദോ എന്നിവർക്ക് നൽകിയിട്ടുള്ള രസീതുകളിലെ തുകകൾ പൂർണ്ണമായും ക്യാഷ്ബുക്കിൽ ചേർത്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, രസീത് നം. | തീയതി | തുക | ആകെ (എ) | 51284 & 51285 എന്നീ രസീതുകളിലെ വരവായി ക്യാഷ് ബുക്കിൽ ഒറ്റ എൻട്രിയായി രേഖപ്പെടുത്തിയിട്ടുള്ള തുക (ബി) | ക്യാഷ് ബുക്കിലെ വരവിലെ കുറവ് (എ) - (ബി) |
|---|---|---|---|---|---|
| തംജീദ് അഹമ്മദ് 513 / 51284 | 22.02.2020 | 11,900 | 23,800 | 19,040 | 4,760 |
| രാഹുൽ എൽദോ 513 / 51285 | 22.02.2020 | 11,900 | | | |

കേരള ഫിനാൻഷ്യൽ കോഡ് , ആർട്ടിക്കിൾ 7(2) പ്രകാരം പ്രതിദിന പിരിവ് തൊട്ടടുത്ത ദിവസം ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ 22.02.2020- ലെ പിരിവായ 23,800/- രൂപയിൽ 4,760/-രൂപ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.2/2019-20/എസ്.ഒ.ഇ. നൽകിയെങ്കിലും വിശദീകരണം ലഭിച്ചില്ല. ഈ തുക അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്. 4760/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 വാല്യൂവബിൾസ് രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട വിവിധ ഇനം ഫീസുകളും മറ്റ് വരവുകളും ചെക്ക്/ഡി.ഡി മുഖേന സ്വീകരിക്കുമ്പോൾ ആ തുകയ്ക്കുള്ള രസീത് നൽകുകയും ആയത് എക്സൽ ഫോർമാറ്റിൽ തയ്യാറാക്കുന്ന വാല്യൂവബിൾസ് രജിസ്റ്ററിൽ (*Register of valuables*) ചേർത്ത് ബാങ്കിൽ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ വാല്യൂവബിൾസ് രജിസ്റ്ററിൽ ചെക്ക്/ ഡി.ഡി എന്നിവ ക്രെഡിറ്റ് ചെയ്യേണ്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ചെക്ക്/ഡി.ഡി ഡെപ്പോസിറ്റ് ചെയ്ത തീയതി, ചെക്ക്/ഡി.ഡി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടോ, ഇല്ലയോ എന്നീ വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഡേറ്റ് ഓഫ് എൻകാഷ്മെന്റ് എന്ന കോളത്തിൽ യാതൊരുവിധ രേഖപ്പെടുത്തലും നടത്തിയിട്ടില്ല. തന്മൂലം ചെക്ക്/ഡിമാൻഡ് ഡ്രാഫ്റ്റ് മുഖേന സർവ്വകലാശാലയിൽ വരവ് വന്ന തുകകൾ പൂർണ്ണമായും സർവ്വകലാശാലയുടെ അക്കൗണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. പ്രസ്തുത രജിസ്റ്ററിൽ മേൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/2019-20/23.02.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 ക്യാഷ് ഡെപ്പോസിറ്റ് ചാർജ് ഈടാക്കൽ - വരുമാന നഷ്ടം

ഓരോ മാസത്തെയും ആദ്യ 5 പണമിടപാടുകൾ കഴിഞ്ഞുള്ള ഓരോ ഇടപാടുകൾക്കും 59/- രൂപ വീതം ബാങ്ക് അക്കൗണ്ടിൽ നിന്നും 'ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ്' ആയി ബാങ്ക് ഈടാക്കുന്നുണ്ട്. വിദ്യാർത്ഥികൾ ഫീസ് അടയ്ക്കുമ്പോൾ ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജ് ആയി സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നും തുക കുറവ് ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. സർവ്വകലാശാലക്ക് ലഭിക്കേണ്ട തുകയാണ് ഇപ്രകാരം ബാങ്ക് ചാർജ്ജ് ഇനത്തിൽ നഷ്ടപ്പെടുന്നത്. ചെലാൻ മാർഗ്ഗത്തിലൂടെ ഫീസ് അടയ്ക്കുന്ന വിദ്യാർത്ഥികൾ സ്വന്തം നിലയിൽ ബാങ്ക് ചാർജ്ജ് കൂടി അടവാക്കാത്തത് മൂലം ഈ നഷ്ടം സർവ്വകലാശാലയ്ക്ക് വന്നുചേരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ഒരു വരുമാനസ്രോതസ്സിനാണ് ഇതു മൂലം നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ ക്യാഷ് ഡെപ്പോസിറ്റ് ചാർജ്ജായി ഇൻഡസ്ട്രിയൽ ഫിഷറീസ് വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുള്ളത് 7080.00 രൂപയാണ്. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. ബാങ്ക് പാസ് ബുക്കിൽ നിന്നും തുക അടച്ച വിദ്യാർത്ഥികളുടെ ലഭ്യമായ വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമനം. | തീയതി | വിദ്യാർത്ഥികൾ അടവാക്കിയ തുക | ബാങ്ക് പാസ്ബുക്ക് പ്രകാരം തുക അടവാക്കിയ വിദ്യാർത്ഥിയുടെ പേര് | ബാങ്ക് ചാർജജായി ബാങ്ക് കുറവ് ചെയ്ത തുക |
|---|---|---|---|---|
| 1 | 30.05.2019 | 1885.00 | Damaris Benny Daniel | 59.00 |

| | | | | |
|---|---|---|---|---|
| 2 | 03.06.2019 | 2765.00 | - | 59.00 |
| 3 | 06.06.2019 | 1680.00 | - | 59.00 |
| 4 | 06.06.2019 | 1620.00 | Judine | 59.00 |
| 5 | 06.06.2019 | 1875.00 | Saranya | 59.00 |
| 6 | 06.06.2019 | 2905.00 | Sariga | 59.00 |
| 7 | 17.06.2019 | 240.00 | - | 59.00 |
| 8 | 20.06.2019 | 195.00 | - | 59.00 |
| 9 | 24.06.2019 | 1555.00 | Diana B | 59.00 |
| 10 | 24.06.2019 | 1555.00 | Anupama | 59.00 |
| 11 | 24.06.2019 | 1790.00 | Remisha | 59.00 |
| 12 | 26.06.2019 | 120.00 | Reshma | 59.00 |
| 13 | 27.06.2019 | 2660.00 | Anju | 59.00 |
| 14 | 01.07.2019 | 400.00 | Niveditha | 59.00 |
| 15 | 01.07.2019 | 400.00 | Gokula Rajesh | 59.00 |
| 16 | 01.07.2019 | 400.00 | - | 59.00 |
| 17 | 01.07.2019 | 400.00 | - | 59.00 |
| 18 | 01.07.2019 | 400.00 | - | 59.00 |
| 19 | 01.07.2019 | 400.00 | - | 59.00 |
| 20 | 01.07.2019 | 400.00 | - | 59.00 |
| 21 | 01.07.2019 | 400.00 | - | 59.00 |
| 22 | 02.07.2019 | 400.00 | Anudas | 59.00 |
| 23 | 02.07.2019 | 30.00 | - | 59.00 |
| 24 | 03.07.2019 | 800.00 | - | 59.00 |
| 25 | 05.07.2019 | 15000.00 | - | 59.00 |
| 26 | 05.07.2019 | 910.00 | - | 59.00 |
| 27 | 10.07.2019 | 6170.00 | Ameena Rasheed | 59.00 |
| 28 | 10.07.2019 | 1220.00 | Ansha Rajendran | 59.00 |
| 29 | 10.07.2019 | 62580.00 | - | 59.00 |
| 30 | 10.07.2019 | 62580.00 | - | 59.00 |
| 31 | 10.07.2019 | 15970.00 | - | 59.00 |
| 32 | 10.07.2019 | 15970.00 | - | 59.00 |
| 33 | 11.07.2019 | 91980.00 | - | 59.00 |
| 34 | 11.07.2019 | 15970.00 | Jose Paul George | 59.00 |
| 35 | 11.07.2019 | 6170.00 | - | 59.00 |
| 36 | 11.07.2019 | 450.00 | - | 59.00 |

| | | | | |
|---|---|---|---|---|
| 37 | 12.07.2019 | 200.00 | - | 59.00 |
| 38 | 15.07.2019 | 29120.00 | - | 59.00 |
| 39 | 15.07.2019 | 400.00 | - | 59.00 |
| 40 | 16.07.2019 | 210.00 | - | 59.00 |
| 41 | 16.07.2019 | 210.00 | - | 59.00 |
| 42 | 16.07.2019 | 210.00 | - | 59.00 |
| 43 | 16.07.2019 | 200.00 | - | 59.00 |
| 44 | 19.07.2019 | 5300.00 | - | 59.00 |
| 45 | 29.07.2019 | 50.00 | - | 59.00 |
| 46 | 08.08.2019 | 4430.00 | Revathy | 59.00 |
| 47 | 08.08.2019 | 4430.00 | - | 59.00 |
| 48 | 14.08.2019 | 1540.00 | - | 59.00 |
| 49 | 21.08.2019 | 1250.00 | - | 59.00 |
| 50 | 30.08.2019 | 1105.00 | Koushik | 59.00 |
| 51 | 17.09.2019 | 100.00 | - | 59.00 |
| 52 | 18.09.2019 | 3310.00 | - | 59.00 |
| 53 | 18.09.2019 | 1105.00 | - | 59.00 |
| 54 | 18.09.2019 | 8310.00 | - | 59.00 |
| 55 | 18.09.2019 | 40710.00 | - | 59.00 |
| 56 | 23.09.2019 | 700.00 | - | 59.00 |
| 57 | 23.09.2019 | 700.00 | - | 59.00 |
| 58 | 24.09.2019 | 700.00 | - | 59.00 |
| 59 | 24.09.2019 | 2000.00 | - | 59.00 |
| 60 | 24.09.2019 | 3300.00 | - | 59.00 |
| 61 | 24.09.2019 | 550.00 | - | 59.00 |
| 62 | 25.09.2019 | 120.00 | - | 59.00 |
| 63 | 26.09.2019 | 650.00 | - | 59.00 |
| 64 | 27.09.2019 | 1200.00 | - | 59.00 |
| 65 | 04.12.2019 | 3260.00 | - | 59.00 |
| 66 | 04.12.2019 | 2770.00 | Rajeswari | 59.00 |
| 67 | 04.12.2019 | 3130.00 | Rithinraj M | 59.00 |
| 68 | 04.12.2019 | 1800.00 | Jenson Victor | 59.00 |
| 69 | 05.12.2019 | 1720.00 | Anju P | 59.00 |
| 70 | 05.12.2019 | 1785.00 | - | 59.00 |
| 71 | 05.12.2019 | 39015.00 | - | 59.00 |
| 72 | 05.12.2019 | 3315.00 | Revathy K Nair | 59.00 |

| | | | | |
|---|---|---|---|---|
| 73 | 05.12.2019 | 3315.00 | - | 59.00 |
| 74 | 05.12.2019 | 200.00 | - | 59.00 |
| 75 | 05.12.2019 | 3315.00 | - | 59.00 |
| 76 | 05.12.2019 | 1720.00 | - | 59.00 |
| 77 | 05.12.2019 | 1670.00 | - | 59.00 |
| 78 | 05.12.2019 | 85500.00 | - | 59.00 |
| 79 | 05.12.2019 | 3260.00 | - | 59.00 |
| 80 | 05.12.2019 | 3260.00 | - | 59.00 |
| 81 | 05.12.2019 | 3260.00 | - | 59.00 |
| 82 | 05.12.2019 | 1770.00 | - | 59.00 |
| 83 | 06.12.2019 | 3260.00 | Chinnu S Raj | 59.00 |
| 84 | 06.12.2019 | 143055.00 | - | 59.00 |
| 85 | 09.12.2019 | 9615.00 | - | 59.00 |
| 86 | 09.12.2019 | 9615.00 | - | 59.00 |
| 87 | 09.12.2019 | 22435.00 | - | 59.00 |
| 88 | 09.12.2019 | 1300.00 | - | 59.00 |
| 89 | 09.12.2019 | 247095.00 | - | 59.00 |
| 90 | 09.12.2019 | 52160.00 | - | 59.00 |
| 91 | 09.12.2019 | 3260.00 | - | 59.00 |
| 92 | 09.12.2019 | 3380.00 | - | 59.00 |
| 93 | 10.12.2019 | 2740.00 | - | 59.00 |
| 94 | 11.12.2019 | 13075.00 | - | 59.00 |
| 95 | 11.12.2019 | 1790.00 | - | 59.00 |
| 96 | 12.12.2019 | 2005.00 | - | 59.00 |
| 97 | 13.12.2019 | 39085.00 | - | 59.00 |
| 98 | 13.12.2019 | 13075.00 | - | 59.00 |
| 99 | 13.12.2019 | 200.00 | - | 59.00 |
| 100 | 16.12.2019 | 1000.00 | - | 59.00 |
| 101 | 16.12.2019 | 1940.00 | - | 59.00 |
| 102 | 16.12.2019 | 1860.00 | - | 59.00 |
| 103 | 16.12.2019 | 3310.00 | - | 59.00 |
| 104 | 24.12.2019 | 1060.00 | Diana Benjamin | 59.00 |
| 105 | 24.12.2019 | 1040.00 | Anupama K M | 59.00 |
| 106 | 27.12.2019 | 1975.00 | - | 59.00 |
| 107 | 27.12.2019 | 2990.00 | - | 59.00 |
| 108 | 27.12.2019 | 1740.00 | - | 59.00 |

| | | | | |
|---|---|---|---|---|
| 109 | 27.12.2019 | 1765.00 | - | 59.00 |
| 110 | 30.12.2019 | 1040.00 | - | 59.00 |
| 111 | 30.12.2019 | 3005.00 | - | 59.00 |
| 112 | 31.12.2019 | 1320.00 | - | 59.00 |
| 113 | 10.01.2020 | 2600.00 | - | 59.00 |
| 114 | 13.01.2020 | 700.00 | - | 59.00 |
| 115 | 25.02.2020 | 50.00 | - | 59.00 |
| 116 | 25.02.2020 | 41230.00 | - | 59.00 |
| 117 | 25.02.2020 | 17870.00 | - | 59.00 |
| 118 | 25.02.2020 | 85475.00 | - | 59.00 |
| 119 | 27.02.2020 | 4450.00 | - | 59.00 |
| 120 | 28.02.2020 | 16875.00 | - | 59.00 |
| | ആകെ തുക | | | 7080.00 |

ചെലാൻ വഴി ഫീസ് അടക്കുന്ന വിദ്യാർത്ഥികൾ തന്നെ ബാങ്ക് ചാർജജ് കൂടി അടവാക്കുന്നതിനുവേണ്ട നടപടികളൊന്നും വകുപ്പധികാരികൾ ഓഡിറ്റ് നടത്തിയ തീയതിവരെ സ്വീകരിച്ചിട്ടില്ല. വിദ്യാർത്ഥികൾ ചെറിയ തുക അടവാക്കുമ്പോൾ പോലും 59/- രൂപ ബാങ്ക് ചാർജജായി ബാങ്ക് ഈടാക്കുന്ന അവസ്ഥയുണ്ട്. (ഉദാ: 25.02.2020 തീയതിയിൽ ചെലാൻ വഴി 50/- രൂപ പി ഡി അക്കൗണ്ടിൽ അടവാക്കിയതിന് 59/- രൂപ ബാങ്ക് ചാർജജ് ആയി ബാങ്ക് കുറവ് ചെയ്തിരിക്കുന്നു.) ഇത് സംബന്ധിച്ച് നൽകിയ 1/23.11.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേലിൽ ചെലാൻ വഴി ഫീസ് അടയ്ക്കുന്ന വിദ്യാർത്ഥികളിൽ നിന്നും 'ക്യാഷ് ഹാൻഡിലിങ് ചാർജജ്' ഇനത്തിൽ ഉൾപ്പെടുത്തി ബാങ്ക് ചാർജജ് വകകൊള്ളിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് വകുപ്പ് മേധാവി അറിയിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ് നോട്ട്സിന് 06.06.2022-ൽ വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ ' ക്യാഷ് ഹാൻഡിലിങ് ചാർജജ് ' ആയി ഈടാക്കുന്ന തുകകളിൽ കിഴിവ് ലഭ്യമാക്കുവാൻ സാധിക്കുകയില്ല എന്ന് ബന്ധപ്പെട്ട ബാങ്ക് മാനേജർ അറിയിച്ചിട്ടുണ്ടെന്നും വകുപ്പ് മേധാവി വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ബാങ്ക് ചാർജ്ജായി തുക നഷ്ടപ്പെടാതിരിക്കാനുള്ള നടപടി വകുപ്പ് മേധാവി സ്വീകരിക്കേണ്ടതാണ്.

## 2-4 വാടകയിൻമേലുള്ള ജി.എസ്.ടി തുക പിരിച്ചെടുത്തിട്ടില്ല

2019-20 സാമ്പത്തികവർഷത്തിൽ സർവ്വകലാശാല വ്യാവസായികാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വന്ന അക്ഷയ സെന്റർ, അഡ്മിനിസ്ട്രേറ്റീവ് കാന്റീൻ, മെയിൻ കാമ്പസിലെ നോഡൽ ഇ-ഹബ്ബ് എന്നീ സ്ഥാപനങ്ങളിൽ നിന്നും വാടകയിൻമേലുള്ള 18% ജി.എസ്.ടി തുക പിരിച്ചെടുത്തിട്ടില്ല. വിശദാംശം ചുവടെ.

| ക്രമ. നം. | സ്ഥാപനം | 2019-20 സാമ്പത്തിക വർഷം വാടക ഇനത്തിൽ ഈടാക്കിയ തുക | വാടകയിൻമേലുള്ള ജി.എസ്.ടി തുക (18%) |
|---|---|---|---|
| 1 | അക്ഷയ സെന്റർ | 1461x7 മാസം +1535x4 മാസം+1089 = 17,456 | 3,142 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് കാന്റീൻ | 1000 x 12= 12,000 | 2,160 |
| 3 | നോഡൽ ഇ-ഹബ്ബ് (മെയിൻ ക്യാമ്പസ്) | 11940x2 = 23,880 | 4,298 |
| | | ആകെ തുക | 9,600 |

2019-20 സാമ്പത്തിക വർഷത്തിൽ 9,600/- രൂപ ജി.എസ്.ടി ഇനത്തിൽ ഈടാക്കുവാനുണ്ട്. ഈ തുക പിരിച്ചെടുത്ത് ജി.എസ്.ടി വകുപ്പിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 യഥാസമയം വാടക വർദ്ധിപ്പിക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടായി

ജി.ഒ.(പി)നം.28/2019/ഫിൻ. , തീയതി 08.03.2019 ഉത്തരവ് പ്രകാരം ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾക്കുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവയിൽ 01.04.2019 മുതൽ 5% വർദ്ധനവ് വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സർവ്വകലാശാല പ്രസ്തുത ഉത്തരവ് യഥാസമയം നടപ്പാക്കിയിട്ടില്ല. കാലതാമസത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് പ്രകാരം വർദ്ധനവ് നടപ്പാക്കേണ്ടിയിരുന്ന തീയതി | സർവ്വകലാശാലക്ക് ലഭിക്കേണ്ട വിവിധ ചാർജ്ജുകൾ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിച്ച തീയതി | ഉത്തരവ് നമ്പർ |
|---|---|---|
| 01.04.2019 | 16.07.2019 | UEU/Accts/ Misc/ 11-12(PF) dated 16.07.2019 |

മേൽപ്പറഞ്ഞ ഉത്തരവിൽ പ്രാബല്യത്തീയതി 01.04.2019 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 01.04.2019 മുതൽ 16.07.2019 (ഉത്തരവ് പുറപ്പെടുവിച്ച തീയതി) വരെയുള്ള കാലയളവിൽ വർദ്ധനവ് വരുത്താത്ത പഴയ നിരക്കിലാണ് ഗസ്റ്റ് ഹൗസിൽ മുറിവാടക സ്വീകരിച്ചിട്ടുള്ളത്. ഇപ്രകാരം ചെയ്തതിനാൽ മുറി വാടക ഇനത്തിൽ സർവ്വകലാശാലക്കുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| മാസം | മുറി വാടക ഇനത്തിൽ ഗസ്റ്റ് ഹൗസിൽ ലഭിച്ച വരുമാനം (എ) | നഷ്ടം { (എ) യുടെ 5% } |
|---|---|---|
| ഏപ്രിൽ 2019 | 38,670.00 | 1,933.50 |
| മെയ് 2019 | 75,200.00 | 3,760.00 |
| ജൂൺ 2019 | 98,350.00 | 4,917.50 |
| ജൂലൈ 2019 (15.07.2019 വരെ) | 35,950.00 | 1,797.50 |
| **ആകെ** | | **12,408.50** |

യഥാസമയം വാടക വർദ്ധനവ് വരുത്തുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരുന്നതിനാൽ സംഭവിച്ച മേൽപ്പറഞ്ഞ നഷ്ടവും, മറ്റിനങ്ങളിലെ വരുമാന നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും കൂടി തിട്ടപ്പെടുത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പക്കൽ നിന്ന് ഈടാക്കി സർവ്വകലാശാല ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 വിവിധ വകുപ്പുകളുടെ ഇ - ഗ്രാന്റ്സ് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്

കേരളത്തിലെ എസ്.സി, എസ്.ടി, ഒ.ബി.സി കൂടാതെ സമൂഹത്തിലെ സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങളിലെ എല്ലാ പോസ്റ്റ് മെട്രിക് വിദ്യാർഥികൾക്കും വിദ്യാഭ്യാസ സഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള കേരള സർക്കാരിന്റെ സംവിധാനമാണ് ഇ - ഗ്രാന്റ്സ് (E – Grants). ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പൻഡ് (ഡേ സ്കോളേഴ്സ്), മെസ്സ് ചാർജ്, ലാപ്ടോപ് വാങ്ങുന്നതിനുള്ള സഹായം, അതോടൊപ്പം എല്ലാ വിധ ഫീസുകളും ഇ - ഗ്രാന്റ്സിൽ ഉൾപ്പെടുന്നു.

വിവിധ വകുപ്പുകളിൽ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ ഇ - ഗ്രാന്റ്സ് അക്കൗണ്ടുകളിലെ വരവ് ചെലവ് പരിശോധിച്ചതിൽ പ്രസ്തുത അക്കൗണ്ടുകളിൽ സാമ്പത്തിക വർഷാവസാനം വലിയ തുക നീക്കിയിരിപ്പ് ഉള്ളതായി വ്യക്തമാണ്. അർഹരായ വിദ്യാർത്ഥികൾക്ക് തുക കൃത്യമായി വിതരണം ചെയ്യാത്തത് മൂലവും ,ഫീസിനത്തിൽ ലഭ്യമായ തുകകൾ സർവ്വകലാശാലയിലേക്ക് യഥാസമയം കൈമാറാതിരുന്നതിനാലുമാണ് ഇപ്രകാരം വലിയ തുക വകുപ്പുകളുടെ ഇ -ഗ്രാന്റ്സ് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് വന്നിട്ടുള്ളത്. ഇ - ഗ്രാന്റ്സ് കൃത്യമായി വിദ്യാർഥികൾക്ക് വിതരണം ചെയ്യേണ്ടത് വകുപ്പ് മേധാവികളുടെ ഉത്തരവാദിത്വമാണ്. 2019 - 20 കാലയളവിൽ അർഹരായ വിദ്യാർഥികൾക്ക് കൃത്യമായി ഇ - ഗ്രാന്റ്സ് വിതരണം ചെയ്യാതെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. സർവ്വകലാശാലയുടേയും വിവിധ

വകുപ്പുകളുടേയും പി.ഡി.അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ളതും, വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നതുമായ ഇ - ഗ്രാന്റ്സ് സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കി നീക്കി ബാക്കി നിൽക്കുന്ന തുകകളിൽ വിദ്യാർഥികൾക്ക് നൽകേണ്ട തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലും, മെസ്സ് ചാർജ് വാർഡനും നൽകിയശേഷം ,ബാക്കി നിൽക്കുന്ന തുകയിൽ ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുവാനുള്ള തുക സർവ്വകലാശാല ഫണ്ടിലേക്കും ബാക്കി തുക അനുബന്ധ സർക്കാർ വകുപ്പിലേക്കും അടവാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുടെ 2019 - 20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നോട്സ് പ്രകാരം ഇ - ഗ്രാന്റ്സ് അക്കൗണ്ടിൽ ഒരു ലക്ഷത്തിൽ കൂടുതൽ തുക നീക്കിയിരിപ്പുള്ള വകുപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| ക്രമ നം. | സ്ഥാപനം | ഇ - ഗ്രാന്റ്സ് അക്കൗണ്ട് നം. | 2020 മാർച്ച് 31 ലെ നീക്കി ബാക്കി തുക |
|---|---|---|---|
| 1 | സ്കൂൾ ഓഫ് എൻജിനീയറിങ് | 30865774976 | 1,41,97,219.50 |
| 2 | കുസെക്ക്, കുട്ടനാട് | 30596972224 | 89,26,443.50 |
| 3 | ഇൻസ്ട്രുമെന്റേഷൻ വകുപ്പ് | 30845340294 | 10,14,238.10 |
| 4 | സ്കൂൾ ഓഫ് ഫോട്ടോണിക്സ് | 30835733071 | 5,88,537.76 |
| 5 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 30851380035 | 4,56,931.00 |
| 6 | കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് | 30851386195 | 4,32,990.00 |
| 7 | ഷിപ് ടെക്നോളജി വകുപ്പ് | 30848755057 | 4,06,301.50 |
| 8 | മാത്തമാറ്റിക്സ് വകുപ്പ് | 30847804143 | 3,37,867.00 |
| 9 | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് | 30848754359 | 2,57,696.50 |
| 10 | ഫിസിക്കൽ ഓഷ്യാനോഗ്രഫി വകുപ്പ് | 30856463417 | 2,37,129.50 |
| 11 | കമ്പ്യൂട്ടർ സയൻസ് വകുപ്പ് | 30851386195 | 2,29,901.00 |
| 12 | ബയോടെക്നോളജി വകുപ്പ് | 30851387064 | 1,89,950.00 |
| 13 | ഇലക്ട്രോണിക്സ് വകുപ്പ് | 3084745192 | 1,81,338.00 |
| 14 | അപ്ലൈഡ് കെമിസ്ട്രി വകുപ്പ് | 30847348702 | 1,65,118.00 |
| 15 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ് | 30851379325 | 1,54,613.00 |
| 16 | അപ്ലൈഡ് എക്കണോമിക്സ് വകുപ്പ് | 3084734829 | 1,15,659.00 |
| | ആകെ തുക | | 2,78,91,933.36 |

## 2-7 കുറഞ്ഞ പലിശനിരക്കിൽ പെൻഷൻ ഫണ്ട് നിക്ഷേപം.

സർവ്വകലാശാലയിലെ സ്വാശ്രയസ്ഥാപനങ്ങളായ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ്, കുസെക്, കെ.എം.എസ്.എം.ഇ. എന്നിവിടങ്ങളിലെ ജീവനക്കാരിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ആയി പിരിച്ചെടുക്കുന്ന തുക കുറഞ്ഞ പലിശ നിരക്കിൽ വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്നു. സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ ഫണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പെൻഷൻ ഫണ്ട് രജിസ്റ്റർ പ്രകാരം 6% മുതൽ 7% വരെയുള്ള നിരക്കിലാണ് പെൻഷൻ ഫണ്ടുകളിൽ നിന്നും ബാങ്കുകളിൽ സ്ഥിരനിക്ഷേപം നടത്തിയിട്ടുള്ളത്. പെൻഷൻ ഫണ്ടിൽ നിന്ന് തന്നെ ഈ കാലയളവിൽ സർക്കാർ ട്രഷറികളിൽ നിക്ഷേപിച്ച സ്ഥിര നിക്ഷേപങ്ങൾക്ക് 8.50 ശതമാനം പലിശ ലഭിച്ചിരുന്നു. സർവ്വകലാശാലയ്ക്ക് ഗുണകരമായ രീതിയിൽ കൂടുതൽ പലിശ ലഭിക്കുന്ന സർക്കാർ ട്രഷറികളിൽ പെൻഷൻ ഫണ്ട് നിക്ഷേപിക്കാതെ കുറഞ്ഞ പലിശനിരക്കിൽ ബാങ്കുകളിൽ നിക്ഷേപിച്ചത് അഭികാമ്യമല്ല. കുറഞ്ഞ പലിശ നിരക്കിൽ ബാങ്കുകളിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുള്ള പെൻഷൻ ഫണ്ട് ഇൻവെസ്റ്റ്മെന്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | എഫ്.ഡി നമ്പർ/ബാങ്ക് | ഡെപ്പോ-സിറ്റ് തുക | ഡെപ്പോ-സിറ്റ് തീയതി | മച്യൂരിറ്റി തീയതി | ലഭിക്കുന്ന തുക | പലിശ നിരക്ക് | |
|---|---|---|---|---|---|---|---|
| 1 | 37620201777 SBI | 7,77,03,968 | 28.03.2019 | 28.03.2020 | 8,30,42,406 | 7% | CUF പെൻഷൻ |
| 2 | 67397414149 SBI | 57,16,241 | 31.03.2019 | 31.03.2021 | 65,41,512 | 7% | CUF പെൻഷൻ |
| 3 | 67397414172 SBI | 56,42,963 | 31.03.2019 | 31.03.2021 | 64,57,655 | 7% | CUF പെൻഷൻ |
| 4 | 57285563551 SBI | 74,89,264 | 21.07.2017 | 05.08.2020 | 90,43,859 | 6% | KMSME പെൻഷൻ |
| 5 | 67292750495 SBI | 6,76,306 | 04.07.2018 | 03.06.2020 | 7,67,345 | 7% | KMSME പെൻഷൻ |
| 6 | 67397414229 SBI | 5,71,624 | 31.03.2019 | 31.03.2021 | 6,54,151 | 7% | CUF പെൻഷൻ |
| 7 | 67251260363 SBI | 7,79,336 | 31.07.2019 | 31.07.2022 | 9,51,251 | 6.70 % | KMSME പെൻഷൻ |
| 8 | 67315653037 SBI | 9,30,717 | 29.02.2020 | 28.02.2021 | 9,87,829 | 6% | KMSME പെൻഷൻ |
| 9 | 67287496784 SBI | 99,04,976 | 15.08.2017 | 30.08.2020 | 1,19,61,016 | 6.25 % | CUCEK പെൻഷൻ |
| 10 | 672877496911 SBI | 99,04,976 | 15.08.2017 | 30.08.2020 | 1,19,61,016 | 6.25 % | CUCEK പെൻഷൻ |
| 11 | 67287709839 | 99,04,976 | 15.08.2017 | 30.08.2020 | 1,19,61,016 | 6% | CUCEK |

| | | | | | | | |
|---|---|---|---|---|---|---|---|
| | SBI | | | | | | പെൻഷൻ |
| 12 | 67287710039 SBI | 99,04,976 | 15.08.2017 | 30.08.2020 | 1,19,61,016 | 6% | CUCEK പെൻഷൻ |
| 13 | 67292765832 SBI | 65,05,822 | 11.09.2017 | 26.09.2020 | 78,56,278 | 6.25 % | CUCEK പെൻഷൻ |
| 14 | 67292747212 SBI | 67,63,056 | 04.07.2018 | 03.06.2020 | 76,73,442 | 6.65 % | CUCEK പെൻഷൻ |
| 15 | 67303003658 SBI | 76,35,039 | 22.09.2018 | 22.08.2020 | 86,72,542 | 6.70 % | CUCEK പെൻഷൻ |
| 16 | 67303003783 SBI | 76,35,039 | 22.09.2018 | 22.08.2020 | 86,72,542 | 6.70 % | CUCEK പെൻഷൻ |

സർവ്വകലാശാലയുടെ പെൻഷൻ ഫണ്ടിൽ പലിശ ഇനത്തിൽ കൂടുതൽ തുക വരവ് വരുന്നതിലേക്കായി മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ ഏറ്റവും കൂടുതൽ പലിശ ലഭിക്കുന്ന ട്രഷറി നിക്ഷേപമാക്കി മാറ്റി നിക്ഷേപിക്കേണ്ടതാണ്.

## 2-8 കെ.വി.എം. കോളേജ് റിക്കഗ്നിഷൻ ഫീസ് അടവാക്കിയിട്ടില്ല

2019-20 വർഷത്തിൽ സർവ്വകലാശാലയുടെ കീഴിലുള്ള അംഗീകൃത സ്ഥാപനങ്ങൾ ഒമ്പതെണ്ണമാണ്. അതിൽ കെ.വി.എം. കോളേജ് ഓഫ് സയൻസ് & ടെക്നോളജി, ചേർത്തല ഒഴികെ മറ്റ് എട്ട് സ്ഥാപനങ്ങളിൽ നിന്നായി 1,03,38,790/- രൂപ റിക്കഗ്നിഷൻ ഫീസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കെ.വി.എം. കോളേജ് ഓഫ് സയൻസ് & ടെക്നോളജി- യിൽ നിന്ന് ലഭിക്കേണ്ട 12,76,280/-രൂപ നാളിതുവരെ സ്ഥാപനം അടവാക്കിയിട്ടില്ല. കെ.വി.എം. കോളേജ് ഓഫ് സയൻസ് & ടെക്നോളജി- യെ അംഗീകൃത സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കാനുള്ള സിൻഡിക്കേറ്റ് തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് സ്ഥാപനം ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോടതി കെ.വി.എം. കോളേജ് ഓഫ് സയൻസ് & ടെക്നോളജി- യെ അംഗീകൃത സ്ഥാപനമായി തുടരാൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ റിക്കഗ്നിഷൻ ഫീസ് ഇനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട 12,76,280/- രൂപ സ്ഥാപനത്തിൽ നിന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ആഭ്യന്തര വരുമാനത്തിൽ ആറ് കോടിയിലധികം രൂപയുടെ കുറവ്

2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചതു പ്രകാരം 2018-19 സാമ്പത്തികവർഷത്തെ അപേക്ഷിച്ച് ആഭ്യന്തര വരുമാനത്തിൽ 6,10,25,409/- രൂപയുടെ കുറവ് കാണുന്നു. അതായത് 2018-19 വർഷത്തെ ആഭ്യന്തര വരുമാനം 33,89,67,831/- ആയിരിക്കെ 2019-20 വർഷത്തിൽ ഇത് 27,79,42,422/- രൂപയായി കുറഞ്ഞിരിക്കുന്നു. ഇപ്രകാരം ഭീമമായ വരുമാനനഷ്ടം സംഭവിക്കാനുണ്ടായ കാരണവും ബന്ധപ്പെട്ട മേഖലകളും ഏതൊക്കെയാണെന്ന് വിശദമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 05.03.2022 ൽ ഓഡിറ്റ് എൻക്വയറി നം.8(1)/19-20 ഫിനാൻസ് ഓഫീസർക്കു നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം - 3

## ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യേണ്ടതാണ്.

ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീമതി.വി.സി.ശോഭിനി ഫയൽ ചെയ്ത WP(C)24090/17 നമ്പർ കേസിന്റെ വിധി 01.08.2018 ൽ പുറപ്പെടുവിച്ചു. വിധിന്യായത്തിൽ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്, സർവ്വകലാശാല ആക്ട് എന്നിവയിൽ ഭേദഗതി വരുത്താത്തതിനാൽ പരാതിക്കാരിക്ക് നൽകിയിട്ടുള്ള പ്രമോഷൻ നിയമപരമാണെന്നും, പ്രമോഷൻ തസ്തികയിലെ ശമ്പളം കണക്കാക്കി പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് സർവ്വകലാശാല ആക്റ്റ്, സ്റ്റാറ്റ്യൂട്ട് , എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നം.കെ.എസ്.എ 9478/എസ്.1/2017(2) തീയതി 12.11.2018 ആയി സർക്കാരിന് കത്ത് നൽകി. ഇതിന് മറുപടിയായി, ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്ത്, സ്റ്റാഫ് പാറ്റേൺ ക്രമീകരിച്ച ശേഷം ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 05.11.2019 ലെ 1019030/പി.ആർ.സി.ഡി.3/145/2018 ധന നമ്പർ കത്ത് പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിച്ചു.

ഈ കത്തിന്റെ പകർപ്പ് അതത് സർവ്വകലാശാലകൾക്ക് നൽകാനും തുടർ നടപടികൾ നിരീക്ഷിച്ച്,വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുഖ്യ കാര്യാലയത്തെ അറിയിക്കാനും 03.12.2019 ലെ കെ.എസ്.എ 4081/എസ്.1/2019 നം. കത്തിലൂടെ സർവ്വകലാശാല ഓഡിറ്റ് കാര്യാലയ മേധാവികൾക്ക് ബഹു.ഡയറക്ടർ നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കത്തിന്റെ പകർപ്പ് സഹിതം മേൽ വിഷയം സംബന്ധിച്ച തുടർ നടപടികൾ മുഖ്യ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി ഈ കാര്യാലയത്തെ അറിയിക്കാൻ ആവശ്യപ്പെട്ട് നം.കെഎസ്എ (എസ്.റ്റി.യു )എ 4-970/19 തീയതി 28.12.2019 പ്രകാരം കുസാറ്റ് രജിസ്ട്രാർക്ക് കത്തു നൽകുകയും മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് ഇതേ നമ്പരായി 16.01.2021, 24.02.2021, 03.04.2021 എന്നീ

തീയതികളിലായി ഓർമ്മക്കുറിപ്പുകൾ നൽകുകയും ചെയ്തു. എന്നിരുന്നാലും സർവ്വകലാശാല നാളിതുവരെ മേൽ വിഷയം സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്ത്, സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കേണ്ടതാണ്.

## 3-2 കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. കുസാറ്റിന്റെ അക്കൗണ്ടിൽ നിന്നും പിൻവലിച്ചു

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനമായ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗിൽ (KMSME) കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ഡോ.കെ.വി.ശശികുമാർ 21.05.2016 ന് കോൺട്രാക്ട് കാലാവധി പൂർത്തിയാക്കി സ്ഥാപനത്തിൽ നിന്നും പിരിഞ്ഞുപോയ ശേഷം തന്റെ 10 വർഷവും 4 മാസത്തെയും സേവനകാലത്തിന് ഡി.സി.ആർ.ജി ആവശ്യപ്പെട്ടിരുന്നതും, ലഭിക്കാതിരുന്ന സാഹചര്യത്തിൽ ലേബർ കോടതിയെ സമീപിച്ച് അനുകൂലമായ വിധി സമ്പാദിച്ചിരുന്നതുമാണ്.

തുടർന്ന് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 01.12.2020 ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം 6,05,769/- രൂപ ഡിമാന്റ് ഡ്രാഫ്റ്റായി (07.07.2021 ലെ ചെക്ക് നം. 119707/കണ്ടിജന്റ് ബിൽ നമ്പർ.165/21-22) കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതിന്റെ ചെലവ് കുസാറ്റിന്റെ ഡി.സി.ആർ.ജി അക്കൗണ്ട് ഹെഡ്ഡ് ആയ 2-01-0-Q-4-304 ഡി.സി.ആർ.ജി-യിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ സ്വാശ്രയ സ്ഥാപനമായ കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗിന്റെ പെൻഷൻ/ഡി.സി.ആർ.ജി എന്നിങ്ങനെയുള്ള ചെലവുകൾ/മറ്റു ബാധ്യതകൾ നേരിടുന്നതിന് പ്രത്യേകം അക്കൗണ്ട് ഹെഡ്ഡുകളും ഫണ്ടും ഉണ്ടായിരിക്കണമെന്ന് കൃത്യമായ നിർദ്ദേശം ഉണ്ടായിരിക്കെ കുസാറ്റ് ഡി.സി.ആർ.ജി. അക്കൗണ്ട് ഹെഡ്ഡിൽ നിന്നും ചെലവ് ചെയ്ത സാഹചര്യം സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ മേൽ ഡി.സി.ആർ.ജി.തുക കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗിന്റെ ഫണ്ടിൽ നിന്നും ,കുസാറ്റ് ഡി.സി.ആർ.ജി അക്കൗണ്ടിലേക്ക് തിരികെ നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം വിശദാംശങ്ങൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 06.12.2021-ലെ കെ.എസ്.എ.(എസ്.റ്റി.യു)-എ 5-291/2021 പ്രകാരം സർവ്വകലാശാല ഫിനാൻസ് ഓഫീസർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 ജീവനക്കാരുടെ ശമ്പള നിർണ്ണയം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

### 1. ശ്രീ. ഇബ്രാഹിം കുട്ടി പി.എം. , പ്രിന്റർ

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1997 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ഗ്രേഡ് അനുവദിക്കുന്നതിന് 10 വർഷം പൂർത്തിയാകേണ്ടതുണ്ടായിരുന്നു. ഈ ഉത്തരവ് പ്രാബല്യത്തിലുള്ള കാലയളവിൽ സർക്കാർ അംഗീകാരമില്ലാതെ സർവ്വകലാശാല നടപ്പാക്കിയിട്ടുള്ള ടെക്നിക്കൽ കേഡറിൽ ഉൾപ്പെടുത്തി ജീവനക്കാരന് 24.08.2002 -ൽ 4500-7000 എന്ന സ്കെയിലിൽ 7 വർഷ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രേഡ് നൽകിയതിലുള്ള അപാകം പരിഹരിച്ച് സർക്കാർ ഉത്തരവുകൾ പ്രകാരം ജീവനക്കാരന്റെ ശമ്പള നിർണ്ണയങ്ങൾ ക്രമീകരിച്ച് ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 02.02.2022 ലെ കെ.എസ്.എ.(എസ്.റ്റി.യു.)-എ 2-35/2022 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

### 2. ശ്രീ. ജയ്സൺ കെ.വി. സെക്ഷൻ ഓഫീസർ

കാലിക്കറ്റ് സർവ്വകലാശാലയിൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലായിരുന്ന ജീവനക്കാരൻ അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച് കൊച്ചി സർവ്വകലാശാലയിലെ ഏറ്റവും ജൂനിയറായി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ 01.02.2001 ൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ്. ടിയാളുടെ അവസാന ശമ്പളം സംരക്ഷിച്ചുകൊണ്ടാണ് കൊച്ചി സർവ്വകലാശാലയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് മുൻ സർവ്വകലാശാലയിൽ ഉണ്ടായിരുന്ന തസ്തിക വരെയുള്ള സ്ഥാനക്കയറ്റങ്ങൾക്ക് വീണ്ടും ശമ്പള നിർണ്ണയം അനുവദിക്കാൻ പാടില്ലായെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 04.05.2006-ൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി കൺവീനർക്ക് അയച്ച 33861/84/2005/H.Edn. നം. കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാരന് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ മേൽപ്പറഞ്ഞ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വീണ്ടും ശമ്പള നിർണ്ണയം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി അനുവദിച്ച ശമ്പള നിർണ്ണയം മൂലം ജീവനക്കാരന് അധികമായി ലഭിച്ചിട്ടുള്ള തുക ക്രമീകരിക്കണമെന്ന് ഈ കാര്യാലയത്തിൽ നിന്നുള്ള 29.12.2021 ലെ കെ.എസ്.എ.-(എസ്.റ്റി.യു.) എ 2-316/2021 നമ്പർ കത്ത് പ്രകാരം ഫിനാൻസ് ഓഫീസറോട് നിർദ്ദേശിച്ചിട്ടുണ്ട്.

### 3. സർക്കാർ ഉത്തരവിന് വിരുദ്ധമായി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുന്നു.

സ്വീപ്പർ-കം-ക്ലീനർ ജീവനക്കാരിൽ നിന്ന് പ്യൂൺ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അഡ്വാൻസ് ഇൻക്രിമെന്റ്

അനുവദിച്ചിട്ടുണ്ട്. വിവിധ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളത് ഫീഡർ കാറ്റഗറിയിൽ നിന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് മാത്രമാണ്. സ്വീപ്പർ-കം-ക്ലീനർ , പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറി അല്ലാത്തതിനാൽ മേൽപ്പറഞ്ഞ സ്ഥാനക്കയറ്റങ്ങളിൽ അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുന്നത് ചട്ടവിരുദ്ധമാണ്.

മുൻ റിപ്പോർട്ടുകളിൽ ഇതേ വിഷയം ഉന്നയിച്ചിട്ടുണ്ടെങ്കിലും പ്രശ്ന പരിഹാരത്തിനുള്ള യാതൊരു നടപടിയും സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. താഴെ ചേർക്കുന്ന ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിൽ മേൽ വിവരിച്ച അപാകത നിലനിൽക്കുന്നു. ആയത് പരിഹരിക്കേണ്ടതാണ്.

| ക്രമ നം. | ജീവനക്കാരുടെ പേര് | നിലവിലുള്ള തസ്തിക |
|---|---|---|
| 1 | റസിയ കെ.എം. | ലൈബ്രറി അസിസ്റ്റന്റ് |
| 2 | റോസി പി.എ. | ലബോറട്ടറി അസിസ്റ്റന്റ് |
| 3 | ഷീബ റ്റി.കെ. | അസിസ്റ്റന്റ് |

## 3-4 യു.ജി.സി/ എ.ഐ.സി.ടി.ഇ.ശമ്പളനിർണ്ണയത്തിലെ അപാകതകൾ

### 1. ഡോ.പി.ജി.റോമിയോ, പ്രൊഫസർ- മാത്തമാറ്റിക്സ് വകുപ്പ്. -

പ്രൊഫസർ ആയി നേരിട്ടുള്ള നിയമനം വഴി 14.02.2011 അപരാഹ്നത്തിൽ(എ.എൻ.) സേവനത്തിൽ പ്രവേശിച്ച ഡോ.പി.ജി.റോമിയോക്ക് ആദ്യത്തെ ഇൻക്രിമെന്റിന് അർഹത 01.07.2012 ൽ മാത്രമാണ്. എന്നാൽ ഇത് 01.07.2011-ൽ തന്നെ അനുവദിച്ചാണ് ശമ്പള നിർണ്ണയങ്ങൾ നടത്തിയിട്ടുള്ളത്. ഇതിനാൽ തുടർന്നുള്ള ശമ്പളങ്ങളിലും 2016 ശമ്പള പരിഷ്കരണത്തിലും സീനിയർ പ്രൊഫസർ ശമ്പള നിർണ്ണയത്തിലും അപാകത സംഭവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ 01.07.2011 മുതൽ ഉള്ള ശമ്പളങ്ങൾ ശരിയായി ക്രമീകരിച്ച് അധികം നൽകിയ തുകകൾ ഡ്യൂ -ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരികെ ഈടാക്കി രേഖകൾ സഹിതം ശമ്പള നിർണ്ണയ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. മേൽ വിവരം നം.കെ.എസ്.എ.(എസ്.റ്റി.യു.)എ-4-377/2021 തീയതി. 29.01.2022 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചിട്ടുണ്ട്.

### 2. ഡോ.ജയലത ഗോപാലകൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, പോളിമർ സയൻസ് & റബ്ബർ ടെക്നോളജി വകുപ്പ്(AICTE ശമ്പള നിർണ്ണയം )

പോളിമർ സയൻസ് & റബ്ബർ ടെക്നോളജി വകുപ്പിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ.ജയലത ഗോപാലകൃഷ്ണന്റെ 01.07.2010, 01.07.2012 എന്നീ തീയതികളിലെ ഇൻക്രിമെന്റ് റൗണ്ട് ചെയ്തതിൽ അപാകതയുണ്ട്. ഇതുമൂലം അടിസ്ഥാനശമ്പളത്തിൽ ,

01.07.2010 മുതൽ 10/- രൂപയും 01.07.2012 മുതൽ 20/- രൂപയും 24.1.2018 വരെ അധികം നൽകിയിട്ടുണ്ട്. 01.07.2010 നും 24.10.2018 നും ഇടയിലുള്ള ശമ്പള നിർണ്ണയത്തിലും മേൽ അപാകത പ്രതിഫലിച്ചിട്ടുണ്ട്. ഇൻക്രിമെന്റ് റൗണ്ട് ചെയ്തതിലെ അപാകതമൂലം അധികം നൽകിയ തുകകളുടെ വിവരങ്ങൾ ഡ്യൂഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരികെ ഈടാക്കേണ്ടതാണ്.മേൽ വിവരം നം.കെ.എസ്.എ.(എസ്.റ്റി.യു.)എ 4-84/2021(2) തീയതി. 19.02.2021 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചിട്ടുണ്ട്.

## 3. ഡോ.രാജേഷ് ജി., അസ്സോസിയേറ്റ് പ്രൊഫസർ, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് .

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ ഡോ.രാജേഷ് ജി. -യുടെ ശമ്പള നിർണ്ണയങ്ങൾ പരിശോധിച്ചതിൽ ഇദ്ദേഹത്തിന് 05.08.2018 പ്രാബല്യത്തിൽ 2010 യു.ജി.സി റഗുലേഷൻ പ്രകാരം പ്രൊഫസർ പ്രമോഷൻ അനുവദിച്ചതിൽ അപാകതയുണ്ട്.

ജി.ഒ(പി)നം.28/2019/H.Edn തീയതി.29.09.2019 പ്രകാരം 18.07.2018 പ്രാബല്യത്തിൽ 2018 യു.ജി.സി റഗുലേഷൻ (No.F1-2/2017 (EC/PS)Dtd.18.07.2018) അംഗീകരിച്ചിട്ടുള്ളതിനാൽ 18.07.2018 മുതലുള്ള പ്രമോഷനുകൾക്ക് 2018 യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള വ്യവസ്ഥകളാണ് ബാധകം. മേൽ സർക്കാർ ഉത്തരവ് കുസാറ്റിന്റെ Ad.D2/UGC/PR/2016 dtd:14.10.2019 പ്രകാരം സർവ്വകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 05.08.2018 പ്രാബല്യത്തിൽ 2010 യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള വ്യവസ്ഥകൾ പ്രകാരം ഡോ.ജി.രാജേഷ്, അസോസിയേറ്റ് പ്രൊഫസർക്ക്, പ്രൊഫസർ പ്രമോഷൻ അനുവദിച്ച സർവ്വകലാശാലയുടെ 16.11.2020 ലെ നം. CUSAT/AD(D).D3/2731/2020 ഉത്തരവ് അംഗീകരിക്കുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ 23.12.2020 ലെ CUSAT/FIN.A5/3097/2020 -ാം നം ഉത്തരവ് പ്രകാരം പ്രീ റിവൈസ്ഡ് സ്കെയിലിൽ 43250+10000AGP(അക്കാഡമിക് ഗ്രേഡ് പേ )(37400-67000+10000AGP)ആയി ശമ്പളം നിർണ്ണയിച്ചതും 2016 ശമ്പള പരിഷ്കരണ പ്രകാരം 5.8.18 ൽ 1,48,500 രൂപ ശമ്പളം നിർണ്ണയിച്ചതും തുടർന്ന് 1.7.2019 – 1,53,000/-രൂപ 01.07.2020- 1,57,600/-രൂപയും എന്നിങ്ങനെ ശമ്പളങ്ങൾ കണക്കാക്കിയത് അംഗീകരിക്കുന്നില്ല.

2018 യു.ജി.സി റെഗുലേഷൻ പ്രകാരം പ്രൊഫസർ പ്രമോഷനും ശമ്പള നിർണ്ണയവും ക്രമീകരിക്കേണ്ടതും 5.8.2018 മുതൽ അധികം നൽകിയ തുകകൾ ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരികെ ഈടാക്കിവിവരം അറിയിക്കേണ്ടതുമാണ്.

മേൽ വിവരം നം.കെ.എസ്.എ.എസ്.റ്റിയു എ-4-84/2021(3) തീയതി. 11.02.2021 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചിട്ടുണ്ട്.

## 4. ഡോ.സിനോയ് തോമസ്, അസിസ്റ്റന്റ് പ്രൊഫസർ- ഫിസിക്സ് വകുപ്പ്.

ഡോ.സിനോയ് തോമസ്, CSIR-നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി (NIIST) തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ DST-INSPIRE ഫാക്കൽട്ടി ആയി ജോലി ചെയ്തിരുന്ന 11.07.2013 മുതൽ 28.06.2017 വരെയുള്ള കാലയളവ് (3 വർഷം 11 മാസം 18 ദിവസം) യു.ജി.സി കരിയർ അഡ്വാൻസ്മെന്റ് സ്കീമിന് പരിഗണിച്ച ഉത്തരവ് നം.CUSAT/AD(D).D4/578/2020 തീയതി 27.2.2020 അംഗീകരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

1) CSIR ലെ അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യം ഈ സ്ഥാപനത്തിന് കീഴിലെ NIIST ക്ക് ബാധകമാക്കിക്കൊണ്ടുള്ള ഉത്തരവുകൾ/രേഖകൾ ഹാജരാക്കേണ്ടതാണ്.

2) 'DST-INSPIRE faculty' അസിസ്റ്റന്റ് പ്രൊഫസർ അഥവാ ലക്ചററുടെ തുല്യ പദവിയാണോയെന്ന് ഉറപ്പാക്കണം.( യു.ജി.സി റെഗുലേഷൻ 10.1(b) കാണുക.)

3) യു.ജി.സി റെഗുലേഷൻ 10.1(f) ii പ്രകാരമുള്ള സെലക്ഷൻ കമ്മറ്റി മുഖേനയാണോ ഡോ.സിനോയ് തോമസിനെ 'DST-INSPIRE faculty' ആയി CSIR-NIIST യിൽ നിയമിച്ചത് എന്നും വ്യക്തമാക്കണം.

മേൽ കാര്യങ്ങളിൽ വ്യക്തത വരുത്തി ഈ കാര്യാലയത്തെ അറിയിച്ച് അംഗീകാരം ലഭിക്കുന്നത് വരെ മുൻകാല സർവ്വീസിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ നൽകുന്ന നടപടികൾ നിർത്തിവയ്ക്കേണ്ടതാണ്. മേൽ വിവരം നം.കെ.എസ്.എ(എസ്.റ്റിയു)എ-4-366/2020(6) തീയതി. 25.08.2020-കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചിട്ടുണ്ട്.

## 5. ഡോ.പി.എ. ഉണ്ണികൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, അപ്ലൈഡ് കെമിസ്ട്രി വകുപ്പ്

കുസാറ്റിൽ നിന്നും 30.04.2019 ൽ വിരമിച്ച ഡോ.പി.എ.ഉണ്ണികൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസറുടെ ശമ്പള നിർണ്ണയങ്ങൾ പരിശോധിച്ചതിൽ ഇദ്ദേഹത്തിന്റെ അസോസിയേറ്റ് പ്രൊഫസർ പ്രമോഷൻ ക്രമപ്രകാരമല്ല .

2006 യു.ജി.സി ശമ്പള പരിഷ്കരണ ഉത്തരവ് ഖണ്ഡിക 6.1.12 പ്രകാരം അക്കാഡമിക് ഗ്രേഡ് പേ (AGP)8000 ൽ 3 വർഷം പൂർത്തിയാക്കുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് യു.ജി.സി നിഷ്കർഷിക്കുന്ന വ്യവസ്ഥകൾ പ്രകാരം 37400-67000+ AGP 9000 -ത്തിലേക്ക് മാറി 'അസോസിയേറ്റ് പ്രൊഫസർ' ഡെസിഗ്നേഷന് അർഹതയുണ്ട്. യു.ജി.സി റെഗുലേഷൻ ഖണ്ഡിക 6.4.7 പ്രകാരം ഇത്തരക്കാർക്ക് (Stage 4) അസോസിയേറ്റ് പ്രൊഫസർ

ആകുന്നതിന് പെർഫോമൻസ് ബേസ്ഡ് അസ്സസ്സ്മെന്റ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് സ്കോർ( API based PBAS )ആവശ്യമാണ്.

എന്നാൽ കേരള സർക്കാരിന്റെ ഹയർ എഡ്യൂക്കേഷൻ(C) വകുപ്പിന്റെ നം.25518/C3/10/ H.Edn തീ.18.01.2014 സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ ഡോ.പി.എ.ഉണ്ണികൃഷ്ണന്, പെർഫോമൻസ് ബേസ്ഡ് അസ്സസ്സ്മെന്റ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് സ്കോർ ഒഴിവാക്കി അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് III യിൽ AGP 8000 ൽ 3 വർഷം പൂർത്തിയാക്കിയ തീയതി ആയ 17.03.2013 ൽ അസോസിയേറ്റ് പ്രൊഫസർ ഡെസിഗ്നേഷൻ അനുവദിച്ച് 37400-67000+AGP 9000 അനുവദിച്ചു. എന്നാൽ ഈ സ്പഷ്ടീകരണം പ്രകാരം 2006 ശമ്പള പരിഷ്കരണ ഉത്തരവിലെ ഖണ്ഡിക 6.1.9, 6.1.10, 6.1.11 എന്നിവയിൽ പറയുന്ന സെലക്ഷൻ ഗ്രേഡ് ലെക്ചറർ/റീഡർമാർക്കാണ് ഇളവിന് അർഹത. ഇത് പ്രകാരം 01.01.2006 നും 30.06.2010 നും ഇടയിൽ സ്ഥാനക്കയറ്റം/നിയമനം ലഭിച്ചവർക്ക് പെർഫോമൻസ് ബേസ്ഡ് അസ്സസ്സ്മെന്റ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് സ്കോർ ആവശ്യമില്ല.

എന്നാൽ ഡോ.പി.എ.ഉണ്ണിക്കൃഷ്ണൻ മേൽ വിഭാഗത്തിൽ (6.1.9, 6.1.10,6.1.11) വരുന്ന അദ്ധ്യാപകനല്ല. കൂടാതെ ഇദ്ദേഹത്തിന്റെ അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് III ആയുള്ള പ്ലേയ്സ്മെന്റ്- ന് പെർഫോമൻസ് ബേസ്ഡ് അസ്സസ്സ്മെന്റ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് സ്കോർ(യു.ജി.സി 2010 റെഗുലേഷൻ) സ്വീകരിച്ചിട്ടുണ്ട്.

ആയതിനാൽ ഡോ.പി.എ.ഉണ്ണികൃഷ്ണന്റെ അസോസിയേറ്റ് പ്രൊഫസർ പ്ലേയ്സ്മെന്റ് അംഗീകരിക്കുന്നതിന് ഒന്നുകിൽ പെർഫോമൻസ് ബേസ്ഡ് അസ്സസ്സ്മെന്റ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ള അക്കാഡമിക് പെർഫോമൻസ് ഇൻഡക്സ് സ്കോർ യോഗ്യത ഉണ്ടായിരിക്കണം. അല്ലാത്തപക്ഷം കേരള സർക്കാരിന്റെ ഹയർ എഡ്യൂക്കേഷൻ (C) വകുപ്പിന്റെ 25518/C3/10/H.Edn തീയതി. 18.01.2014 സ്പഷ്ടീകരണം 01.01.2006 നും 30.06.2010 നും ഇടയിൽ പ്രമോഷനായ അസിസ്റ്റന്റ് പ്രൊഫസർ Stage III ക്കും ബാധകമാണെന്ന സർക്കാർ സ്പഷ്ടീകരണം വേണം.

മേൽ കാര്യത്തിൽ വ്യക്തത വരുത്തുന്ന മുറയ്ക്ക് മാത്രമേ ഡോ.പി.എ.ഉണ്ണികൃഷ്ണന്റെ അസോസിയേറ്റ് പ്രൊഫസർ പ്രമോഷൻ അംഗീകരിക്കുന്നതിനും തുടർന്നുള്ള ശമ്പള നിർണ്ണയങ്ങളും പ്രമോഷനും അംഗീകരിക്കുന്നതിനും നിർവ്വാഹമുള്ളൂ. മേൽ വിവരം നം.കെ.എസ്.എ.(എസ്.റ്റി.യു.)എ-4-405/2020 തീയതി. 25.08.2020 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചു.

## 6. ഡോ.മറിയാമ്മ ചാക്കോ, പ്രൊഫസർ, ഷിപ്പ് ടെക്നോളജി വകുപ്പ് (AICTE ശമ്പള നിർണ്ണയം )

1. ശ്രീമതി.മറിയാമ്മ ചാക്കോക്ക് റീഡർ ആയി നോംസ് പ്രമോഷൻ നൽകിയത് റദ്ദ് ചെയ്ത് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രമോഷനുകൾ ക്രമീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 09.09.1996 മുതൽ 31.12.2012 വരെ അധികം ശമ്പളം നൽകിയ ഇനത്തിൽ 2,76,582/-രൂപ തിരികെ അടവാക്കാൻ ആവശ്യപ്പെട്ട് Ad.D2/15785/90 തീയതി.05.11.13 പ്രകാരം രജിസ്ട്രാർ ഡോ.മറിയാമ്മ ചാക്കോക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ആയത് അടവാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ടി തുക അടവാക്കിയതിന്റെ രേഖ ഹാജരാക്കേണ്ടതാണ്.

2. ശ്രീമതി.മറിയാമ്മ ചാക്കോക്ക് പി.എച്ച്.ഡി. ലഭിക്കുന്നത് ഇദ്ദേഹം 37400-67000 പേബാന്റിൽ അസോസിയേറ്റ് പ്രൊഫസറായി തുടരുന്ന 11.05.2012 ൽ ആണ്. Fin V/F/AICTE/2011-12 തീയതി 11.09.2013 ഉത്തരവ് പ്രകാരം ഇദ്ദേഹത്തിന് പി.എച്ച്.ഡി. ലഭിച്ചതിന് 3 അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് 51430+9000 AGP = 60430 ശമ്പളം 11.05.2012 പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ 37400-67000 പേബാന്റിൽ ശമ്പളം വാങ്ങുന്നവർക്ക് പി.എച്ച്.ഡി ലഭിച്ചതിനുള്ള 3 അഡ്വാൻസ് ഇൻക്രിമെന്റുകൾക്ക് അർഹതയില്ല എന്ന് 4/1/2016 ലെ എ.ഐ.സി.ടി.ഇ, നോട്ടിഫിക്കേഷൻ ക്രമ നം.25 (iii) പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ 11.05.2012 ൽ ഡോ.മറിയാമ്മ ചാക്കോക്ക് പി.എച്ച്.ഡി നേടിയതിന് അനുവദിച്ച 3 അഡ്വാൻസ് ഇൻക്രിമെന്റുകൾ റദ്ദ ചെയ്യേണ്ടതും 11.05.2012 മുതലുള്ള ശമ്പളങ്ങൾ ശരിയായി ക്രമീകരിച്ച് അധികം നൽകിയ തുകകൾ ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി തിരികെ ഈടാക്കേണ്ടതുമാണ്.

3. ഡോ.മറിയാമ്മ ചാക്കോക്ക് 11.05.2012 പ്രാബല്യത്തിൽ പ്രൊഫസർ പ്രമോഷൻ അനുവദിച്ചിട്ടുണ്ട്. 18.04.2017 ൽ ചേർന്ന സെലക്ഷൻ കമ്മറ്റി 11.05.2012 പ്രാബല്യത്തിൽ പ്രൊഫസർ പ്രമോഷൻ റെക്കമെന്റ് ചെയ്തത് സ്കോപ്പസ് ഇൻഡക്സ്ഡ് നാഷണൽ/ ഇന്റർനാഷണൽ ജേണലിൽ ഒരു ക്വാളിറ്റി പേപ്പർ എങ്കിലും പ്രസിദ്ധീകരിക്കണം എന്ന വ്യവസ്ഥയോടെയാണ്. ഈ വ്യവസ്ഥ പൂർത്തീകരിച്ചത് 2018 ൽ മാത്രമാണ്. മേൽ സാഹചര്യത്തിൽ 01.01.2006 നും 11.05.2012 നും ഇടക്കുള്ള കാലയളവിൽ എ.ഐ.സി.ടി.ഇ 2012 റെഗുലേഷൻ പ്രകാരം പ്രൊഫസർ പ്രൊമോഷന് അവശ്യ യോഗ്യതയായി പറയുന്ന 5 പേപ്പർ പബ്ലിക്കേഷൻ ഉണ്ടോ എന്ന് സ്പഷ്ടീകരണം നൽകേണ്ടതാണ്. മേൽ വിവരം നം.കെ.എസ്.എ.(എസ്.റ്റി.യു.)എ 4-442/2021 തീയതി. 05.02.2022 കത്തിലൂടെ ഫിനാൻസ് ഓഫീസറെ അറിയിച്ചു.

## 3-5 ഓഡിറ്റിന്റെ അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നു

സർക്കാർ കത്ത് നം.10258/86/H.Edn dtd 05.04.1986, 18.04.1986 എന്നിവയിലെ നിർദ്ദേശ പ്രകാരം സർവ്വകലാശാലകളിലെ എല്ലാ ജീവനക്കാരുടേയും പെൻഷൻ ആനുകൂല്യങ്ങൾ ഓഡിറ്റ് വകുപ്പ് മുൻകൂർ പരിശോധന നടത്തി അംഗീകാരം നൽകേണ്ടതാണ്. പ്രസ്തുത കത്തിൽ പറഞ്ഞിരിക്കുന്നത് കേരള സർവ്വീസ് റൂൾസിലെ (KSR) പെൻഷൻ റൂൾസ്സാണ് സർവ്വകലാശാല ജീവനക്കാർക്ക് അനുവർത്തിക്കേണ്ടത് എന്നാണ്. KSR Part III, Vol.II Rule 113(b) (ii), 115(c)(iv) & 117 എന്നിവ പ്രകാരം ഓഡിറ്റ് എൻഫേസ്മെന്റിന്റെ ആവശ്യകത രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹു.എക്സാമിനർ, ലോക്കൽ ഫണ്ട് ഓഡിറ്റ് തന്റെ 13.12.1981 തീയതിയിലെ കത്ത് നം. LF.35636/SS1/81 പ്രകാരം സർക്കാർ ജീവനക്കാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് എൻഫേസ്മെന്റ് ആവശ്യമുള്ളതു പോലെ തന്നെ സർവ്വകലാശാല ജീവനക്കാരുടെ പെൻഷൻ നിർണ്ണയങ്ങൾക്കും ഓഡിറ്റ് എൻഫേസ്മെന്റ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത ബോധിപ്പിച്ചിട്ടുള്ളതാണ്. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ 29.9.2005 ലെ സിൻഡിക്കേറ്റ് മീറ്റിംഗിലെ ഇനം നം.492-06 പ്രകാരം 01.01.2006 മുതൽ സേവന പുസ്തകത്തിന്റെ പ്രീ-വെരിഫിക്കേഷനും ഓഡിറ്റ് എൻഫേസ്മെന്റും U.O.No.Fin IV/Pension/2005-06 dt:22.12.2005 പ്രകാരം പുന:സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ ഇതെല്ലാം അവഗണിച്ച് ഓഡിറ്റ് ശുപാർശയില്ലാതെ (തെറ്റായ പേ ഫിക്സേഷൻ ഈ ഓഫീസിൽ നിന്നും ചൂണ്ടിക്കാണിച്ചത് നിലനിൽക്കേ) പെൻഷൻ നിർണ്ണയങ്ങൾ സിൻഡിക്കേറ്റ് തീരുമാനത്തിന്റേയും ബഹു.വൈസ് ചാൻസലറുടെ തീരുമാനത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ നൽകുന്നത് തെറ്റായ നടപടിക്രമമാണ്. ഇത് സംബന്ധിച്ച പരാമർശങ്ങൾ മുൻ റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(i) ഓഡിറ്റ് അംഗീകാരമില്ലാതെ സിൻഡിക്കേറ്റ് തീരുമാനം പ്രകാരം ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ മുഴുവനായി നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക , വകുപ്പ് | വിരമിച്ച തീയതി | പെൻഷൻ ഉത്തരവ് നമ്പർ | അപാകങ്ങളുടെ വിവരം |
|---|---|---|---|---|
| 1 | സുരേഷ്.പി.കെ. സെക്ഷൻ ഓഫീസർ , അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 30.04.2020 | ഫിൻ IV/1041/ പി/2020 തീയതി 06.08.2020 | **<u>അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് ഒരേ തസ്തികയിൽ രണ്ട് തവണ ശമ്പള നിർണ്ണയം അനുവദിച്ചതിലെ അപാകത</u>**<br>അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച ജീവനക്കാർക്ക് പുതിയ സർവ്വകലാശാലയിലെ ബന്ധപ്പെട്ട വിഭാഗത്തിലെ ഏറ്റവും ജൂനിയറായാണ് ചേരുന്നതെങ്കിലും മുമ്പത്തെ |
| 2. | സജി.പി.ജെ. സെക്ഷൻ ഓഫീസർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 30.04.2020 | ഫിൻ IV/1042/ പി/2020 തീയതി 06.08.2020 | |

| | | | | |
|---|---|---|---|---|
| 3. | സാജൻ വി.എൽ<br>സെക്ഷൻ ഓഫീസർ<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 31.05.2020 | ഫിൻ IV/1051/ പി/2020 തീയതി 20.08.2020 | സർവ്വകലാശാലയിൽ ഉണ്ടായിരുന്ന ശമ്പളം സംരക്ഷിച്ച് നൽകുന്നുണ്ട്. ആയതിനാൽ പഴയ സർവ്വകലാശാലയിൽ വഹിച്ചിരുന്ന തസ്തിക വരെയുള്ള സ്ഥാനക്കയറ്റങ്ങൾക്ക് വീണ്ടും കെ.എസ്.ആർ. ചട്ടം റൂൾ 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയം അനുവദിക്കാൻ കഴിയില്ലായെന്ന് അന്തർ സർവ്വകലാശാല സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 04.05.2006 ൽ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി കൺവീനർക്ക് അയച്ച നം.33861/84/ 2005/ H.edn. കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് കൊച്ചി സർവ്വകലാശാല രജിസ്ട്രാറിന് അയച്ചിട്ടുള്ളതുമാണ്. അന്തർ സർവ്വകലാശാല സ്ഥലം മാറ്റം ലഭിച്ച് കൊച്ചി സർവ്വകലാ ശാലയിലേക്ക് വരുന്ന ജീവനക്കാർക്ക് മേൽപ്പറഞ്ഞ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി മുമ്പുണ്ടായിരുന്ന സർവ്വകലാശാലയിൽ നിന്ന് ലഭിച്ച സ്ഥാനക്കയറ്റങ്ങൾ ഇവിടെ ലഭിക്കുന്ന സമയത്തും റൂൾ 28 എ പ്രകാരം ശമ്പള നിർണ്ണയങ്ങൾ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ജീവനക്കാർക്ക് ഒരു തസ്തികയിൽ രണ്ട് തവണ ശമ്പള നിർണ്ണയം ലഭിക്കുന്ന സാഹചര്യമാണുള്ളത്. ഇപ്രകാരം ജീവനക്കാർക്ക് അനധികൃതമായി ശമ്പള നിർണ്ണയം നടത്തുന്നതിനാൽ കൊച്ചി സർവ്വകലാശാലയ്ക്ക് അധിക ബാധ്യതയാണ് ഉണ്ടായിരിക്കുന്നത്. |
| 4. | മോഹനൻ.പി.<br>അസിസ്റ്റന്റ് രജിസ്ട്രാർ (ഹ.ഗ്രേ)<br>പ്ലാനിംഗ് ഡിവിഷൻ<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 31.01.2021 | ഫിൻ IV/1079/ പി/2020 തീയതി 15.12.2020 | |
| 5. | ജയശ്രീ. എസ്.<br>ഓഫീസ് സൂപ്രണ്ട് | 31.03.2019 | ഫിൻ IV/1000/ പി/2020 തീയതി 06.11.2020 | |
| 6. | ശ്രീമതി. കൊച്ചുത്രേസ്യ. സി.ജെ., കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് | 31.01.2021 | ഫിൻ IV/1078/ പി/2021 തീയതി 14.10.2020 | |
| 7. | അനിൽ കെ.ആർ.<br>പൂൾ ഓഫീസർ,<br>അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 31.10.2020 | ഫിൻ IV/1065/ പി/2020 തീയതി 22.10.2020 | **സർക്കാർ ഉത്തരവിന് വിരുദ്ധമായി ശമ്പള നിർണ്ണയങ്ങൾ അനുവദിച്ചു**<br>സെക്ഷൻ ഓഫീസർ ( ടൈപ്പിസ്റ്റ്) , സെക്ഷൻ ഓഫീസർ ( ടൈപ്പിസ്റ്റ് ഹ.ഗ്രേ.) , പൂൾ ഓഫീസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം അവസാനിപ്പിക്കുന്നതിന് 2009 ശമ്പള പരിഷ്കരണ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി |

| | | | | |
|---|---|---|---|---|
| 8. | ശ്രീമതി. സജിത. കെ.എ), സെക്ഷൻ ഓഫീസർ, (ടൈപ്പിസ്റ്റ്) | 31.05.2020 | ഫിൻ IV/1054/ പി/2020 തീയതി 23.09.2020 | സർവ്വകലാശാല 03.08.2019 ലെ എ.ഡി.ജി.3/ഡബ്ല്യൂ.പി.(സി)/2011 നമ്പർ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം ഓഫീസ് സൂപ്രണ്ട് തസ്തികയുടെ ശമ്പള സ്കെയിലുകൾ പുനർ നിർണ്ണയിച്ചു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല ശമ്പള നിർണ്ണയം നടത്തിവരുന്നു. സർക്കാർ പുറപ്പെടുവിച്ച 2009 ശമ്പള പരിഷ്കരണ ഉത്തരവിന് വിരുദ്ധമായി സർവ്വകലാശാലയുടെ ശമ്പള നിർണ്ണയങ്ങൾ അംഗീകരിക്കുവാൻ സാധിക്കില്ലായെന്ന വിവരം സർവ്വകലാശാലയെ പല തവണ അറിയിച്ചെങ്കിലും നിലവിലും ഈ രീതി തുടരുന്നു. |
| 9. | ശാരദ സി.എ. ലാബ് അസിസ്റ്റന്റ് | 28.02.2021 | ഫിൻ IV/1082/പി/ 2021 തീയതി 02.02.2021 | **<u>നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുന്നു.</u>**<br><br>ഫീഡർ കാറ്റഗറിയിൽ നിന്നുള്ള സ്ഥാനക്കയറ്റങ്ങളിൽ നിലവിലുള്ള തസ്തികകളും , പ്രൊമോഷൻ തസ്തികയും ഒരേ ശമ്പള സ്കെയിലാകുന്ന സാഹചര്യത്തിലാണ് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കണമെന്ന് വിവിധ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ളത്. സ്വീപ്പർ-കം- ക്ലീനർ തസ്തിക പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറി ആണെന്ന് സർവ്വകലാശാലയുടെ ചട്ടങ്ങളിലോ , സ്റ്റാറ്റ്യൂട്ടിലോ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഫീഡർ കാറ്റഗറിയിൽ നിന്ന് അല്ലാത്ത സ്ഥാനക്കയറ്റമായിരുന്നിട്ടും പ്യൂൺ തസ്തികയിലേക്ക് സ്വീപ്പർ കം പീയൂൺ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് രണ്ട് തസ്തികകളുടേയും ശമ്പള സ്കെയിൽ ഒന്നാണ് എന്ന വസ്തുത പരിഗണിച്ച് അഡ്വാൻസ് ഇൻക്രിമെന്റ് ചട്ടവിരുദ്ധമായി അനുവദിച്ചു. |
| 10. | സെൽവ കുമാർ.കെ.കെ ഓഫീസ് അറ്റൻഡൻറ് ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റ്മോസ്ഫെറിക് സയൻസസ് | 31.10.2020 | ഫിൻ IV/1066/ പി/2020 തീയതി 19.10.2020 | |
| 11. | ജിജിമോൾ പി.എൻ. ഓഫീസ് അറ്റൻഡൻഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് മറൈൻ ബയോളജി , മൈക്രോ ബയോളജി & ബയോ കെമിസ്ട്രി | 31.10.2020 | ഫിൻ IV/1067/ പി/2020 തീയതി 22.10.2020 | |
| 12. | ചാന്ദിനിഎം.കെ. ലബോറട്ടറി അസിസ്റ്റന്റ് | 31.08.2021 | ഫിൻ IV/1115/പി/ 2021 തീയതി 12.08.2021 | |
| 13. | ലീലാമ്മ പി.വി. ഓഫീസ് അറ്റൻഡൻന്റ് | 31.05.2021 | ഫിൻ IV/1103/പി/ 2018 തീയതി 22.11.2021 | |
| 14. | മിനി പി.എസ്. ലബോറട്ടറി അസിറ്റന്റ് | 31.12.2021 | ഫിൻ IV/1122/പി/ 2021 തീയതി 18.11.2021 | |
| 15. | സ്റ്റീഫൻ വി.കെ. | 31.01.2021 | ഫിൻ | 1. 2004 ശമ്പള പരിഷ്കരണത്തിലെ |

| | | | | |
|---|---|---|---|---|
| | വെഹിക്കിൾ സൂപ്പർവൈസർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | | IV/1079/പി / 2021 തീയതി 15.12.2020 | ഓപ്ഷൻ തീയതി നൽകിയതിലെ അപാകത സംഭവിച്ചു.. വീണ്ടും ഓപ്ഷൻ തീയതി നൽകുന്നതിനായുള്ള സർക്കാർ അനുമതിയില്ലാതെ വീണ്ടും ഓപ്ഷൻ തീയതി നൽകി.<br>2. സർവ്വകലാശാല ഇറക്കിയിട്ടുള്ള 2004 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ജോലിയിൽ പ്രവേശിച്ച് 8 വർഷം പൂർത്തിയാകുമ്പോഴാണ് ആദ്യ ഗ്രേഡ് അനുവദിക്കാവുന്നതെങ്കിലും ജീവനക്കാരന് 7 വർഷം പൂർത്തിയായപ്പോൾ തന്നെ ആദ്യ ഗ്രേഡ് ഈ ഉത്തരവിന് വിരുദ്ധമായി അനുവദിച്ചിട്ടുണ്ട്.<br>3.ജീവനക്കാരന് അനുവദിച്ചിട്ടുള്ള ശമ്പള സ്കെയിലിലും അപാകതയുണ്ട്. |
| 16. | രവീന്ദ്രൻ സി.എസ്. വെഹിക്കിൾ സൂപ്പർവൈസർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് | 30.06.2021 | ഫിൻ IV/1114/പി/ 2021 തീയതി 03.01.2022 | |
| 17. | ആന്റണി തോമസ് ലബോറട്ടറി അസിസ്റ്റന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇലക്ട്രോണിക്സ് | 30.04.2019 | ഫിൻ IV/1005/പി / 2018 തീയതി 03.04.2021 | **റൂൾ 30 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനു പകരം റൂൾ 28 എ. പ്രകാരം ശമ്പള നിർണ്ണയം അനുവദിച്ചു**<br>ലബോറട്ടറി അസിസ്റ്റന്റ് , ലൈബ്രറി അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് ഒരേ ലിസ്റ്റിൽ നിന്നാണ് നിയമനം നടക്കുന്നത്. ആയതിനാൽ ലബോറട്ടറി അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ലൈബ്രറി അസിസ്റ്റന്റ് ആയുള്ള നിയമനങ്ങളിൽ അർഹതയുള്ള റൂൾ 30 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് പകരമായി റൂൾ 28 എ പ്രകാരമുള്ള ശമ്പളം നിർണ്ണയം അനുവദിച്ചിട്ടുണ്ട്. |
| 18. | പ്രഭാകരൻ പി. ലാബ് അസിസ്റ്റന്റ് ഡിപ്പാർട്ട്മെന്റ് ഓഫ് ഷിപ്പ് ടെക്നോളജി | 30.01.2016 | ഫിൻ IV/18/പി/ 2021 തീയതി 02.02.2021 | |

## (ii) കോടതി തീരുമാനപ്രകാരം ഓഡിറ്റ് അംഗീകാരമില്ലാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, വകുപ്പ് | വിരമിച്ച തീയതി | പെൻഷൻ ഓർഡർ നം | കുറിപ്പ് |
|---|---|---|---|---|
| 1 | ശ്രീമതി. മോളി. കെ. ജി. ഫോട്ടോകോപ്പിയർ /ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ | 28.02.2018 | ഫിൻ IV/947/ പി/2018 തീയതി 19.12.2019 **പെൻഷൻ റിവിഷൻ** | ഫീഡർ കാറ്റഗറിയിൽ നിന്നുള്ള സ്ഥാനക്കയറ്റങ്ങളിൽ നിലവിലുള്ള തസ്തികയ്ക്കും, പ്രൊമോഷൻ തസ്തികയ്ക്കും ഒരേ ശമ്പള സ്കെയിലാകുന്ന സാഹചര്യത്തിലാണ് ഒരു അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കണമെന്ന് വിവിധ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ |

| | | | | |
|---|---|---|---|---|
| 2. | ശ്രീമതി. ഹേമലത കെ. ഫോട്ടോകോപ്പിയർ /ഡ്യൂപ്ലിക്കേറ്റർ ഓപ്പറേറ്റർ | 31.10.2018 | ഫിൻ IV/986/ പി/2018 തീയതി 21.08.2020 **പെൻഷൻ റിവിഷൻ** | നിർദ്ദേശിച്ചിട്ടുള്ളത്. സ്വീപ്പർ-കം-ക്ലീനർ തസ്തിക പ്യൂൺ തസ്തികയുടെ ഫീഡർ കാറ്റഗറി ആണെന്ന് സർവ്വകലാശാലയുടെ ചട്ടങ്ങളിലോ , സ്റ്റാറ്റ്യൂട്ടിലോ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല. ഫീഡർ കാറ്റഗറിയിൽ നിന്ന് അല്ലാത്ത സ്ഥാനക്കയറ്റമായിരുന്നിട്ടും പ്യൂൺ തസ്തികയിലേക്ക് സ്വീപ്പർ കം ക്ലീനർ തസ്തികയിൽ നിന്നുള്ള സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് രണ്ട് തസ്തികകളുടേയും ശമ്പള സ്കെയിൽ ഒന്നാണ് എന്ന വസ്തുത പരിഗണിച്ച് അഡ്വാൻസ് ഇൻക്രിമെന്റ് ചട്ടവിരുദ്ധമായി അനുവദിച്ചു. |
| 3. | ഡോ .ശ്രീദേവി.എം.ജി. , ടെക്നിക്കൽ ഓഫീസർ ഗ്രേഡ് 1 (സീനിയർ സ്കെയിൽ), ഡിപ്പാർട്ടുമെന്റ് ഓഫ് അറ്റ്മോസ്ഫെറിക് സയൻസസ് | 31.07.2019 | ഫിൻ IV/1027/ പി/2019 തീയതി 21.08.2020 | CAS ( Career Advance Scheme ) നടപ്പാക്കുന്നത് സംബന്ധിച്ച് ബഹു.ഹൈക്കോടതി വിധിക്ക് എതിരെ സർക്കാർ നൽകിയിട്ടുള്ള അപ്പീൽ [ W.A.692/ 2020 ] തീർപ്പാക്കാത്തതിനാൽ ജീവനക്കാരിയുടെ ശമ്പള നിർണ്ണയങ്ങൾ അംഗീകരിച്ചിട്ടില്ല. |

(iii) ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നതിനാൽ ഓഡിറ്റ് അംഗീകാരമില്ലാതെ തന്നെ ജീവനക്കാർക്ക് പ്രൊവിഷണൽ/ആന്റിസിപ്പേറ്ററി പെൻഷൻ നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക, വകുപ്പ് | വിരമിച്ച തീയതി | പെൻഷൻ ഓർഡർ നം | കുറിപ്പ് |
|---|---|---|---|---|
| 1. | ഡോ. പി.എ. ഉണ്ണിക്കൃഷ്ണൻ, പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ് അപ്ലൈഡ് കെമിസ്ട്രി | 30.04.2019 | ഫിൻ IV/1006/ പി/2019 തീയതി 30.09.2020 | യു.ജി.സി.റെഗുലേഷൻ 2010 ഖണ്ഡിക 6.4.7 പ്രകാരം ആവശ്യമായ API based PBAS ഒഴിവാക്കി അസോസിയറ്റ് പ്രൊഫസർ പ്രമോഷൻ നല്കി. KSA (STU) A4 405/20 dtd 25.08.2020 പ്രകാരം ഓഡിറ്റ് ഒബ്ജക്ഷൻ നിലനിൽക്കുന്നു |
| 2. | ശ്രീ. ഹമീദ്. വി.കെ. ഇലക്ട്രീഷ്യൻ ഗ്രേഡ് 2, | 31.05.2020 | ഫിൻ IV/1055/ പി/2020 തീയതി | പെൻഷൻ കണക്കാക്കുന്നതിന് താമസം നേരിടുന്നതിനാൽ |

| | | | | |
|---|---|---|---|---|
| | എഞ്ചിനീയറിംഗ് ഡിപ്പാർട്ടമെന്റ് | | 03.11.2020 | എന്നാണ് ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. |

മേൽസൂചിപ്പിച്ച പ്രകാരമുള്ള അപാകതകൾ പരിഹരിക്കുന്നതിനും പെൻഷൻ നിർണ്ണയം ഓഡിറ്റ് എൻഫേസ്മെന്റിന് വിധേയമായി മാത്രം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് - കടബാധ്യത കൂടിവരുന്നു

പ്രോവിഡന്റ് ഫണ്ട് (പി.എഫ്.) അക്കൗണ്ടിന്റെ വരവു ചെലവു കണക്കുകൾ പരിശോധിച്ചതു പ്രകാരം സർവ്വകലാശാല ഫണ്ട്(CUF) ൽ തിരിച്ചടവ് നടത്തുന്നതിനുള്ള പി.എഫ്. അക്കൗണ്ടിന്റെ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത് 17,39,54,447/- രൂപയാണ്. (പതിനേഴ് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി അൻപത്തിനാലായിരത്തി നാനൂറ്റി നാൽപത്തി ഏഴു രൂപ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർവ്വകലാശാലാ ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട തുക (2019-20 -ലെ വാർഷിക ധനകാര്യപത്രിക പേജ് നം.100) | | | |
|---|---|---|---|
| 1 | 01.04.2019 ൽ സർവ്വകലാശാലാഫണ്ടിൽ അടവാക്കുവാനുള്ള തുക | : | 3,62,58,593 |
| 2 | 2019-20-ൽ സർവ്വകലാശാലാഫണ്ടിൽ നിന്നും പി.എഫ്-ലേക്ക് കൈമാറിയ തുക | : | 13,10,82,071 |
| 3 | 2019-20-ൽ ക്രെഡിറ്റ് ചെയ്ത തുക(പണമായിട്ടും ചെക്ക്/ഡി.ഡി.എന്നിവ മുഖേനയും) | : | 65,18,703 |
| 4 | സർവ്വകലാശാല ഫണ്ടിൽ നിന്നും 2019-20 -ൽ നടത്തിയ മറ്റ് ചെലവുകൾ | : | 0 |
| 5 | പണമാക്കാത്ത ചെക്കുകൾ (2019-20) | : | 95,080 |
| | **ആകെ** | : | **17,39,54,447** |

അതായത് സർവ്വകലാശാലാ ഫണ്ടിലേക്കുള്ള പി.എഫ്. അക്കൗണ്ടിന്റെ മുൻവർഷത്തെ ബാധ്യതയായി 3,62,58,593/-രൂപ നിലനിൽക്കുന്നതും, 2019-20 വർഷത്തിൽ പി.എഫ്

-മായി ബന്ധപ്പെട്ട് 13,76,95,854/- രൂപയുടെ ചെലവുകൾ സർവ്വകലാശാല ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ളതുമായാണ് കാണുന്നത്.

കൂടാതെ തൻവർഷത്തെ പി.എഫ്.വരവ് തുകയായ 13,23,12,764/- രൂപ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം സർവ്വകലാശാലാ ഫണ്ടിലേക്കുള്ള കടബാധ്യത കുറയ്ക്കുന്നതിനായി പ്രസ്തുത ഫണ്ടിൽ നിക്ഷേപിച്ചിട്ടുമുണ്ട്. എന്നാൽ മേൽപറഞ്ഞ കണക്കുകൾക്കുശേഷവും പി.എഫ്. അക്കൗണ്ടിന്റെ 2019-20 വർഷത്തെ സാമ്പത്തികനില പ്രകാരമുള്ള പൊരുത്തപ്പെടുത്തൽ രേഖകളിൽ 4,16,41,683/-രൂപ അന്തിമമായി സർവ്വകലാശാലാ ഫണ്ടിലേക്കുള്ള ബാധ്യതയായി നിലനിൽക്കുന്നതായാണ് വ്യക്തമാകുന്നത്.

അതായത് പി.എഫ്.അക്കൗണ്ടുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ ഫണ്ടിലേക്കുള്ള കടബാധ്യത ഓരോ വർഷവും കഴിയുമ്പോൾ കൂടിവരുന്നതായാണ് 2018-19, 2019-20 (യഥാക്രമം 3,62,58,593/-രൂപയും 4,16,41,683/-രൂപയും )വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത്തരമൊരു സാഹചര്യം എപ്രകാരമാണ് പരിഹരിക്കുക എന്നത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് 18.02.2022 -ലെ ഓഡിറ്റ് അന്വേഷണം നം.10/19-20 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട് സർവ്വകലാശാലാ ഫണ്ടിലേക്കുള്ള കടബാധ്യത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 ഗാർഹിക ടെലഫോൺ ബില്ലുകൾക്ക് സർവ്വകലാശാലാഫണ്ടിൽ നിന്നും തുക നൽകി- 12,172/-രൂപ സർവ്വകലാശാലാ ഫണ്ടിന് നഷ്ടം

ഗാർഹിക ടെലഫോൺ ബിൽ റീ-ഇമ്പേഴ്സ് ചെയ്ത് കൊടുക്കുന്നത് പൊതുഭരണവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ മേധാവികൾക്കും ഉന്നത ഉദ്യോഗസ്ഥർക്കുമാണെന്ന് 11.01.2005 ലെ സർക്കാർ ഉത്തരവ് (അ) നം.17/2005/ധന പ്രകാരവും 22.06.2016 ലെ സർക്കാർ ഉത്തരവ് (അ) നം. 87/2016/ധന പ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്. സർവ്വകലാശാലയിലെ വകുപ്പ് മേധാവികൾക്ക് പൊതുഭരണവുമായി യാതൊരു ബന്ധവുമില്ലാത്തതിനാൽ അത് അനുവദിച്ചു നല്കുവാൻ പാടില്ല എന്നും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 05.03.2018 ലെ എസ്.എസ്. 3/4/2018/ധന കത്തിൽ വ്യക്തമാക്കുന്നുണ്ട്. സർവ്വകലാശാലകളിലെ വൈസ് ചാൻസലർക്കും, രജിസ്ട്രാർക്കും മാത്രമേ ഈ ആനുകൂല്യങ്ങൾ നല്കുവാൻ പാടുള്ളൂ എന്നും ഈ കത്തിൽ വ്യക്തമാക്കുന്നു. 2019-20 വർഷത്തെ കണ്ടിജന്റ് ബില്ലുകൾ പരിശോധിച്ചതിൽ സർവ്വകലാശാലയിലെ വിവിധ വകുപ്പ് മേധാവികൾക്ക് ഗാർഹിക ടെലഫോൺ ബിൽ തുക അടച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വകുപ്പ് മേധാവിയുടെ പേര് ,വകുപ്പ് | ഗാർഹിക ടെലഫോൺ നമ്പർ | വൗച്ചർ നം | ബിൽ കാലയളവ് | തുക (₹) |
|---|---|---|---|---|---|
| 1 | ഡോ.പി. അരുണാചലം അപ്ലൈഡ് ഇക്കണോമിക്സ് | 0484-2577741 | 26/19-20 | 1.10.2018 മുതൽ 31.03.2019 വരെ | 3,336 |
| | | | 36/19-20 | 01.05.2019 മുതൽ 31.05.2019 വരെ | 556 |
| | | | 49/19-20 | 01.06.2019- മുതൽ 30.06.2019 വരെ | 556 |
| | | | 55/19-20 | 01.07.2019- മുതൽ 31.07.2019 വരെ | 556 |
| | | | 66/19-20 | 01.08.2019- മുതൽ 31.08.2019 വരെ | 556 |
| | | | 86/19-20 | 01.04.2019- മുതൽ 30.04.2019 വരെ | 556 |
| | | | | ആകെ | 6,116 |
| 2 | ഡോ.കെ.എ.സൈമൺ കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് | 0484-2700483 | 178/19-20 | 01.07.2019- മുതൽ 31.08.2019 വരെ | 1,538 |
| | | | | ആകെ | 1,538 |
| 3 | ഡോ.എ.മുജീബ് ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് | 9447419505 | 8/ISP/19-20 | 01.02.2019 മുതൽ 28.02.2019 വരെ | 470 |
| | | | 25/ISP/19-20 | 01.03.2019 മുതൽ 31.03.2019 വരെ | 500 |
| | | | 45/ISP/19-20 | 01.04.2019 മുതൽ 30.04.2019 വരെ | 471 |
| | | | 60/ISP/19-20 | 01.05.2019 മുതൽ 31.05.2019 വരെ | 475 |
| | | | 71/ISP/19-20 | 01.06.2019 മുതൽ 30.06.2019 വരെ | 473 |
| | | | | ആകെ | 2,389 |
| 4 | ഡോ.പി.ജി.റോമിയോ ഗണിതശാസ്ത്രവകുപ്പ് | 0484-2544135 | 50/19-20 | 01.03.2019 മുതൽ 30.04.2019 വരെ | 699 |

| | | | | | |
|---|---|---|---|---|---|
| | | | | 1.05.2019 മുതൽ 30.06.2019 വരെ | 719 |
| | | | | 1.07.2019- മുതൽ 31.08.2019 വരെ | 711 |
| | | | | ആകെ | 2,129 |

ആയതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള 12,172/- രൂപ (6116+1538+2389+2129) ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽ നിന്നും തിരികെ ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

സർവ്വകലാശാലയുടെ വിവിധ ആസ്തികളുടെ കൃത്യമായ രേഖപ്പെടുത്തലും പരിപാലനവും ഉറപ്പുവരുത്തുവാൻ ആസ്തി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടത് ആവശ്യമാണ്. സർവ്വകലാശാലയുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സമ്പ്രദായത്തിലേക്ക് കടക്കുന്ന എന്നതിനാൽ ആസ്തികളുടെ കൃത്യമായ കണക്കെടുപ്പും മൂല്യനിർണ്ണയവും ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനാൽ സ്ഥാപനങ്ങളിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററുകളിലെ അപാകത അടിയന്തിരമായി പരിഹരിക്കുന്നതിന് സർവ്വകലാശാല അധികാരികൾ നടപടി സ്വീകരിക്കേണ്ടതാണ്. സർവ്വകലാശാലയുടെ അഡ്മിനിസ്റ്റേറ്റീവ് ഓഫീസിലെയും മറ്റ് സ്ഥാപനങ്ങളിലെയും ആസ്തി രജിസ്റ്ററുകളുടെ പരിപാലനം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

### എ. അഡ്മിനിസ്റ്റേറ്റീവ് ഓഫീസ്

കൊച്ചി സർവ്വകലാശാലയുടെ അഡ്മിനിസ്റ്റേറ്റീവ് ഓഫീസിൽ നിലവിൽ ആസ്തിരജിസ്റ്റർ പരിപാലിക്കുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് റിക്വസിഷന് (നം.6/19-20 തീയതി.17.02.2022), സർവ്വകലാശാല 23.02.2022 ന് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത്, അഡ്മിനിസ്ട്രേഷൻ സി. സെക്ഷൻ ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നതായും, ഇ- വേസ്റ്റുകൾ , റിപ്പയർ ചെയ്യാൻ പറ്റാത്ത ഫർണിച്ചർ, ഉപയോഗ്യമല്ലാത്ത മറ്റ് ആസ്തികൾ എന്നിവ ഓഫീസിൽ നിന്നും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ച് വരികയാണെന്നും , മറ്റ് ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ സെക്ഷനുകളിൽ നിന്നും ശേഖരിച്ച് വരികയാണെന്നുമാണ്. ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതുകാരണം ഉപകരണങ്ങൾ/ആസ്തികളുടെ പരിപാലനം സംബന്ധിച്ചും, അവയുടെ വാറണ്ടി,റിപ്പയർ സംബന്ധിച്ചുമുള്ള വിവരങ്ങളുടെ കൃത്യത എന്നിവ പരിശോധിക്കുവാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട്

മാസത്തിനകം ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## ബി. എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

എഞ്ചിനീയറിംഗ് വകുപ്പിൽ എഴുതി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ ശരിയായ മാതൃകയിലുള്ളതല്ല. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സർവ്വകലാശാലയ്ക്ക് വിവിധ സ്ഥലങ്ങളിലായുള്ള സ്ഥലത്തിന്റെ വിവരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2.കെട്ടിടങ്ങൾ പണി പൂർത്തീകരിച്ച തീയതി, നിർമ്മാണ ചെലവ്, മെയിന്റനൻസുകളും എക്സ്റ്റെൻഷനുകളും നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3.കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിതിചെയ്യുന്ന മറൈൻ സയൻസ് ക്യാമ്പസ്, കുട്ടനാട് പുളിങ്കുന്നിലുള്ള കുസെക്ക് എന്നിവിടങ്ങളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4.സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസിലുള്ള കെട്ടിടങ്ങൾക്ക് നഗരസഭ നല്കുന്ന കെട്ടിട നമ്പർ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5.ആസ്തി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ യൂണിവേഴ്സിറ്റി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## സി. കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്

സ്റ്റോക്ക് രജിസ്റ്ററിന്റെ ഫോർമാറ്റിലുള്ള ഒരു രജിസ്റ്ററിലാണ് ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്. 2012 ന് ശേഷം പ്രസ്തുത രജിസ്റ്ററിൽ യാതൊരു വിധ രേഖപ്പെടുത്തലും നടത്തിയിട്ടില്ല. കൂടാതെ, സ്ഥാപനത്തിലെ വിവിധ ഉപകരണങ്ങൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതായും കാണുന്നു. സ്ഥാപനത്തിനെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട രജിസ്റ്ററായ ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനും സ്ഥാപനത്തിലെ വിവിധ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2, തീയതി. 12.01.2022) മറുപടി ലഭ്യമാക്കിയില്ല. ചുറ്റുമതിൽ ഇല്ലാത്ത സ്ഥാപനമായതിനാൽ ഉപകരണങ്ങൾ നഷ്ടപ്പെടാൻ സാധ്യത കൂടുതലാണ് എന്നതുകൊണ്ട് ആസ്തികളുടെ കൃത്യമായ നിർണ്ണയവും രേഖപ്പെടുത്തലും നടത്തേണ്ടതും ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ട്

മാസത്തിനകം ആസ്തിരജിസ്റ്റർ കൃത്യമായി തയ്യാറാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## ഡി. സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്

സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിച്ചിരിക്കുന്നത് നിർദ്ദിഷ്ട മാതൃകയിലല്ല. കൂടാതെ 11.03.2015 -ന ശേഷം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വരുത്തിയിട്ടുമില്ല. ഉപകരണങ്ങളുടെ പേര് വിവരം ആസ്തി രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഇൻഡെക്സ് ആയി രേഖപ്പെടുത്തി ഓരോ ഉപകരണങ്ങൾക്കും ആവശ്യമായ പേജുകൾ വിട്ടിട്ട് ആ ഭാഗത്ത് മാത്രം ആർജ്ജിക്കുന്ന ആസ്തി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ ചേർക്കുമ്പോൾ ആയതിന്റെ സ്പെസിഫിക്കേഷൻസ്, വില,ഗാരന്റി/വാറന്റി വിവരങ്ങൾ, ആയവ സൂക്ഷിച്ചിരിക്കുന്ന സ്ഥലം, റിപ്പയർ / എ.എം.സി. (ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ്)വിവരങ്ങൾ എന്നിവ കൂടി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.കൃത്യമായി വാറണ്ടി / എ.എം.സി. വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ, നിലവിൽ വാറണ്ടി / എ.എം.സി. ഉള്ള ഉപകരണങ്ങൾക്കാണോ റിപ്പയർ ചാർജ്ജ് ഇനത്തിൽ കണ്ടിജന്റ് ബില്ല് മുഖേന തുക നല്കുന്നതെന്ന് ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. മേൽപ്പറഞ്ഞ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

പ്രോജക്റ്റുകൾ പൂർത്തീകരിച്ചതിനു ശേഷം ആയതിന്റെ ഫണ്ടുപയോഗിച്ച് വാങ്ങിയിരിക്കുന്ന ഉപകരണങ്ങൾ വകുപ്പുകളിലേക്ക് കൈമാറിയിട്ടുണ്ടോ എന്നത് ഓഡിറ്റ് അന്വേഷണം നം.3/എസ്.ഐ.എഫ്/23.11.2021 പ്രകാരം ആരാഞ്ഞിരുന്നു. ആയതിനുള്ള മറുപടിയിൽ ഉപകരണങ്ങൾ വകുപ്പിൽ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ലാബിൽ ഉപകരണങ്ങൾ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇപ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിനൊപ്പം ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തണം. എന്നാൽ ആയത് ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്റ്റുകളുടെ ഭാഗമായി വാങ്ങുന്ന ഉപകരണങ്ങൾ, പ്രോജക്റ്റ് പൂർത്തീകരിക്കുന്ന മുറക്ക് വകുപ്പിന് കൈമാറേണ്ടതും ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതുമാണ്.

## ഇ. സ്കൂൾ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസ്

സ്കൂൾ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നത് കൃത്യമായ രീതിയിലല്ല. ഉപകരണങ്ങൾ വാങ്ങുന്ന ക്രമത്തിലാണ് ആസ്തി രജിസ്റ്ററിൽ എഴുതിപ്പോരുന്നത്. അതിനാൽ തന്നെ ഏതെങ്കിലും ഒരു ഉപകരണം ആസ്തി രജിസ്റ്ററിലുണ്ടോ എന്നറിയണമെങ്കിൽ രജിസ്റ്റർ മുഴുവനും പരിശോധിക്കേണ്ട അവസ്ഥയാണുള്ളത്. ഉപകരണങ്ങളുടെ പേര് വിവരം ആസ്തി രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഇൻഡെക്സ് ആയി രേഖപ്പെടുത്തി ഓരോ ഉപകരണത്തിനും ആവശ്യമായ പേജുകൾ വിട്ടിട്ട് ആ

ഭാഗത്ത് മാത്രം ആർജ്ജിക്കുന്ന ആസ്തി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ റിപ്പയർ / എ.എം.സി. വിവരങ്ങൾ രേഖപ്പെടുത്താൻ ആസ്തി രജിസ്റ്ററിൽ കോളമുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ നിലവിൽ ഈ ഭാഗത്ത് രേഖപ്പെടുത്തുന്നില്ല. ഉദാഹരണത്തിന് താഴെപ്പറയുന്ന ഉപകരണങ്ങൾക്ക് എ.എം.സി. എടുത്തതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | ഉപകരണം | കണ്ടിജന്റ് ബിൽ നമ്പർ | എ.എം.സി. യ്ക്കായി നൽകിയ തുക | എ.എം.സി. നൽകുന്ന സ്ഥാപനം |
|---|---|---|---|---|
| 1 | മഹീന്ദ്ര ജനറേറ്റർ | 83/20-21 | 10,620/- | കാവനാൽ എന്റർപ്രൈസസ്,കലൂർ |
| 2 | ലാബ്ലൈൻ ഓട്ടോക്ലേവ് | 83/20-21 | 14,160/- | ജെൻ ലാബ് ഇൻഡ്യ സർവ്വീസസ്,പൂത്തോട്ട |
| 3 | Inst - Autoclave | 84/20-21 | 14,750/- | ജെൻ ലാബ് ഇൻഡ്യ സർവ്വീസസ്,പൂത്തോട്ട |
| 4 | ലാമിനാർ ഫ്ലോ കാബിനറ്റ് | 95/20-21 | 14,750/- | ജെൻ ലാബ് ഇൻഡ്യ സർവ്വീസസ്,പൂത്തോട്ട |

കൃത്യമായി വാറണ്ടി / എ.എം.സി. വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ, നിലവിൽ വാറണ്ടി / എ.എം.സി. ഉള്ള ഉപകരണങ്ങൾക്കാണോ റിപ്പയർ ചാർജ്ജ് ഇനത്തിൽ കണ്ടിജന്റ് ബില്ല് മുഖേന തുക നല്കുന്നതെന്ന് ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.ആയതിനാൽ മേൽപ്പറഞ്ഞ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

### എഫ്. മറൈൻ ബയോളജി, മൈക്രോ ബയോളജി ആന്റ് ബയോ കെമിസ്ട്രി വകുപ്പ്

മറൈൻ ബയോളജി വകുപ്പിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നത് കൃത്യമായ രീതിയിലല്ല. ഉപകരണങ്ങൾ വാങ്ങുന്ന ക്രമത്തിലാണ് ആസ്തി രജിസ്റ്ററിൽ വിവരങ്ങൾ എഴുതിപ്പോരുന്നത്. ആസ്തികളുടെ എ.എം.സി. വിവരങ്ങൾ രേഖപ്പെടുത്താൻ ആസ്തി രജിസ്റ്ററിൽ കോളമുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ നിലവിൽ ഈ

ഭാഗത്ത് രേഖപ്പെടുത്തുന്നില്ല. താഴെപ്പറയുന്ന കണ്ടിജന്റ് ബില്ലുകൾ പ്രകാരം ഉപകരണങ്ങൾക്ക് എ.എം.സി. എടുത്തതിന്റെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | സി.ബി.നമ്പരും തീയതിയും | എ.എം.സി. എടുത്ത ഉപകരണത്തിന്റെ പേര് | എ.എം.സി. യ്ക്കായി നൽകിയ തുക |
|---|---|---|---|
| 1 | 201/19-20 | ഗ്യാസ് ക്രൊമാറ്റോഗ്രാഫ് | 64,900 |
| 2 | 202/19-20 | ഗ്യാസ് ക്രൊമാറ്റോഗ്രാഫ് | 64,900 |
| 3 | 203/19-20 | Biologic Duoflow Maxim 80 MP | 47,200 |

എ.എം.സി വിവരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### ജി. ഫിസിക്സ് വകുപ്പ്

ഫിസിക്സ് വകുപ്പിൽ തയ്യാറാക്കി സൂക്ഷിക്കുന്ന ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നത് കൃത്യമായ രീതിയിലല്ല. ഉപകരണങ്ങൾ വാങ്ങുന്ന ക്രമത്തിലാണ് ആസ്തി രജിസ്റ്ററിൽ എഴുതിപ്പോരുന്നത്. ആസ്തികളുടെ റിപ്പയർ വിവരങ്ങൾ രേഖപ്പെടുത്താൻ ആസ്തി രജിസ്റ്ററിൽ കോളമുണ്ടെങ്കിലും റിപ്പയർ വിവരങ്ങൾ നിലവിൽ ഈ ഭാഗത്ത് രേഖപ്പെടുത്തുന്നില്ല. ഉപകരണങ്ങൾക്കുള്ള വാറണ്ടി / എ.എം.സി. വിവരങ്ങളും, ആസ്തികൾ എവിടെയാണ് നിലവിൽ സൂക്ഷിച്ചിരിക്കുന്നതെന്ന വിവരവും രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല. കൃത്യമായി വാറണ്ടി / എ.എം.സി. വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ, നിലവിൽ വാറണ്ടി / എ.എം.സി. ഉള്ള ഉപകരണങ്ങൾക്കാണോ റിപ്പയർ ചാർജ്ജ് ഇനത്തിൽ കണ്ടിജന്റ് ബില്ല് മുഖേന തുക നല്കുന്നതെന്ന് ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.ആയതിനാൽ മേൽപ്പറഞ്ഞ വിവരങ്ങൾ ചേർത്ത് ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 വകുപ്പുകളിൽ പ്രോജക്ട് രജിസ്റ്റർ പരിപാലിക്കുന്നില്ല

സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ അദ്ധ്യാപകർ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെയും കൺസൾട്ടൻസി വർക്കുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ വകുപ്പുകളിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വകുപ്പുകളിലെ അദ്ധ്യാപകർക്ക് പ്രോജക്ടുകളും കൺസൾട്ടൻസി വർക്കുകളും സാംഗ്ഷൻ ചെയ്തു കൊണ്ട് സർവ്വകലാശാല ഉത്തരവ് ലഭിക്കുമ്പോൾ, വകുപ്പിന്റെ കാര്യാലയത്തിൽ ഒരു രജിസ്റ്റർ സൂക്ഷിച്ച് അതിൽ പ്രസ്തുത പ്രോജക്ട് / കൺസൾട്ടൻസി വർക്കുകളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയാണെങ്കിൽ വകുപ്പിൽ ഏതൊക്കെ പ്രോജക്ടുകൾ / കൺസൾട്ടൻസി വർക്കുകളാണ് നടപ്പാക്കുന്നതെന്ന്

കൃത്യമായ വിവരം ലഭിക്കുന്നതാണ്. വകുപ്പുകൾ കേന്ദ്രമാക്കി നടപ്പിലാക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ പ്രസ്തുത സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല എന്നത് ആശാസ്യമായ കാര്യമല്ല. എത്രയും വേഗം വകുപ്പുകളിൽ പ്രോജക്ട് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുവാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നല്കേണ്ടതാണ്.

## 3-10 മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

വിവിധ ആവശ്യങ്ങൾക്കായി നൽകുന്ന മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് അധ്യായം XII (VI)(6)(സി) പ്രകാരം മുൻകൂർ അനുവദിച്ച തീയതി മുതൽ മൂന്ന് മാസത്തിനകം ആയത് ക്രമീകരിക്കേണ്ടതാണ്. കൂടാതെ ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി) നം. 419/2011 തീയതി 04.10.2011-ലെ നിർദ്ദേശമനുസരിച്ച് മുൻകൂർ കൈപ്പറ്റിയ തീയതി മുതൽ 3 മാസത്തിനകം ക്രമീകരിക്കുന്നതിൽ വീഴ്ച വരുത്തിയാൽ 18% പലിശ ഈടാക്കേണ്ടതാണ്. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാവുന്നതാണെന്ന് ധനകാര്യ വകുപ്പിന്റെ 24.07.2012 ലെ സർക്കുലർ നമ്പർ. 43/12 ലും വ്യക്തമാക്കിയിട്ടുണ്ട്. ക്രമീകരിക്കാൻ ബാക്കി നിൽക്കുന്ന മുൻകൂറുകൾ 18% പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിലും വിവിധ വകുപ്പുകളിലും 2019-20 വർഷം അനുവദിച്ച മുൻകൂറുകളിൽ ഓഡിറ്റ് തീയതി വരെ ക്രമീകരിച്ചിട്ടില്ലാത്ത മുൻകൂറുകളുടെ വിവരം ***അനുബന്ധം-6 ൽ*** ചേർത്തിട്ടുണ്ട്.

## 3-11 വൈകി ക്രമീകരിക്കുന്ന മുൻകൂറുകൾക്ക് പിഴപ്പലിശ ഈടാക്കുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡിലെ 99 (1), (2), (3) ചട്ടങ്ങൾ പ്രകാരവും, ധനകാര്യ വകുപ്പിന്റെ 04.10.2011 ലെ ജി.ഒ.(പി)നം.419/2011 പ്രകാരവും മൂന്ന് മാസത്തിന് ശേഷം ക്രമീകരിക്കുന്ന മുൻകൂറുകൾക്ക് മുൻകൂർ എടുത്ത തീയതി മുതൽ തിരിച്ചടക്കുന്ന തീയതി വരെ 18 ശതമാനം പിഴപ്പലിശ ഈടാക്കേണ്ടതാണ്. ഇപ്രകാരം പിഴപ്പലിശ ഈടാക്കാത്ത മുൻകൂറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| മുൻകൂർ തുക | മുൻകൂർ സ്വീകരിച്ച ഉദ്യോഗ സ്ഥന്റെ പേര് | വകുപ്പ് | മുൻകൂറിന്റെ ആവശ്യം | എസ്.ആർ .നം. | അനുവദിച്ച ഉത്തരവ് നം. | സ്വീകരിച്ച തീയതി | തിരിച്ചടച്ച തീയതി/ റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 216000 | ഡോ. റെനി കുമാർ എ.കെ. | ഫിസിക്സ് | ഫെല്ലോഷിപ്പ് നൽകുന്നതിന് | 03/2019-20 / 08.04.19 | PLB3/1171/17 / 16.08.2017 | 06.05.19 | 11.03.2020 (കണ്ടിജന്റ് ബിൽ) |
| 65000 | | | ട്രാവൽ ഗ്രാന്റ് | 19 / 19-20, തീ:06.09.19 | | 25.09.19 | 09.07.2020 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | (ടോക്കൺ നമ്പർ) |
| 70000 | ഡോ.സരിത ജി.ഭട്ട് | ബയോ ടെക്നോളജി | കണ്ടിജൻസി ഗ്രാന്റ് | 20 / 19-20, തീ: 06.09.19 | PLB1/6057/ 2016 / 28.06.19 | 25.09.19 | (അസി. രജിസ്ട്രാർ ഇനീഷ്യൽ ചെയ്ത തീ : 23.10.2020) |
| 147000 | | | ഫെലോഷിപ്പ് | 21/19-20 / 06.09.19 | | 25.09.19 | 06.10.20 (ടോക്കൺ നമ്പർ) |
| 497393 | | | കണ്ടിജൻസി റിസർച്ച് ഗ്രാന്റ് | 06/19-20 തീ: 04.02.20 | AC.U/012493/ 22.01.20 | 24.02.20 | 16.11.20 (ടോക്കൺ നമ്പർ) |
| 36000 | ഡോ. എം.ഭാസി | സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി | പ്രൊഫ. എം.വി. പൈലി എൻഡോവ്മെന്റ് | 01/19-20 തീ: 11.12.19 | CUSAT/AC (B)B3.586/19// 18.11.19 | 18.12.19 | 17.06.2021 (കണ്ടിജന്റ് ബിൽ) |
| 2823420 | ഡോ. വൽസമ്മ ജോസഫ് | നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് | ഇൻഡോ-യു.എസ്. പ്രോജക്ടിനായി | 4 / 19-20 , തീ: 22.05.19 | PLB2/2051/15/ തീ: 6.10.15 | 31.05.19 | 20.01.2021 (കണ്ടിജന്റ് ബിൽ) |
| 75000 | | | ഓണറേറിയം , അലവൻസ് നൽകുന്നതിന് | 48 / 19-20 തീ : 15.02.20 | NCAAH/allowance/2019-20 | 07.03.20 | 17.02.2021 (കണ്ടിജന്റ് ബിൽ) |
| 71000 | ഡോ.കെ. മോഹൻകുമാർ | അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫറിക് റഡാർ റിസർച്ച് | ഓവർ ഹെഡ് ചാർജ്ജ് - CEFIPRA പ്രോജക്ട് | 4 / 19-20 തീ : 01.04.19 | PLB3/13821/1b തീ : 19.11.16 | 16.05.19 | 22.07.2021 |
| 300000 | ഡോ. സക്കറിയ കെ.എ. | ഡി.ഡി.യു കൗശൽ കേന്ദ്ര | ഗവേഷണം നടത്തുന്നവർക്കുള്ള പ്രതിഫലം നൽകുന്നതിന് | 03/19-20 , തീ: 05.09.19 | CUSAT/PL(UGC)A1/255/19 , തീ : 26.09.19 | 26.09.19 | 01.07.2021 |
| 375000 | | | | 4/49-20 തീ : 15.09.19 | | 26.09.19 | 01.07.2021 |

| | | | | | | | |
|---|---|---|---|---|---|---|---|
| 100000 | ഡോ.കെ. അജിത | റെജിസ്ട്രാർ , കുസാറ്റ് [ ഡോ. കെ. അജിത] | നാഷണൽ സെമിനാറിന്റെ ചെലവുകൾക്ക് | 03 /19-20 തീ: 02.03.20 | CUSAT/PL (UGC)A3/225/19 തീ : 27.01.20 | 04.03.20 | 16.09.2021 |
| 75000 | ഡോ.എം. ഭാസി | ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐ.പി. ആർ സ്റ്റഡീസ് | നാഷണൽ സെമിനാറിന്റെ ചെലവുകൾക്ക് | 1 / 19-20 തീ: 06.01.20 | CUSAT/PL (UGC)A2/33/20 തീ : 04.01.20 | 27.01.20 | 08.12.2020 |
| 150000 | ഡോ.കെ. ശ്രീകുമാർ | അപ്ലൈഡ് കെമിസ്ട്രി | കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ് (KSCSTE) പ്രോജക്ടിനായി | 105 / 2019-20 തീ:13.06.19 | PLB3/16830 /17 , തീ: 18.12.17 | 03.07.19 | 19.06.2020 |
| 50000 | | | | 107 / 2019-20 തീ:13.06.19 | | | |
| 28740 | | | | 108 / 2019-20 തീ:13.06.19 | PLB3/16830 /17 , തീ: 15.12.17 | 03.07.19 | 19.06.2020 |
| 19160 | | | | 109 / 2019-20 തീ :13.06.19 | | | |
| 264000 | | | | 106 / 2019-20 തീ :13.06.19 | | 16.07.19 | 19.06.2020 |
| 225000 | ഡോ.കല ആർ. | അപ്ലൈഡ് കെമിസ്ട്രി | DST-SERB പ്രോജക്ടിനായി | 113 / 2019-20 തീ :19.06.19 | PLB3/4993/18 , തീ: 23.04.18 | 25.07.19 | 05.06.2020 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2729320 | ഡോ. സജീവൻ റ്റി.പി. | നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് | DBT പ്രോജക്ടിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി | 05 / 2019-20 തീ:24.05.19 | PL(B)A2/98 /19 , തീ: 23.04.18 | 03.08.19 | 03.07.2020 |

മുകളിൽ കാണിച്ചിരിക്കുന്ന മുൻകൂറുകൾ വൈകി ക്രമീകരിച്ചതിന് പിഴപ്പലിശ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. എ 2/17/2019-20/25.02.2022) മറുപടി ഹാജരാക്കിയില്ല. ബാധകമായ പിഴപ്പലിശ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 റേഡിയോ ഫ്രീക്വൻസി ഐഡെന്റിഫിക്കേഷൻ സിസ്റ്റം നടപ്പിലാക്കൽ -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

സർവ്വകലാശാല ലൈബ്രറിയുടെ പ്രവർത്തനം അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സംസ്ഥാന സർക്കാർ അനുവദിച്ച 830 ലക്ഷം രൂപയിൽ 50 ലക്ഷം രൂപ ലൈബ്രറിയുടെ പ്രവർത്തനം പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിനും മാനുഷിക ഇടപെടലുകൾ കൂടാതെ റേഡിയോ ഫ്രീക്വൻസി ഐഡെന്റിഫിക്കേഷൻ ടെക്നോളജി (ആർ.എഫ്.ഐ.ഡി) ഉപയോഗിച്ച് എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുമായി വകയിരുത്തിയിരുന്നു. ഈ പദ്ധതി 2018 ഏപ്രിൽ മാസം ആരംഭിച്ചതാണെങ്കിലും നിലവിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിൽ സംഭവിച്ച അപാകതകൾ താഴെ വിശദീകരിക്കുന്നു.

ആർ.എഫ്.ഐ.ഡി സിസ്റ്റം നടപ്പിലാക്കുന്നതിനായി ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട ലിബ്സിസ് ലിമിറ്റഡ് (Haryana) യുമായി 38,36,350/-രൂപയ്ക്കാണ് ടെണ്ടർ ഉറപ്പിച്ചിരുന്നത്. കരാർ പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1) മിനിമം 3 വർഷം വാറന്റി ഉറപ്പാക്കിയിട്ടുള്ളതും ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നടപ്പിലാക്കുന്നതിനായി 15%/വർഷം + ആർ.എഫ്.ഐ.ഡി. ഉപകരണത്തിൻ മേലുള്ള സർവ്വീസ് ടാക്സ് നൽകേണ്ടതുമാണ്.
2) സിസ്റ്റം സ്ഥാപിച്ച്, വിജയകരമായി പ്രവൃത്തി (Installation, implementation & Successful running) പൂർത്തിയാക്കുന്ന മുറയ്ക്ക് 50% കരാർതുക കരാറുകാരന് അനുവദിയ്ക്കണം. (ആദ്യ ഗഡു).

3) വിജയകരമായി പണിപൂർത്തിയാക്കിയതിനുശേഷം അടുത്ത 2- മാസം പ്രശ്നങ്ങൾ കൂടാതെ സുഗമമായി പ്രവർത്തിപ്പിക്കാൻ കഴിയുകയും (Operational stability of the system) ചെയ്യുന്നതായി ഉറപ്പുവരുന്ന പക്ഷം 30% തുക കൂടി അനുവദിക്കേണ്ടതാണ്. (രണ്ടാം ഗഡു)

4) ആർ.എഫ്.ഐ.ഡി സിസ്റ്റം വിജയകരമായിപ്രവർത്തിക്കുകയും, സിസ്റ്റം/യന്ത്രം പ്രവർത്തനം ആരംഭിച്ച തീയതിമുതൽ 6-മാസം പൂർത്തിയാകുന്നതുവരെ പൂർണ്ണമായും പ്രശ്നരഹിതമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന പക്ഷം ബാക്കി 20% തുക കൂടി കരാറുകാരന് അനുവദിക്കുക (മൂന്നാം ഗഡു) എന്നതായിരുന്നു കരാർ പ്രകാരമുള്ള നിബന്ധനകൾ.

10.04.2018 ന് കരാർ പ്രകാരമുള്ള പ്രവൃത്തി ആരംഭിക്കുകയും 20.04.2018 ന് പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചതിനെ തുടർന്ന് കരാർ നിബന്ധനകൾ പ്രകാരം 50% തുകയായ 1918175/- രൂപ 16/01/2019 ലെ ചെക്ക് നം.585855 പ്രകാരം ലിബ്സിസ് ലിമിറ്റഡ്(Libsys Ltd )ന് കൈമാറിയിരുന്നു. എന്നാൽ ഈ അവസരത്തിൽ കരാർ നിബന്ധനകൾക്കനുസരിച്ചുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ടായിരുന്നില്ല എന്നതാണ് കരാർ നിബന്ധനകളിൽ നിന്നും വ്യക്തമാകുന്നത്.

സിസ്റ്റം പ്രവർത്തനം ആരംഭിച്ച് കുറച്ച് ദിവസങ്ങൾക്കകം തന്നെ ചില തകരാറുകൾ കണ്ടെത്തിത്തുടങ്ങുകയും തുടർന്ന് കമ്പനിയെ വിവരം അറിയിച്ചുവെങ്കിലും യാതൊരു അനുകൂല നടപടിയും ഉണ്ടായില്ല എന്ന വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അവസരത്തിൽ കമ്പനി 2-ാം ഗഡു തുകയായ 11,50,905/-രൂപ (ടെണ്ടർ തുകയുടെ 30% തുക) നൽകുന്നതിന് ആവശ്യപ്പെടുകയാണ് ഉണ്ടായത്. തുടർന്ന് സിസ്റ്റത്തിന്റെ പ്രവർത്തനം കൂടുതൽ തകരാറുകളിലേക്ക് നീങ്ങുകയും 12.03.2018 ന് ലിബ്സിസ് ലിമിറ്റഡ്- ഉം സർവ്വകലാശാലയും തമ്മിൽ ഉണ്ടായിരുന്ന കരാർ റദ്ദാക്കുകയും ചെയ്യുകയുണ്ടായി. ഇതേത്തുടർന്ന് മേൽ കമ്പനി 01.12.2019 ന് സോഫ്റ്റ്‌വെയർ ലൈസൻസ് പിൻവലിച്ചിരുന്നു. സർവ്വകലാശാലയുംലിബ്സിസ് ലിമിറ്റഡ്- ഉം തമ്മിലുള്ള തർക്കങ്ങൾക്കൊടുവിൽ കമ്പനി ബഹുമാനപ്പെട്ട ഹരിയാന മൈക്രോ ആൻഡ് സ്മോൾ ഇൻഡസ്ട്രീസ് ഫെസിലിറ്റേഷൻ കൗൺസിൽ മുൻപാകെ ഒരു ആർബിട്രേഷൻ ഫയൽ ചെയ്യുകയുണ്ടായി. തുടർനടപടികൾ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിലേക്കായി 02.03.2022-ലെ കെ.എസ്.എ.(എസ്.റ്റി.യു)-എ-5-12/2022 പ്രകാരം സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ സർവ്വകലാശാല രജിസ്ട്രാറുടെ 02.06.2022 ലെ LA.1/Claim Application No. 1438/2019- ാം നമ്പർ ഉത്തരവിൽ നിലവിലെ അവസാന ഹിയറിംഗ് 07.05.2022 ന് നടന്നിട്ടുള്ളതും ഈ അവസരത്തിൽ കരാറുകാരന് നൽകുവാൻ ബാക്കിനിൽക്കുന്ന 50% തുകയിൽ 40% തുക നൽകുന്നപക്ഷം കമ്പനി എൻജിനീയർ സർവ്വകലാശാലയിലെത്തി

പിഴവുകൾ പരിഹരിക്കുന്നതാണെന്നും ബാക്കി 10% തുക സിസ്റ്റം പ്രശ്നങ്ങൾ കൂടാതെ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം നൽകിയാൽ മതിയെന്നും ആർബിട്രേറ്റർ മുൻപാകെ സമ്മതിച്ചിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. മേൽ നടപടിക്രമങ്ങളുടെ ഭാഗമായി വക്കീൽ ഫീസിനത്തിൽ ചെലവ് വന്ന തുകയും സർവ്വകലാശാലയ്ക്ക് വഹിക്കേണ്ടതായി വന്നിട്ടുണ്ട്.

ആർ.എഫ്.ഐ.ഡി സിസ്റ്റം സർവ്വകലാശാലാ ലൈബ്രറിയിൽ നടപ്പിലാക്കുന്നതിന് ശ്രമിച്ചതുമായി ബന്ധപ്പെട്ട മേൽ വിവരങ്ങൾ അടിസ്ഥാനമാക്കിയുള്ള അഭിപ്രായം ചുവടെ രേഖപ്പെടുത്തുന്നു.

1) കൊച്ചി സർവ്വകലാശാലയെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ അനുവദിച്ച ഗ്രാന്റ് ഉപയോഗിച്ച് നടത്തിയ സർവ്വകലാശാല ലൈബ്രറിയുടെ യന്ത്രവൽക്കരണ (Automation) ത്തിന്റെ ഭാഗമായ ആർ.എഫ്.ഐ.ഡി സിസ്റ്റത്തിന്റെ നിലവിലെ സ്ഥിതി പരിശോധിക്കുമ്പോൾ, 01.12.2019 ന് കരാറുകാരൻ സോഫ്റ്റ്‌വെയർ ലൈസൻസ് റദ്ദാക്കിയതോടെ കേവലം ഒരു ഹാർഡ്‌വെയർ മാത്രം അവശേഷിക്കുന്ന അവസ്ഥയിലാണ് നിലകൊള്ളുന്നത്.

2) ടെണ്ടർ നടപടികൾ പ്രകാരം ഒരു സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും കരാർ ഉറപ്പിക്കുകയും ചെയ്യുന്ന വേളയിൽ പ്രസ്തുത സ്ഥാപനത്തിന് സമാനമായ പ്രോജക്റ്റ്/പ്രവൃത്തി നടത്തുന്നതിലുള്ള മുൻപരിചയം എത്രത്തോളം ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് ടെക്നിക്കൽ കമ്മിറ്റി/വർക്ക് അവാർഡിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. കൊച്ചി സർവ്വകലാശാലപോലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അതായത് വിവിധ സയൻസ്/ടെക്നോളജി വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനം എന്ന നിലയിൽ ഒരു ലക്ഷത്തിൽ കൂടുതൽ ബുക്കുകളും വിവിധ ജേർണലുകളും, തുല്യമായ എണ്ണം ആനുകാലിക പ്രസിദ്ധീകരണങ്ങൾ റിസർച്ച് ഡാറ്റാ എന്നിവയും പതിനായിരത്തിലധികം ഉപഭോക്താക്കളും ഉൾപ്പെടുന്ന സർവ്വകലാശാലാ ലൈബ്രറിയുടെ മുഴുവൻ പ്രവർത്തനങ്ങളും ആർ.എഫ്.ഐ.ഡി സിസ്റ്റം വഴി യാന്ത്രികമാക്കുക എന്ന ദൗത്യം പ്രാവർത്തികമാക്കുന്നതിന് ലിബ്സിസ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രാപ്തമായിരുന്നില്ല എന്നതാണ് ഫയൽ പരിശോധിച്ചതുപ്രകാരം വ്യക്തമാകുന്നത്.

3) ആർ.എഫ്.ഐ.ഡി സിസ്റ്റം നടപ്പിലാക്കുന്ന സമയത്ത് നിരവധി തവണ ലൈബ്രറിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് മാറ്റം വന്നിട്ടുള്ളതായി ലൈബ്രറിയുടെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥ സമർപ്പിച്ച കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത്തരം ഒരു സാഹചര്യം നിലനിൽക്കുമ്പോൾ പ്രത്യേകിച്ചും ആർ.എഫ്.ഐ.ഡി സിസ്റ്റം എന്ന പുതിയ ഒരു സംവിധാനം

കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർക്ക് പ്രാവീണ്യം നേടുന്നതിനും ഒപ്പം കരാറേറ്റെടുത്തു നടത്തിയ കമ്പനിക്ക് ഇതിന്റെ പ്രവർത്തന സ്ഥിരത സ്വയം ബോധ്യപ്പെടുന്നതിനും കമ്പനിയുടെ (Libsys Ltd.) ഒരു പ്രതിനിധി കുറച്ചു നാളത്തേക്ക് സർവ്വകലാശാലയിൽ തുടരുക എന്നത് അനിവാര്യമായിരുന്നു. എന്നാൽ പണിപൂർത്തിയാക്കി എന്നറിയിച്ച് 20.04.2018 ന് ടെക്നിക്കൽ കമ്മറ്റി മുൻപാകെ ഡെമോൺസ്ട്രേഷൻ നടത്തിയപ്പോഴോ 23.04.2018 ന് ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ ഒപ്പുവച്ചപ്പോഴോ കമ്പനി പ്രതിനിധിയെ കുറച്ചുകാലം കൂടി സർവ്വകലാശാലയിൽ നിലനിറുത്തുന്നതിന്റെ പ്രാധാന്യം ഉറപ്പുവരുത്തിയില്ല.

സർവ്വകലാശാലക്കുണ്ടായ മറ്റു നഷ്ടങ്ങളിലേക്ക് കടക്കുമ്പോൾ സാമ്പത്തികനഷ്ടവും അക്കാഡമിക് തലത്തിലുള്ള നഷ്ടവും സംഭവിച്ചതായി വിലയിരുത്തുന്നു. ലൈബ്രറിയുടെ പ്രവർത്തനത്തിന് ഇത് വലിയതോതിൽ തടസ്സം സൃഷ്ടിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. കൂടാതെ പ്രശ്നം കോടതി വ്യവഹാരങ്ങളിലേക്ക് നീങ്ങിയതുമൂലം ആർബിട്രേറ്റർക്ക് കെട്ടിവച്ച തുകയും (20,000/-രൂപ) കേരളത്തിനകത്തും പുറത്തും ഇതുമായി ബന്ധപ്പെട്ട നിയമക്കുരുക്കുകൾ കൈകാര്യം ചെയ്യുന്ന വകയിൽ അഡ്വ.മാലിനി പൊതുവാൾ (സുപ്രീം കോടതി അഡ്വക്കേറ്റ്) ന് 16.12.2021 ലെ LA1/payments to SC/2021 (സർവ്വകലാശാല രജിസ്ട്രാറുടെ 16.12.2021 ലെ ഉത്തരവ് ) പ്രകാരം 80,000/- രൂപയും ചെലവ് ചെയ്തിട്ടുണ്ട്. കൂടാതെ കേസ് (Arbitration) ഇപ്പോഴും തുടരുന്ന അവസ്ഥയിലാണ് നിലകൊള്ളുന്നത്.

കേരള സർക്കാർ വ്യക്തമായ ഉദ്ദേശ ലക്ഷ്യത്തോടെ സർവ്വകലാശാലയ്ക്ക് അനുവദിച്ച തുക , ജാഗ്രതക്കുറവും സമയബന്ധിതമായ ഇടപെടലുകളുടെ അഭാവവും മൂലം നഷ്ടപ്പെടുത്തിയ നിലയിലെത്തിയതു സംബന്ധിച്ച് സർവ്വകലാശാല അവലോകനം നടത്തേണ്ടതും ഇതുപോലെ വളരെയേറെ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ടെണ്ടർ ഉറപ്പിക്കുന്നതിനു മുൻപായി സ്ഥാപനത്തിന്റെ മുൻ പരിചയം, പ്രവൃത്തി നടപ്പിലാക്കാനുള്ള ശേഷി എന്നിവ വിദഗ്ധ സമിതി ഉറപ്പാക്കേണ്ടതുമാണ്. ആർ.എഫ്.ഐ.ഡി സിസ്റ്റത്തിലെ പിഴവുകൾ അടിയന്തിരമായി പരിഹരിക്കേണ്ടതും പ്രസ്തുതവിവരം സമയബന്ധിതമായി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-13 മുൻകുറുകളുടെ ക്രമീകരണം- പിഴപ്പലിശയും ഇൻകം ടാക്സ് ഇനത്തിൽ ഉറവിടത്തിൽ കുറവ് ചെയ്യേണ്ട തുകയും ഒഴിവാക്കിക്കൊടുത്തു

കേന്ദ്ര സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിന്റെ പ്രോജക്ട് സർവ്വകലാശാലയുടെ അറ്റ്മോസ്ഫിയറിക് സയൻസ് വിഭാഗത്തിൽ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് "Installation of electrics for the electrical power distribution for ST

RADAR building at CUSAT" എന്ന പ്രവൃത്തി എഫ്.എ.സി.ടി-യുടെ എഞ്ചിനീയറിംഗ് ആന്റ് ഡിസൈൻ ഓർഗനൈസേഷനായ ഫെഡോ (FEDO) ക്ക് നൽകിയതിന്റെ ഭാഗമായി 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി 3,15,65,604/-രൂപ മുൻകൂറായി പ്രസ്തുത കമ്പനിക്ക് അനുവദിച്ചിരുന്നു.

ഫയൽ നം. Audit D/Misc/2016 പ്രകാരം മേൽ പ്രോജക്ടിന്റെ 23.08.2011 ലെ ഇംപ്ലിമെന്റേഷൻ ഓർഡർ നം. PLBI/685/2011 അനുസരിച്ച് പ്രോജക്ട് കാലാവധി 11.07.2016 വരെ ആയിരുന്നു. എന്നാൽ ഈ പ്രവൃത്തിയ്ക്കായുള്ള മുൻകൂർ തുകയായ 3,15,65,604/-രൂപയുടെ ക്രമീകരണം നടത്തിയിട്ടുള്ളത് 27.01.2021 നാണ്. അതായത് 4 വർഷവും 6 മാസവും വൈകിയാണ് മുൻകൂർ ക്രമീകരിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന രണ്ട് കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

I) പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം യാതൊരു കാരണവുമില്ലാതെ നാലര വർഷം വൈകി, നിയമാനുസൃതമായ പിഴപ്പലിശ ഈടാക്കാതെ, മുൻകൂറുകൾ ക്രമീകരിക്കുന്നതിന് അനുമതി നല്കിയത് സംബന്ധിച്ച്.

ii) കൂടാതെ പ്രവൃത്തിദാതാവ് എന്ന നിലയിൽ ഫെഡോ(FEDO) യിൽ നിന്നും കരാർ തുകയുടെ 10% തുക റ്റി.ഡി.എസ്. ഇനത്തിൽ കൈപ്പറ്റി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ട ഉത്തരവാദിത്വം സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കെ 1,13,857/- രൂപയുടെ ആദായ നികുതി അടവ് ഒഴിവാക്കി കൊടുത്ത നടപടി ഏത് നിയമം/ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്നും വിശദമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് 17.02.2022-ലെ കെ.എസ്.എ.(എസ്.റ്റി.യു.)എ 5-10/2022 പ്രകാരം സർവ്വകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നതിന് 02.08.2022-ലെ Audit D/Misc./2016 -ാം നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 31.05.2022-ലെ സിൻഡിക്കേറ്റ് മീറ്റിംഗിലെ അജണ്ട ഐറ്റം നമ്പർ 699.14 പ്രകാരം പിഴപ്പലിശ ഒഴിവാക്കി മുൻകൂറുകളുടെ ക്രമീകരണം നടത്തുന്നതിന് അനുവാദം നൽകുകയും FEDO-യിൽ നിന്ന് ഇൻകം ടാക്സ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 1,13,857/- രൂപ ഈടാക്കുന്നതിന് നടപടി കൈക്കൊള്ളുവാനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## 3-14 ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിന്റെ എക്സ്റ്റൻഷൻ ജോലികൾ - അപാകതകൾ

ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സിന്റെ സ്ഥലപരിമിതി നിമിത്തം സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ പ്രയാസത്തിലാണെന്നും എക്സ്റ്റെൻഷൻ അത്യാവശ്യമാണെന്നും രേഖപ്പെടുത്തി ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് ഡയറക്ടർ 7.4.2016 ലെ ISP/17/16-17/1124 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

23.04.2016-ലെ അജണ്ട നം.632-29 പ്രകാരം കുസാറ്റ് സിൻഡിക്കേറ്റ് പ്രസ്തുത പ്രൊപ്പോസലിന് അംഗീകാരം നൽകുകയും വർക്ക് ചെയ്യുവാനായി സി.പി.ഡബ്ല്യു.ഡി.യും കൊച്ചി സർവ്വകലാശാല രജിസ്ട്രാറും ചേർന്ന് ഏർപ്പെട്ട എം.ഒ.യു.(മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ്) പ്രകാരം ജോലി സി.പി.ഡബ്ല്യു.ഡി. യെ ഏൽപ്പിച്ചിട്ടുള്ളതുമാണ്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നാളിതുവരെ എക്സ്റ്റെൻഷൻ ജോലികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. എക്സ്റ്റൻഷൻ സെന്ററിലെ (കമ്പ്യൂട്ടർ ലാബിനായി ഉപയോഗത്തിനുള്ള) ലാബിൽ ഇലക്ട്രിക് ജോലികൾ പൂർത്തീകരിക്കാതെ തന്നെ എയർകണ്ടീഷനറുകൾ പിടിപ്പിച്ചിട്ടുണ്ട്. 2020 ജൂൺ 5-ന് M/s Multi sales (18-20) എന്ന സ്ഥാപനത്തിന് ആകെ 6,93,000/- രൂപ എയർകണ്ടീഷണർ അനുബന്ധ ചെലവുകൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവർത്തനം തുടങ്ങാത്ത കെട്ടിടത്തിൽ ആണ് എയർകണ്ടീഷണർ ഫിറ്റ് ചെയ്തത്. നിലവിലെ സ്ഥിതിയിൽ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുള്ളപ്പോൾ എയർകണ്ടീഷണർ ഫിറ്റ് ചെയ്തത് ഉപകരണങ്ങൾ തകരാറിലാകുവാൻ ഇടയാക്കുന്നതാണ്. 2016-ൽ പ്രൊപ്പോസൽ നൽകുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് അനുമതി നൽകുകയും ചെയ്ത നിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാത്തത് അപാകതയാണ്. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി കണക്ഷനും അനുബന്ധ ജോലികളും പൂർത്തിയാക്കാതെ എയർകണ്ടീഷണർ മാത്രം ഫിറ്റുചെയ്തത് പദ്ധതിനടത്തിപ്പിലെ അപാകതയാണ്. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നം.16/19-20 എഞ്ചിനീയറിംഗ് വകുപ്പ് തീയതി.23.12.2021 ആയി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെ ഉപകരണങ്ങൾ വാങ്ങി ഫിറ്റുചെയ്തതിനും നാളിതുവരെ കെട്ടിടം ഉപയോഗയോഗ്യമാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-15 കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള വിവിധ പദ്ധതികൾ - സമയബന്ധിതമായി നടപ്പാക്കുവാൻ കഴിയുന്നില്ല.

കുസാറ്റിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള "Centre of excellence in Academics & Research" സ്ഥാപനമായി ഉയർത്തുന്നതിനുള്ള പദ്ധതികൾക്കായി സർക്കാർ ഉത്തരവ് നം.937/2017/H.Edn dt: 24.05.2017 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് റോഡ്സ് &ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (ആർ.ബി.ഡി.സി.കെ) യെ ഇതിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നോമിനേറ്റ് ചെയ്തു.

CUSAT/SPV-KIIFB/2017 തീ.13.06.2017 നമ്പർ കത്ത് പ്രകാരം കുസാറ്റ് ആർ.ബി.ഡി.സി.കെ.-ക്ക് കരാർ നൽകുകയും, ആർ.ബി.ഡി.സി.കെ.-ക്ക് കിഫ്ബിയുടെ APR-

4/321/2017/KIIFB തീ.21.12.2017 നമ്പർ കത്ത് പ്രകാരം അംഗീകാരവും ഫണ്ട് സാങ്ഷനും ലഭിച്ചു. 5 പാക്കേജുകളായിട്ടാണ് കിഫ്ബിയുടെ ഗ്രാന്റ് വിനിയോഗിച്ചുള്ള വേലകൾ തരംതിരിച്ചിട്ടുള്ളത്.

**പാക്കേജ് 1**

" Development activities in main campus academic building, International Guest House, Engineering wing, Facilitation centre, Campus rejuvenation, External water supply, Drainage works & water management"

63.25 കോടി രൂപയുടെ എസ്റ്റിമേറ്റ് വരുന്ന മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആർ.ബി.ഡി.സി.കെ. 19.05.2018 ൽ നടത്തുകയുണ്ടായി. എസ്റ്റിമേറ്റ് തുകയിൽ 25% കുറവ് രേഖപ്പെടുത്തിയ M/s മേരിമാതാ കൺസ്ട്രക്ഷൻസ് കമ്പനി, മൂവാറ്റുപുഴയ്ക്ക് പ്രവൃത്തിയുടെ കരാർ നൽകുകയുണ്ടായി. 05.09.2019 ന് 62,58,31,288/- രൂപയുടെ പ്രവൃത്തിയ്ക്കുള്ള കരാർ ആർ.ബി.ഡി.സി.കെ-യും മേരിമാതാ കൺസ്ട്രക്ഷൻ കമ്പനിയും തമ്മിൽ ഏർപ്പെട്ടു. 24 മാസംകൊണ്ട് തീർപ്പാക്കേണ്ട പ്രവൃത്തി നിലവിൽ 18% മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തിയിൽ പുരോഗതി ഉണ്ടാകാത്തതിനെ തുടർന്ന് 11.06.2021-ന് കോൺട്രാക്ടർക്ക് കരാർ റദ്ദാക്കാതിരിക്കുന്നതിനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതിനെതിരെ കോൺട്രാക്ടർ ബഹു.ഹൈക്കോടതി മുമ്പാകെ WP(C)നം.12353/2021 എന്ന കേസ് ഫയൽ ചെയ്യുകയും ചെയ്തു. കോൺട്രാക്ടറിൽ നിന്നും മറുപടി ലഭിക്കാത്തതിനെ തുടർന്ന് ആർ.ബി.ഡി.സി.കെ. 06.07.2021 ന് കരാർ റദ്ദാക്കുകയും മേരിമാതാ കൺസ്ട്രക്ഷൻ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇതിനെതിരെ കമ്പനി WP(C) 13587/2021 നമ്പർ കേസ് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തു. കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ നടപടി ഹൈക്കോടതി റദ്ദാക്കി. തുടർന്ന് കമ്പനിയുമായി നടത്തിയ ചർച്ചകളിൽ പ്രവൃത്തി പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ ഉണ്ടായില്ല. വൈസ് ചാൻസലർക്കുള്ള 21.11.2021-ലെ കിഫ്ബി-യുടെ HED006-01-Misc-02 നമ്പർ കത്ത് പ്രകാരം കമ്പനിയുടെ ആവശ്യങ്ങൾ അംഗീകരിക്കാനാവില്ല എന്നും, ആർ.ബി.ഡി.സി.കെ.-യോട് ഇക്കാര്യത്തിൽ സർക്കാർ തീരുമാനത്തിനായി നീങ്ങുവാനും ആവശ്യപ്പെട്ടു. നാളിതുവരെ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. കെട്ടിടം പണിയുടെ നിലവിലെ ചിത്രം ചുവടെ ചേർക്കുന്നു.

 

## പാക്കേജ് 2

## ലേക്ക്സൈഡ് കാമ്പസിലുള്ള അക്കാഡമിക് ബിൽഡിംഗ്

മറൈൻ സയൻസ് കാമ്പസിൽ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോറിനു മുകളിലായി 3 നിലകൾ സ്റ്റേറ്റ് പ്ലാൻ ഗ്രാന്റ് വിനിയോഗിച്ചും 4 നിലകൾ കിഫ്ബി ഫണ്ട് വിനിയോഗിച്ചും നടപ്പിലാക്കുവാനായിആർ.ബി.ഡി.സി.കെ.യെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. M/s വെസ്റ്റ് കൺസ്ട്രക്ട് എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചിട്ടുള്ളത്. കരാർ പ്രകാരം 31.3.2020 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വിവിധ കാരണങ്ങളാൽ 07.04.2021 വരെ തീയതി നീട്ടി നൽകിയിരുന്നു. ആദ്യ 3 നിലകൾക്കായി കുസാറ്റ് 4,64,03,594/-രൂപ ആർ.ബി.ഡി.സി.കെ.യ്ക്ക് വിവിധ ഘട്ടങ്ങളിലായി കൈമാറുകയുണ്ടായി. കിഫ്ബിഫണ്ടിനത്തിൽ 8,02,41,703.88 രൂപയാണ് കെട്ടിടം പണിക്കായി വകയിരുത്തിയിട്ടുള്ളത്. 16.02.2021 ന് കെട്ടിടത്തിന്റെ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ പരിശോധന, ഏവിയേഷൻ ക്ലിയറൻസ്, ഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള എൻ.ഒ.സി. എന്നിവ ഇനിയും ലഭിച്ചിട്ടില്ല.

## പാക്കേജ് 3

## അപ്ഗ്രഡേഷൻ ഓഫ് ഇലക്ട്രിക്കൽ സിസ്റ്റം 110 KV

കേരള സംസ്ഥാന വൈദ്യുതി ബോർഡ് മുഖേന ഡെപ്പോസിറ്റ് വർക്കായി നടത്തുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## പാക്കേജ് 4

## സോളാർ റൂഫ് ടോപ്പ് എനർജി ഹാർവെസ്റ്റിംഗ്

4.07 കോടി രൂപ അടങ്കലുള്ള ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ 17.03.2020 ൽ ആരംഭിച്ചു. 31.10.2020 ന് വീണ്ടും ടെണ്ടർ ചെയ്തു ഈ പ്രവൃത്തിയിൽ 60% സോളാർ പാനലുകൾ, പാക്കേജ്-1-ലെ അക്കാദമിക് ബ്ലോക്കിനു മുകളിൽ സ്ഥാപിക്കാനുള്ളതാണ്. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം നിലച്ചിരിക്കുന്നതിനാൽ ഈ പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം മാത്രമാകും ഇനിയും ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പിലാക്കുന്നത്.

**പാക്കേജ് 5**

**സ്വിമ്മിംഗ് പൂൾ**

30.07.2019 ന് ആരംഭിച്ച ടെണ്ടർ നടപടിക്കൊടുവിൽ 28.09.2020 ന് മാത്രമാണ് M/s എറ്റേർണിറ്റി പൂൾസ് & ഗാർഡൻസ് പ്രൈ.ലിമിറ്റഡ് എന്ന സ്ഥാപനവുമായി 2,43,66,373/- രൂപയ്ക്ക് കരാർ ഉണ്ടാക്കുകയും 19.10.2020 ന് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തിരുന്നു. 12 മാസമായിരുന്നു പൂർത്തീകരിക്കുന്നതിനുള്ള സമയം. കുസാറ്റിൽ നിന്നുള്ള അപേക്ഷ പ്രകാരം സ്വിമ്മിംഗ് പൂളിന്റെ സ്ഥാനം മാറ്റുവാൻ ആവശ്യപ്പെട്ടതനുസരിച്ച് 16.08.2021-ന് 2,91,56,898.04 രൂപയുടെ റിവൈസ്ഡ് ടെക്നിക്കൽ സാങ്ഷൻ അനുവദിച്ചു. ആയതിന് കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ചു. 01.10.2021 ന് കരാറുകാരനോട് പ്രവൃത്തി ആരംഭിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ,കരാറുകാരൻ പുതുക്കിയ DSOR പ്രകാരം മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയൂ എന്നറിയിച്ചു. ആർ.ബി.സി.ഡി.കെ ഇതിനെ എതിർത്തതിനെ തുടർന്ന് കരാർ റദ്ദാക്കുവാൻ കരാറുകാരൻ ആവശ്യപ്പെട്ടു. സൈറ്റ് ലൊക്കേഷൻ മാറ്റിയതിനെത്തുടർന്ന് ഡ്രോയിംഗും മറ്റും നൽകുവാൻ താമസം ഉണ്ടാവുകയും ആയതിനാൽ പഴയനിരക്കിൽ പ്രവൃത്തി ചെയ്യാനാവില്ലെന്ന് കരാറുകാരൻ ആവശ്യപ്പെട്ടതിനെത്തുടർന്ന് കരാർ റദ്ദാക്കി വീണ്ടും ടെണ്ടർ ചെയ്യുന്നതിനായി ആർ.ബി.സി.ഡി.കെ. തീരുമാനം എടുത്തിട്ടുണ്ട്.

2018-19, 2019-20 വർഷങ്ങളിൽ 5 പാക്കേജുകളായി ഫണ്ട് അനുവദിച്ചുവെങ്കിലും നാളിതുവരെ ഒരു പാക്കേജും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. മറൈൻ സയൻസ് കാമ്പസിലെ ബഹുനില കെട്ടിടം ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും താഴത്തെ നിലയിൽ ലൈബ്രറി ഒഴികെ മറ്റ് നിലകളൊന്നിലും പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. കുസാറ്റിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള "Centre of Excellence in Academics & Research" സ്ഥാപനമായി ഉയർത്തുന്നതിനുള്ള പദ്ധതികൾ അതിവേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് സർവ്വകലാശാല അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 കുസെക്ക് ചുറ്റുമതിൽനിർമ്മാണം - ആസൂത്രണത്തിലും നടത്തിപ്പിലും പിഴവ് - നഷ്ടം 8,36,679/-രൂപ.

സർവ്വകലാശാലയുടെ കീഴിലെ സ്വാശ്രയ സ്ഥാപനമായ 'കുസെക്ക്' പുളിങ്കുന്ന് കാമ്പസിലെ ചുറ്റുമതിൽ നിർമ്മാണം, ഒന്നാം ഘട്ടത്തിൽ കാമ്പസിന്റെ മുൻഭാഗത്ത് ചുറ്റുമതിലും ആർച്ച് ഗേറ്റ് (എസ്റ്റിമേറ്റ് തുക 76,10,000) സ്ഥാപിക്കലും, രണ്ടാം ഘട്ടത്തിൽ മറ്റ് ഭാഗങ്ങളിൽ Compound wall with solid foundation and barbed wire fencing (എസ്റ്റിമേറ്റ് തുക

65,20,000 രൂപ) എന്ന രീതിയിൽ നടത്തുവാനും 28.07.2017 -ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് ഐറ്റം നം.645.03 പ്രകാരം തീരുമാനിച്ചിരുന്നു. ഇതേ തീരുമാന പ്രകാരം തന്നെ ചുറ്റുമതിലിന് (അതിർത്തിക്ക്) ചുറ്റുമായി 3 മീറ്റർ വീതിയിൽ വഴിക്കായി സ്ഥലം ഒഴിച്ചിട്ട് ആയതിന്റെ അതിർത്തിയിൽ കോൺക്രീറ്റ് തൂണുകൾ സ്ഥാപിച്ച് അതിർത്തി രേഖപ്പെടുത്തി ഈ സ്ഥലത്തിന്റെ കൈവശാവകാശം നില നിർത്താനും തീരുമാനിച്ചു. ഇത് സർവ്വകലാശാല ഉത്തരവ് നം.UEU/3017/15-16 തീ.20.09.2017 ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് തുക 76,10,000/-രൂപ ആയുള്ള ഒന്നാംഘട്ട പ്രവൃത്തിക്ക് TS 803/16-17 യു.ഒ നം.UEU/3017/15-16 പ്രകാരം സർവ്വകലാശാല എഞ്ചിനീയർ സാങ്കേതികാനുമതി നൽകി. കുസെക് ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട വഴി പ്രശ്നം പരിഹരിച്ചതിനാൽ ചുറ്റുമതിൽ നിർമ്മാണം ആരംഭിക്കാവുന്നതാണെന്ന് ആലപ്പുഴ ജില്ലാ കളക്ടർ സി.510656/18 തീ.18.07.2018 കത്തിലൂടെ അറിയിച്ചു. മേൽ സാഹചര്യത്തിൽ Tender No.ET-46/civil/18-19 തീ.22.09.2018 ആയി 74,20,563/- രൂപ എസ്റ്റിമേറ്റ് തുകക്ക് ഒരു വർഷം പൂർത്തീകരണ സമയം നിശ്ചയിച്ച് 'കുസാറ്റ് ചുറ്റുമതിൽ നിർമ്മാണം ഒന്നാം ഘട്ടം' പ്രവൃത്തിക്കായി ഇ-ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ നടപടികൾക്ക് ശേഷം മേൽ പ്രവൃത്തി 68,91,315/- രൂപക്ക് (7.13% below of estimate PAC of 74,20,563/-) ശ്രീ.ജോമോൻ ആന്റണി, അക്കരപ്പറമ്പിൽ, കണ്ണാടി.പി.ഒ ആലപ്പുഴ എന്ന ആൾക്ക് 17.12.2018 തീയതിയിലെ UEU/3017/15-16 നമ്പർ സെലക്ഷൻ നോട്ടീസിലൂടെ ഏൽപ്പിച്ച് നൽകുകയും ചെയ്തു. 3,44,600/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് വെയ്ക്കാനും ആവശ്യമായ കരാർ ഉടമ്പടി വച്ച് സൈറ്റ് കൈമാറുന്ന തീയതി മുതൽ 12 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാനും നിർദ്ദേശിച്ചു.

മേൽ പ്രവൃത്തിക്കായി എഗ്രിമെന്റ് നം. A846/MRW/18-19 തീ.07.01.2019 ആയി കരാർ ചമയ്ക്കുകയും 14.01.2019 ൽ സൈറ്റ് കൈമാറുകയും ചെയ്തു. നം.UEU/3017/15-16 തീ.21.12.2019 ഉത്തരവിലൂടെ 1,96,042/- രൂപയുടെ എക്സ്ട്രാ ഐറ്റം അനുവദിച്ചു നൽകി. കരാർ പ്രകാരം 13.01.2020-ൽ പൂർത്തീകരിക്കേണ്ടിയിരിക്കുന്ന ഈ പ്രവൃത്തിയുടെ പൂർത്തീകരണ സമയം വഴി തർക്കം, പ്രളയം, കോവിഡ് മഹാമാരി, ലോക്ക് ഡൗൺ, കെ.എസ്.ഇ.ബി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ പ്രശ്നങ്ങൾ മൂലം 14.03.2020, 15.07.2020, 10.03.2021 എന്നീ തീയതികളിലേക്കായി പലതവണ പിഴ ഇല്ലാതെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

നാളിതുവരെ പ്രവൃത്തിക്കായി നൽകിയ തുകകളുടെ വിവരം താഴെ നൽകുന്നു.

a) CC 1st and part bill - 9,10,748/- രൂപ (CB-303/19-20 തീ.23.07.2019)

b) CC 2nd and part bill - 11,08,553/- രൂപ (CB-311/19-20 തീ.23.12.2019)

c) CC 3rd and part bill - 12,12,010/- രൂപ (CB-309/20-21 തീ.16.07.2020)
ആകെ 32,31,311/- രൂപ

മേൽ പ്രകാരം തുകകൾ നൽകുകയും 10.03.2021 വരെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയം ദീർഘിപ്പിച്ച നൽകുകയും ചെയ്തിട്ടും ജൂലായ് 2020-ന് ശേഷം പ്രവൃത്തി പുരോഗതി ഇല്ലാതിരുന്നതിനാൽ 22.01.2021, 09.02.2021, 03.03.2021 എന്നീ തീയതികളിലായി പ്രവൃത്തി ആരംഭിക്കുവാൻ ആവശ്യപ്പെട്ട് സർവ്വകലാശാല കത്തുകളയച്ചെങ്കിലും കരാറുകാരന്റെ ഭാഗത്ത് നിന്ന് പ്രതികരണം ഉണ്ടായില്ല. മേൽ സാഹചര്യത്തിൽ സർവ്വകലാശാല എഞ്ചിനീയറിംഗ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ No.CUSAT/UEU(civil)OS10/1742/2021 തീയതി: 23.04.2021 പ്രകാരം താഴെ പറയുന്ന കാര്യങ്ങൾക്ക് അനുമതി നൽകി.

i) ശ്രീ.ജോമോൻ ആന്റണിയുമായിട്ടുള്ള കരാർ റദ്ദ് ചെയ്യുക.
ii) സർവ്വകലാശാലയ്ക്ക് വന്നിട്ടുള്ള നഷ്ടം കരാറുകാരന് നൽകാനുള്ള ഫൈനൽ പേയ്മെന്റ്/സെക്യൂരിറ്റി ഡെപ്പോസിറ്റ്/റിടെൻഷൻ തുക എന്നിവയിൽ നിന്ന് ഈടാക്കുക.
iii) നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കുന്ന ജോലി വകുപ്പ് നേരിട്ട് നടത്തുക.
iv) പ്രവൃത്തി പൂർത്തീകരണത്തിനുള്ള ചെലവ് അഡ്വാൻസ് ആയി DSOR 2016 + cost index 48.71% പ്രകാരം അനുവദിക്കുക.

ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.
മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

വഴിത്തർക്കം, കെ.എസ്.ഇ.ബി ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ എന്നീ മുൻകൂട്ടി കാണാമായിരുന്ന കാര്യങ്ങളാണ് പ്രവൃത്തി വൈകലിന്റെ പ്രധാന കാരണങ്ങൾ. (പ്രളയം മൂലം പ്രവൃത്തി വൈകിയത് രണ്ടാഴ്ച മാത്രമാണ്. 07.01.2020 ൽ പ്രവൃത്തി സമയം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ എഞ്ചിനീയർക്ക് നൽകിയ അപേക്ഷയിൽ നിന്ന് അക്കാര്യം വ്യക്തമാണ്). ടെണ്ടർ ക്ഷണിക്കുന്നതിന് മുൻപ് തന്നെ ഇത്തരം കാര്യങ്ങൾ പരിഹരിച്ച് തടസ്സരഹിതമായ പ്രവൃത്തിക്കായി കരാറുകാരന് സൈറ്റ് കൈമാറേണ്ടിയിരുന്നതാണ്. ആസൂത്രണത്തിലും നടത്തിപ്പിലും സംഭവിച്ച അപാകതകൾ മൂലം പ്രവൃത്തി വൈകിയതിന്റെ ഉത്തരവാദിത്തം ഉദ്യോഗസ്ഥർക്കാണ്.

സർവ്വകലാശാല എഞ്ചിനീയറുടെ 15.03.2021-ലെ കുറിപ്പ് പ്രകാരം ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തി agreed schedule പ്രകാരം 25,96,810/-രൂപയുടേതാണ്. എന്നാൽ DSOR 2016+Cost index 48.71% (DSOR പ്രകാരം ആലപ്പുഴ ജില്ലയിലെ നിലവിലുള്ള നിരക്ക് ) അനുസരിച്ച് ഇത് 34,33,489/- രൂപ വരും പൂർത്തീകരണ ചെലവ്. ഇത് സൂചിപ്പിക്കുന്നത് 15.03.2021 വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സർവ്വകലാശാലക്ക് 8,36,679/-രൂപയുടെ (34,33,489-25,96,810) നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ്. മാർച്ച് 2021 ന് ശേഷം നിർമ്മാണ സാമഗ്രികൾക്ക് വന്നിട്ടുള്ള വില വർദ്ധന പരിഗണിക്കുമ്പോൾ മേൽ നഷ്ടം ഇനിയും വർദ്ധിക്കും. ഇത് സർവ്വകലാശാലക്ക് അധിക സാമ്പത്തിക സാധ്യത ഉണ്ടാകുന്നതിന് കാരണമാകും.

പൊതുമരാമത്ത് മാന്വലിലെ കരാർ റദ്ദാക്കൽ സംബന്ധിച്ച വ്യവസ്ഥ (2116.2) താഴെ പറയും പ്രകാരമാണ്.

" The department can terminate the contract and rearrange the work at the risk and cost of contractor in the following cases.

i) If the contractor does not turn up for starting the work within the specified period to take charge of the site after executing the agreement.

ii) If the contractor does not show the propotionate progress during the extended period of time of completion.

iii) If the contractor abandons the work after executing as portion without genuine reason and does not resume or complete it even after specific directions from the department."

കൂടാതെ പൊതുമരാമത്ത് മാന്വൽ റൂൾ 2116.2.1 പ്രകാരം "An amount equal to 30% of the cost of the remaining works at agreed rates of the terminated contract shall be recovered from the defaulted contractor towards the risk and cost. The contractor shall be directed to remit the risk and cost amount within three months."

മേൽ പ്രവൃത്തിയുടെ കാര്യത്തിൽ ഇത് നടപ്പാക്കിയാൽ ബാക്കി നിൽക്കുന്ന പ്രവൃത്തിയുടെ കരാർ പ്രകാരമുള്ള തുകയായ 25,96,810/- രൂപയുടെ 30% ആയ 7,79,043/-രൂപ മൂന്നുമാസത്തിനുള്ളിൽ അതായത് 31.07.2021 ന് മുൻപ് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടിയിരുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ ഒന്നും സർവ്വകലാശാല സ്വീകരിച്ചതായി കാണുന്നില്ല.

മാത്രമല്ല സർവ്വകലാശാല എഞ്ചിനീയറുടെ കുറിപ്പ് പ്രകാരം 15.03.2021 വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 8,36,679/- രൂപയുടെ നഷ്ടം ഉണ്ട് എന്നാണ്. അങ്ങനെയാണെങ്കിൽ 8,36,679/-രൂപയിൽ കരാറുകാരനിൽ നിന്ന് ഈടാക്കാവുന്ന തുകയായ 7,79,043/-രൂപ കുറച്ച് (8,36,679 - 7,79,043) 57,636/-രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. നഷ്ടം കണക്കാക്കിയിരിക്കുന്നത് 15.03.2021 തീയതി വച്ചായതിനാൽ യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ നഷ്ടത്തുക ഇനിയും ഉയരും. പ്രവൃത്തി പൂർത്തീകരണത്തിനു വരുന്ന യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ നഷ്ടം കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

പ്രവൃത്തികൾ ആസൂത്രണം ചെയ്യുമ്പോൾ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ 'സൈറ്റ് ' തടസ്സരഹിതമായി കൈമാറാൻ സാധിക്കും എന്ന് മരാമത്ത് വിഭാഗം ഉറപ്പാക്കേണ്ടതാണ്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചതിന് ശേഷം ഉണ്ടാകുന്ന Force majeure ഒഴികെയുള്ള കാര്യങ്ങൾ മൂലം അംഗീകൃത പ്രവൃത്തി സമയം ദീർഘിപ്പിക്കേണ്ടി വരികയാണെങ്കിൽ ചട്ടപ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്. നിർമ്മാണം പുനരാരംഭിക്കുന്നതിന് കരാറുകാരൻ നോട്ടീസിന് ശേഷവും തയ്യാറാകാത്തപക്ഷം പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2116.2.1 പ്രകാരം ശേഷിക്കുന്ന പ്രവൃത്തിയുടെ തുകയുടെ 30% കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സർവ്വകലാശാലാ എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

## 3-17 ഐശ്വര്യ ഗേൾസ് ഹോസ്റ്റലിന് അഡീഷണൽ ബ്ലോക്ക്-അപാകതകൾ

| | |
|---|---|
| മരാമത്ത് പ്രവൃത്തിയുടെ പേര് | Construction of Ladies hostel-Additional block to Aiswarya hostel under financial assistance of chancellor' s award |
| അടങ്കൽ തുക | 3,44,84,816/- |
| സിൻഡിക്കേറ്റ് തീരുമാനം | അജണ്ട ഐറ്റം 652.77/28.04.2018 |
| കരാറുകാരന്റെ പേര് | നോബിൾ മാത്യു |
| ക്വോട്ട് ചെയ്ത തുക | 2,89,60,205/- |
| ആർക്കിടെക്ചറൽ കൺസൾട്ടൻസി | കിറ്റ്കോ ലിമിറ്റഡ് |

സർവ്വകലാശാലയുടെ കീഴിലുള്ള ഐശ്വര്യ ഹോസ്റ്റലിന് അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ആദ്യഘട്ടമായി ചാൻസലേഴ്സ് അവാർഡ് തുകയും (2,00,00,000/-) ബാക്കി സ്റ്റേറ്റ് പ്ലാൻ ഗ്രാന്റും ഉപയോഗിച്ച് 1178 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് ഫ്ലോർ നിർമ്മിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചു. ആയതനുസരിച്ച് 3/8/2018-ൽ ഇ-ടെണ്ടർ ക്ഷണിക്കുകയും (ഐ.ഡി.-2018-CUSAT-221199-1) ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.നോബിൾ മാത്യുവിന് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്തു.

19.11.2018-ൽ ആരംഭിച്ച പ്രവൃത്തി 18.11.2019-ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും വ്യക്തമായ ഡ്രോയിംഗുകളുടെ അഭാവം,കോവിഡ് മഹാമാരി എന്നിവ മൂലം നീണ്ടുപോയ പ്രവൃത്തി 12.04.2021-ൽ പൂർത്തിയാക്കിയതായിട്ടാണ് എം.ബുക്ക് നം. 1098/2021-ൽ രേഖപ്പെടുത്തിയിട്ടുള്ളത്. 3 ബെഡ് ഉള്ള 18 മുറികളും, ഡൈനിങ്ങ് ഏരിയ,സ്റ്റോർ,കിച്ചൺ,വർക്ക് ഏരിയ,ടോയ്ലറ്റ് എന്നിവയുൾപ്പെടെയുള്ള 1178 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഗ്രൗണ്ട് ഫ്ലോർ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും , നിലവിൽ 14 ബെഡ്റൂമുകളും ടോയ്ലറ്റുകളും മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്.
ഈ പ്രവൃത്തിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിടത്തിന്റെ പ്രവൃത്തി എപ്രകാരമാണോ വിഭാവനം ചെയ്തത്, അപ്രകാരമല്ല പൂർത്തിയാക്കിയിരിക്കുന്നത്. പ്രവൃത്തിയിലെ കാലതാമസംമൂലവും മറ്റും, കരാറിൽ നിർദ്ദേശിച്ചിരുന്ന രീതിയിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ് കരാറുകാരനായ ശ്രീ.നോബിൾ മാത്യുവുമായി ,സർവ്വകലാശാല ക്ലോഷർ എഗ്രിമെന്റ് വച്ചു.ക്ലോഷർ എഗ്രിമെന്റ് വച്ചപ്പോൾ , കരാറിൽ ഉൾപ്പെട്ടിരുന്ന ,പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവൃത്തിയുടെ 30 ശതമാനം തുക കരാറുകാരനിൽ നിന്നും ഈടാക്കാമെന്ന വ്യവസ്ഥ ചേർക്കാമായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല . (പൊതുമരാമത്ത് മാന്വൽ റൂൾ 2116.2.1 പ്രകാരം "An amount equal to 30% of the cost of the remaining works at agreed rates of the terminated contract shall be recovered from the defaulted contractor towards the risk and cost. The contractor shall be directed to remit the risk and cost amount within three months." ) കൂടാതെ കെട്ടിടത്തിന്റെ,പൂർത്തിയാക്കിയ ഭാഗത്തിന്റെ പെയിന്റിംഗ് ജോലികൾ 1,12,894/- രൂപ ചെലവഴിച്ച് മറ്റൊരു കരാറുകാരനെ കൊണ്ടാണ് സർവ്വകലാശാല പൂർത്തിയാക്കിയത്.

2) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 02.09.2021-ൽ ക്ലോഷർ എഗ്രിമെന്റ് വയ്ക്കുകയും 23.09.2021-ൽ ബാങ്ക് ഗാരന്റി തുകയായ 20,79,555/-രൂപ സർവ്വകലാശാല റിലീസ് ചെയ്യുകയും ചെയ്തു.(ബാങ്ക് ഗാരന്റി നം.IBG 110652/21.02.2020/ഫെഡറൽ ബാങ്ക്,കിഴക്കമ്പലം ) ഒരു കെട്ടിടത്തിന്റെ ഡിഫക്ട് ലയബിലിറ്റി പിരീഡ് 60

മാസമായിരിക്കെയാണ്,ഇപ്രകാരം ബാങ്ക് ഗാരന്റി തുക നിയമപ്രകാരമുള്ള കാലയളവിനു മുമ്പ് തിരികെ നൽകിയത്.ആയത് വിശദീകരിക്കേണ്ടതാണ്.

3) 2019-20 വർഷം താഴെ സൂചിപ്പിക്കും പ്രകാരമുള്ള തുക ഈ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സി.ബി.നം./തീയതി | തുക (രൂപ) |
|---|---|---|
| 1 | 1514/19-20/24.04.2019 (Ist & partbill) | 12,34,011 |
| 2 | 1604/19-20/24.07.2019<br>(അഡ്വാൻസ് ബിൽ-12,24,079*75% ) | 9,18,059<br>(819696+12%ജി.എസ്.ടി. ) |
| 3 | 1706/19-20/16.12.2019<br>(II nd & partbill ) | 1,83,612 |
| 4 | 1718/19-20/23.01.2020<br>(അഡ്വാൻസ് ബിൽ-28,15,373*75% ) | 21,07,990 |

ആയതിൽ ക്രമനമ്പർ 2-ൽ നിന്നും ജി.എസ്.ടി. യുടെ ടി.ഡി.എസ് ആയി 16,394/-രൂപ (819696*2%) കുറക്കേണ്ടതായിരുന്നുവെങ്കിലും ആയത് കുറച്ചിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾക്ക് ഓഡിറ്റ് അന്വേഷണം (നം.10/19-20/ എഞ്ചിനീയറിംഗ് വകുപ്പ്/21.12.2021) പ്രകാരം വിശദീകരണം ആരാഞ്ഞിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഒരു കെട്ടിടനിർമ്മാണപ്രവൃത്തി ആരംഭിക്കുമ്പോൾ ആയതിന്റെ പ്രാഥമിക കാര്യം പ്രസ്തുത കെട്ടിടത്തിന്റെ ഡ്രോയിംഗുകൾ തയ്യാറാക്കുക എന്നതാണ്. കെട്ടിടത്തിന്റെ ഡ്രോയിംഗുകൾ തയ്യാറാക്കുവാൻ കിറ്റ്കോ ലിമിറ്റഡ്-നെയാണ് സർവ്വകലാശാല ഏല്പിച്ചിരുന്നത്. എന്നാൽ സ്ഥാപനം യഥാസമയം ഡ്രോയിംഗുകൾ തയ്യാറാക്കി നൽകിയില്ല. ഡ്രോയിംഗുകൾ കരാറുകാരന് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതുകൊണ്ടാണ് കരാറുകാരന് ആദ്യത്തെ എക്സ്റ്റൻഷൻ നൽകേണ്ടി വന്നത്. തുടർന്ന് കോവിഡ് മഹാമാരി മൂലം വീണ്ടും പ്രവൃത്തി നീണ്ടുപോയി.

കെട്ടിടനിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനു മുമ്പ് കെട്ടിടത്തിന്റെ ഡ്രോയിംഗുകൾ തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടികൾ പൂർത്തിയാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

കരാർ ഉടമ്പടി പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കാതിരുന്ന കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ തന്നെ പെയിന്റിംഗ് ജോലികൾ ചെയ്യേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇതു കൂടാതെ ജി.എസ്.ടി. ടി.ഡി.എസ്-ഇനത്തിൽ ഈടാക്കുവാനുള്ള 16,394/-രൂപയും കരാറുകാരനായ ശ്രീ.നോബിൾ മാതൃവിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 നിർദ്ദിഷ്ട വിലയുള്ള മുദ്രപത്രം ഉപയോഗിച്ചില്ല- 40,230/- രൂപയുടെ നഷ്ടം

കേരള ഫിനാൻസ് ആക്ട്-2018-(4)(a)(f) പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിലാണ് (മിനിമം 200/-രൂപ, മാക്സിമം ഒരു ലക്ഷം എന്ന പരിധി പാലിച്ചുകൊണ്ട്) കരാർ ചമയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാലാ എഞ്ചിനീയറിംഗ് വകുപ്പ് 2019-20 വർഷം നടപ്പാക്കിയ ചില മരാമത്ത് പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ആയതിന് യഥാക്രമം ഓഡിറ്റ് അന്വേഷണം നം..17/19-20 എഞ്ചിനീയറിംഗ് വകുപ്പ് തീയതി.22.12.2021 (ക്രമനം.1,2), നം..14 തീയതി 22.12.2021(ക്രമനം.3) എന്നിവ പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ഹാജരാക്കിയില്ല. മേൽ സൂചിപ്പിച്ച പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിലെ നഷ്ടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | മരാമത്ത് പ്രവൃത്തിയുടെ പേര് | കോൺട്രാക്ടറുടെ പേര് | കരാർ തുക/കരാർ നമ്പർ | കരാർ ചമക്കേണ്ടിയിരുന്ന മുദ്രപ്പത്രത്തിന്റെ വില (₹) | കരാർ ചമച്ച മുദ്രപ്പത്രത്തിന്റെ വില (₹) | സംസ്ഥാന സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സംഭവിച്ച നഷ്ടം (₹) |
|---|---|---|---|---|---|---|
| 1 | കൺസ്ട്രക്ഷൻ ഓഫ് കോംപൗണ്ട് വാൾ & ആർച്ച് ഗേറ്റ് ഇൻ ദ ഫ്രണ്ട് ഓഫ് കുസാക്ക് മെയിൻ കാമ്പസ് അറ്റ് പുളിങ്കുന്ന് ഫേസ് 1 | ജോമോൻ ആന്റണി | 68,91,315/- രൂപ A846/MRW/ 18-19 തീ.07.01.2019 | 6,900 | 500 | 6,400 |
| 2 | Construction of compound wall, gallery and diversion of pathway at Thrikkakara campus | എ.വി .ജോർജ്ജ് | 73,36,668/- | 7,340 | 200 | 7,140 |

| | | | | | | |
|---|---|---|---|---|---|---|
| 3 | IUCIPR Studies ബിൽഡിംഗിന്റെ 3 മുതൽ 5 വരെയുള്ള നിലകളുടെ നിർമ്മാണം. | ജോർജ്ജ് തോമസ് | 2,71,81,828/- A844/MRW/ 18-19 തീ: 19.11.2018 | 27,190 | 500 | 26,690 |
| | ആകെ | | | 41,430 | 1200 | 40,230 |

സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടം സംഭവിച്ചതിനാൽ, കുറവ് വന്ന തുകയുള്ള മുദ്രപ്പത്രം (40,230/- രൂപയുള്ളത്) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ലഭ്യമാക്കി സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കേണ്ടതാണ്.

## 3-19 സർവ്വകലാശാലയുടെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

### 3-19-1 ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് - ക്ലബ് മത്സരത്തിൽ പങ്കെടുത്തതിന് സർവ്വകലാശാലാ ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

കാരംസ് അസോസിയേഷൻ ഓഫ് എറണാകുളം എന്ന ക്ലബ് നടത്തിയ കാരംസ് മത്സരത്തിൽ പങ്കെടുക്കുന്നതിന് 7,740/- രൂപ സർവ്വകലാശാല ഉത്തരവ് നം. GS I/Misc/2019 തീ.27.01.2020 പ്രകാരം '2-08-2-Q-3-201 coaching camps 2019-20' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സർവ്വകലാശാലയിലെ കായിക താരങ്ങൾക്ക് അന്തർ സർവ്വകലാശാല മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് മുന്നോടിയായി നടത്തുന്ന കോച്ചിംഗ് ക്യാമ്പുകൾക്കായി വകയിരുത്തിയ ശീർഷകത്തിൽ നിന്നുമാണ് തുക അനുവദിച്ചിരിക്കുന്നത്. ഒരു സ്വകാര്യ ക്ലബ് മത്സരത്തിൽ സർവ്വകലാശാലയിലെ ജീവനക്കാർ പങ്കെടുത്തതിന്റെ ചെലവ് സർവ്വകലാശാലാ ഫണ്ടിൽ നിന്നും അനുവദിച്ച ഉത്തരവ് ക്രമപ്രകാരമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.2/ഫിസിക്കൽ എഡ്യൂക്കേഷൻ/16.07.2021 നുള്ള മറുപടിയിൽ സർവ്വകലാശാലയുടെ മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരമാണ് തുക അനുവദിച്ചത് എന്നാണ് ബോധിപ്പിച്ചിട്ടുള്ളത്. തുക അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ആയത് ഈടാക്കി സർവ്വകലാശാലാ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-19-2 യൂത്ത് വെൽഫയർ വകുപ്പ് - സ്റ്റുഡന്റ്സ് കരിയർ ആന്റ് കൗൺസലിംഗ് സെന്ററിലെ കൗൺസലിംഗ് -അപാകങ്ങൾ

യൂത്ത് വെൽഫയർ വകുപ്പിൽ വിദ്യാർത്ഥികൾക്ക് കൗൺസലിംഗ് നല്കുന്നതിനായി റോൾഡന്റ് റീജുനവേഷൻ എന്ന സ്ഥാപനത്തിലെ കൺസൾട്ടന്റ് സൈക്കോളജിസ്റ്റ് ശ്രീ. വിപിൻ വി. റോൾഡന്റ് എന്നയാൾക്ക് 04/19 മുതൽ 02/20 വരെ മൊത്തം 606000/-രൂപ നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ/ചെക്ക് നം. | തുക (₹) |
|---|---|---|
| 1 | 7/19-20 ചെക്ക് നം.51509/02.05.2019 | 60,000 |
| 2 | 15/19-20 ചെക്ക് നം.449862/11.06.2019 | 39,000 |
| 3 | 18/19-20 ചെക്ക് നം.449799/10.06.2019 | 63,000 |
| 4 | 25/19-20 ചെക്ക് നം. 450154/18.07.2019 | 57,000 |
| 5 | 33/19-20 ചെക്ക് നം.678351/14.08.2019 | 66,000 |
| 6 | 57/19-20 ചെക്ക് നം.941948/24.10.2019 | 45,000 |
| 7 | 58/19-20 ചെക്ക് നം.941948/24.10.2019 | 48,000 |
| 8 | 63/19-20 ചെക്ക് നം.942088/14.11.2019 | 57,000 |
| 9 | 68/19-20 ചെക്ക് നം.141856/11.12.2019 | 63,000 |
| 10 | 82/19-20 ചെക്ക് നം.142481/27.01.2020 | 45,000 |
| 11 | 96/19-20 ചെക്ക് നം.393714/24.02.2020 | 63,000 |
| | ആകെ | 6,06,000 |

08.04.2016 ലെ സർവ്വകലാശാല ഉത്തരവ് നം. PL(UGC)I/XII plan/UGC/2011-12 പ്രകാരം തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ മെയിൻ ക്യാംമ്പസിലും ചൊവ്വ, വ്യാഴം ദിവസങ്ങളിൽ ലേക്ക് സൈഡ് ക്യാംമ്പസിലും ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെയാണ് ജോലി സമയം. പ്രതിദിനം 3,000/- രൂപയാണ് പ്രതിഫലം. ഈ ഇനത്തിൽ ചെലവഴിക്കുന്ന തുക വിപിൻ റോൾഡൻറ് എന്ന വ്യക്തിക്കാണ് നൽകുന്നതെങ്കിലും ഇദ്ദേഹത്തിന്റെ സേവനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ഇദ്ദേഹം നടത്തുന്ന ഏജൻസിയിൽ നിന്നും ജൂനിയറായ ഏതെങ്കിലും കൗൺസിലർമാർ എത്തുന്നതായിട്ടാണ് ഹാജർ പുസ്തകം പരിശോധിച്ചതിൽ നിന്നും വ്യക്തമായത്. ഇത്രയും തുക ഒരു വർഷം ചെലവഴിക്കുകയും പ്രാഗൽഭ്യമുള്ള ഒരു മുഴവൻ സമയ കൗൺസിലറുടെ സേവനം ലഭ്യമാവാതിരിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഈ

വസ്തുത മുൻ റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് ഒരു മുഴുവൻ സമയ കൺസൾട്ടൻറിന്റെ സേവനം നാളിതുവരെ ഉറപ്പ് വരുത്തിയിട്ടില്ല. ആയതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-19-3 ഹോസ്റ്റൽ സെൻട്രൽ ഓഫീസ് - വിവിധ വകുപ്പുകളിൽ നിന്ന് വിദ്യാർത്ഥികളുടെ താമസ,ഭക്ഷണചെലവ് ഹോസ്റ്റലിലേക്ക് ലഭ്യമാക്കിയിട്ടില്ല - കുടിശ്ശിക 9,99,758/-രൂപ.

സർവ്വകലാശാലയിലെ വിവിധ ഹോസ്റ്റലുകളിൽ നിന്ന് മെസ്സ് സെക്രട്ടറി ,സെൻട്രൽ ഓഫീസ് ഫോർ യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ നൽകുന്ന മെസ്സ് ബില്ലുകൾ, ഹോസ്റ്റൽ ഓഫീസിൽ നിന്ന് ക്രോഡീകരിച്ച് താമസ, ഭക്ഷണചെലവ് (ABLC) പത്രിക തയ്യാറാക്കി സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലേക്ക് നൽകുന്നു. ഇ-ഗ്രാന്റ്സിന് അർഹതയുള്ള വിദ്യാർഥികളുടെ താമസ, ഭക്ഷണചെലവിനത്തിലുള്ള തുക വകുപ്പുകളിലേക്കാണ് സർക്കാർ അനുവദിക്കുന്നത്. ഓരോ വകുപ്പും ഈയിനത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന തുക ഹോസ്റ്റൽ ഓഫീസിലേക്ക് നൽകുകയും ചെയ്യും. എന്നാൽ എല്ലാ വകുപ്പുകളിൽ നിന്നും ഈ തുകകൾ കൃത്യമായി ലഭിക്കുന്നില്ല. വിവിധ വകുപ്പുകളിൽ നിന്നും ഹോസ്റ്റൽ ഓഫീസിൽ നാളിതുവരെ 9,99,758/- രൂപ ലഭിക്കുവാനുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.2/2019-20/ഹോസ്റ്റൽ പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കിയത്, ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | ലഭിക്കാനുള്ള തുക (രൂപ) | | |
|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 |
| 1 | സെന്റർ ഫോർ ഇന്റഗ്രേറ്റഡ് സ്റ്റഡീസ് | -- | -- | 12,883 |
| 2 | കെമിക്കൽ ഓഷ്യനോഗ്രഫി | -- | -- | 1,840 |
| 3 | അപ്ലൈഡ് കെമിസ്ട്രി | 1,157 | 2,983 | -- |
| 4 | അപ്ലൈഡ് ഇക്കണോമിക്സ് | 7,861 | 1,038 | -- |
| 5 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 14,956 | 1,617 | -- |
| 6 | ദീൻ ദയാൽ ഉപാദ്ധ്യായ കൗശൽ കേന്ദ്ര. | -- | 3,486 | 5,540 |
| 7 | ബയോടെക്നോളജി | -- | -- | 795 |
| 8 | ഇലക്ട്രോണിക്സ് | 375 | 9,974 | -- |
| 9 | ഹിന്ദി | -- | 12,600 | 1,700 |
| 10 | ഇൻസ്ട്രുമെന്റേഷൻ | 14,122 | -- | 21,813 |
| 11 | മാത്തമാറ്റിക്സ് | -- | 10,450 | -- |

| | | | | |
|---|---|---|---|---|
| 12 | ഫിസിക്സ് | 553 | 12,797 | 900 |
| 13 | ഷിപ്പ് ടെക്നോളജി | 10,214 | -- | 51,546 |
| 14 | ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് | 1,278 | 1,000 | 1,805 |
| 15 | മറൈൻ ബയോളജി, മൈക്രോ ബയോളജി & ബയോകെമിസ്ട്രി | 4,473 | 20,050 | 13,639 |
| 16 | ഫിസിക്കൽ ഓഷ്യാനോഗ്രഫി | 5,163 | -- | 1,124 |
| 17 | പോളിമർ സയൻസ് & റബ്ബർ ടെക്നോളജി | 2,523 | -- | 1,123 |
| 18 | സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് | -- | 711 | 22,329 |
| 19 | സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് | 12,155 | 1,876 | 1,103 |
| 20 | സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 4,438 | 20,192 | 1,88,717 |
| 21 | സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് | 4,594 | -- | 4,90,265 |
| | ആകെ | **83,862** | **98,774** | **8,17,122** |

ആകെ തുക = **9,99,758/- രൂപ**

മുകളിൽ സൂചിപ്പിച്ച വകുപ്പുകളിൽ നിന്ന് തുക അടിയന്തിരമായി ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19-4 സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി - എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ നടപടികൾ ഒഴിവാക്കിയും പ്രവൃത്തി നടത്തി - 359218/-രൂപ തടസ്സപ്പെടുത്തുന്നു.

പൊതുമരാമത്ത് മാനുവൽ 2012 ഖണ്ഡിക 1601.1.1 പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെ ഒരു പൊതുമരാമത്ത് പണിയും ആരംഭിക്കാൻ പാടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ നടപടികൾ ഒഴിവാക്കിയും ടൈൽ വിരിക്കുന്ന പ്രവൃത്തി നടത്തിയതിന് സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയുടെ ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും 2019-20-ൽ 3,59,218/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ പറയുന്നു.

| വൗച്ചർ നം. | ചെക്ക്നം. /തി. | തുക (രൂപ) | ഇനം | ചെക്ക് നൽകിയ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| ചെക്ക് പെയ്മെന്റ് | 103339 /1.10.2019 | 43,483 | ഇന്റർലോക്ക് പേവിങ്ങ് ബ്ലോക്ക്സ്(Earthen | M/s അശ്വതി ഫ്ലോറിംഗ്സ് ,പൂക്കാട്ടുപടി |

| | | | | |
|---|---|---|---|---|
| വൗച്ചർ നം. 42/19-20 | | | Blocks) | (GSTIN 32DKVPS66 35BIZU) |
| ” 43 ” | 103340/ 02.10.2019 | 49,324 | ” | ” |
| ” 44 ” | 103342 /04.9.2019 | 47,377 | ” | ” |
| ” 45 ” | 103343 /05.10.2019 | 45,430 | ” | ” |
| ” 46 ” | 103348/ 17.10.2019 | 41,536 | ” | ” |
| ” 47 ” | 103349 /18.10.2019 | 32,450 | ” | ” |
| ആകെ | | 2,59,600 | | |
| കാഷ് പെയ്മെന്റ് വൗച്ചർ No.57/19-20 | 103352 /25.10.2019 | 10,000 | ടൈൽ വിരിക്കുന്ന തിനുള്ള കൂലി ചെലവ് | പണമായി നൽകിയ ചെലവ്. (വൗച്ചറുകൾക്ക് സബ്‌വൗച്ചർ നമ്പറുകൾ നൽകിയിട്ടില്ല.) |
| ” 58 | 103353/ 25.10.2019 | 49,368 | ” | ” |
| ” 59 | 103354/ 28.10.2019 | 40,250 | ” | ” |
| ആകെ | | 99,618 | | |

ടൈൽ വാങ്ങിയ ഇനത്തിൽ 2,59,600/- രൂപയും ടൈൽ വിരിക്കുന്നതിനുള്ള കൂലി ഇനത്തിൽ 99,618/- രൂപയും ഉൾപ്പെടെ ആകെ 3,59,218/- രൂപയുള്ള പ്രവൃത്തി ആണ് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെണ്ടർ നടപടികൾ ഒഴിവാക്കിയും നടത്തിയത്. മേൽ അപാകതയ്ക്ക് മറുപടി നൽകാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 5/19-20/സെൻറർ ഫോർ സയൻസ് ഇൻ സൊസൈറ്റി തീയതി 20.10.2021 -ആയി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. തുടർന്ന് ഓഡിറ്റ് നോട്ട്സ് പുറപ്പെടുവിച്ചതിനു ശേഷം ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നടപടി സ്വീകരിക്കാതിരുന്നതിന് നൽകിയ വിശദീകരണം തൃപ്തികരമല്ല. ടൈൽ വിരിക്കുന്ന പ്രവൃത്തിക്കായി ചെലവഴിച്ച 3,59,218/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-19-5 കുസെക്ക് - സൂക്ഷിപ്പിൽ വീഴ്ച- 47 പുതിയ കമ്പ്യൂട്ടറുകൾ വെള്ളം കയറി നശിച്ചു

സർവ്വകലാശാല ഉത്തരവ് നം. AcA4/13223/2010 cucek തീയതി.10.06.2019 പ്രകാരം പുളിങ്കുന്ന് കുസെക്ക് കാമ്പസിലെ എം.സി.എ കോഴ്സിന്റെ ആവശ്യങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു

കമ്മറ്റിയെ നിയോഗിച്ചിരുന്നു. ബഹു.വൈസ്ചാൻസലറുടെ നിർദ്ദേശപ്രകാരം, 2018 ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ കാമ്പസിന്റെ പൊതുവായ ആവശ്യങ്ങളേയും കൂടി പഠനത്തിൽ ഉൾപ്പെടുത്തി കമ്മറ്റി റിപ്പോർട്ട് സമർപ്പിക്കുകയും (തീയതി റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല) അജണ്ട ഐറ്റം നം.668 ആയി സിൻഡിക്കേറ്റിന്റെ 28.09.2019 ൽ ചേർന്ന 668-മത് യോഗം മേൽ പഠന കമ്മറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ റിപ്പോർട്ടിലെ ഖണ്ഡിക A.3 പ്രകാരം പുതുതായി വാങ്ങി പാക്കിംഗ് കേസ് പോലും പൊട്ടിക്കാത്ത 47 കമ്പ്യൂട്ടറുകൾ 2018 ലെ വെള്ളപ്പൊക്കത്തിൽ വെള്ളം കയറി നശിച്ചതായി പറയുന്നുണ്ട്. നശിച്ചുപോയ കമ്പ്യൂട്ടറുകൾക്കു പകരം പുതിയവ വാങ്ങാനും റിപ്പോർട്ടിൽ ശുപാർശ ചെയ്യുന്നു. കുസെക്കിലെ ഭരണവിഭാഗം ഉൾപ്പെടെ പ്രവർത്തിക്കുന്ന പ്രധാന കെട്ടിടം 5 നിലകളുള്ള കെട്ടിടമാണ്. ആഗസ്റ്റ് മാസം ഉണ്ടായ പ്രളയ സമയത്ത് ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിച്ചത് ഈ കെട്ടിടത്തിലാണ്. പ്രളയ സാധ്യതാപ്രദേശത്ത് സ്ഥിതിചെയ്യുന്ന ക്യാമ്പസിന്റെ മറ്റൊരു കെട്ടിടത്തിലെ താഴത്തെ നിലയിൽ പുതിയതായി വാങ്ങിയ 47 കമ്പ്യൂട്ടറുകൾ സ്റ്റോക്ക് ചെയ്തത് മൂലമാണ് പ്രളയസമയത്ത് വെള്ളം കയറി ഇവ നശിച്ചുപോകാൻ കാരണമായത്. 2013 ലും ഇവിടെ വെള്ളം കയറിയതായി ഫയലുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ട്. ഈ സാഹചര്യത്തിൽ പുതിയതായി വാങ്ങിയ കമ്പ്യൂട്ടറുകൾ മുകളിലത്തെ നിലകളിൽ സ്റ്റോക്ക് ചെയ്തിരുന്നെങ്കിൽ ഇങ്ങനെ സർവ്വകലാശാലക്ക് സംഭവിച്ച ഭീമമായ നഷ്ടം ഒഴിവാക്കാമായിരുന്നതാണ്. സിൻഡിക്കേറ്റ് കമ്മറ്റിയുടെ മേൽ പഠനറിപ്പോർട്ടിലെ ഖണ്ഡിക A.3 യിൽ പറയുന്ന വെള്ളം കയറി നശിച്ചുപോയ 47 കമ്പ്യൂട്ടറുകളുടെ ഇൻവോയ്സും രേഖകളും അവയുടെ മൂല്യം തിട്ടപ്പെടുത്തുന്നതിനായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ 47 കമ്പ്യൂട്ടറുകളും സ്റ്റോക്കിൽ ഉൾപ്പെടുത്തിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്. കൂടാതെ, പ്രളയവുമായി ബന്ധപ്പെട്ട് സർവ്വകലാശാല തിട്ടപ്പെടുത്തിയ കണക്കിൽ ഈ നഷ്ടം ഉൾപ്പെടുന്നുണ്ടോയെന്നും എന്ത് നടപടിക്രമങ്ങളാണ് നാശനഷ്ടമായി കണക്കാക്കി മുകളിൽ പറഞ്ഞ 47 കമ്പ്യൂട്ടറുകൾ സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ളതെന്നും, ക്ഷമതയുള്ള അധികാരസ്ഥാനത്തിന്റെ അംഗീകാരത്തോടെയാണോ മേൽ നടപടിക്രമങ്ങൾ നടത്തിയിട്ടുള്ളതെന്നും രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-19-6 കുസെക്ക് - CPRCS മുഖേന അല്ലാതെ കമ്പ്യൂട്ടറുകൾ വാങ്ങിയത് - 25,93,666/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതു മേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ ഒരു

ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in) സംവിധാനത്തിലൂടെ വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം 18.11.2017 ലെ സ.ഉ(എം.എസ്) നം.24/2017/ITD പ്രകാരം രൂപീകരിക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകളുടേയും, സ്വയംഭരണ സ്ഥാപനങ്ങളുടേയും ആവശ്യങ്ങൾ മുൻനിർത്തി കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിന്നുമുള്ള വർക്ക് ഓർഡർ പ്രകാരം വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ടി സംവിധാനത്തിൽ ഏർപ്പെടുത്തിയിരിക്കുന്നത്.

ഓരോ സാമ്പത്തിക വർഷവും സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി പല സന്ദർഭങ്ങളിൽ നടത്തിയിരുന്ന പ്രത്യേക ടെണ്ടറുകളും, അതിനുവേണ്ടി ചെലവാകുന്ന മാനുഷിക അദ്ധ്വാനം, ധനവിനിയോഗം, അംഗീകാരത്തിനായി വിവിധ തലങ്ങളിൽ വേണ്ടിവരുന്ന പരിശോധന എന്നിവ കുറയ്ക്കുന്നതിനും, കൂടാതെ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകതക്കനുസരിച്ച് വലിയ ടെണ്ടർ ചെയ്യുമ്പോൾ ഐ.റ്റി ഉപകരണങ്ങളുടെ വിലയിൽ ലഭ്യമാകുന്ന ആനുകൂല്യം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ്(Centralised procurement) സംവിധാനത്തെ സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായി ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകിക്കൊണ്ട് സർക്കാർ നടപ്പിലാക്കിയ ഈ സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശം ആദ്യ ഖണ്ഡികയിൽ പറഞ്ഞ CPRCS രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലൂടെ നൽകിയിരുന്നതാണ്. എന്നാൽ ഈ സംവിധാനത്തിൽ ഉൾപ്പെടാത്ത ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ വകുപ്പ് ടെക്നിക്കൽ കമ്മറ്റിയുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തോ അല്ലാതെയോ വാങ്ങുന്നതിനുള്ള അനുവാദവും വകുപ്പുകൾക്ക് നൽകിയിട്ടുണ്ടായിരുന്നു.

2018 മാർച്ച് 15 നോടകം തന്നെ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിന്റെ സർക്കാർ പോർട്ടലിൽ (www.cprcs.kerala.gov.in) ടെണ്ടർ നടപടികളിലൂടെ വിവിധ ഐ.റ്റി ഉപകരണങ്ങളുടെ വില നിശ്ചയിച്ച് , വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും വർക്ക് ഓർഡർ നൽകുവാൻ ഉതകുന്ന തരത്തിൽ സൗകര്യം ഏർപ്പെടുത്തിയിരുന്നു. വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന എന്ന സവിശേഷതയാണ് ഈ സംവിധാനത്തിൽ ഉണ്ടായിരുന്നത്. ഓഫീസ് ഉപയോഗത്തിന് ആവശ്യമായ എല്ലാവിധ ഐ.റ്റി ഉപകരണങ്ങൾക്കുമുള്ള റേറ്റ് കോൺട്രാക്ടുകൾ

സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടലിൽ (www.cprcs.kerala.gov.in) 2019-20 സാമ്പത്തിക വർഷത്തിൽ ലഭ്യമായിരുന്നു. ഐ.ടി പർച്ചേസുകൾക്കായി പ്രത്യേക ടെണ്ടറുകൾ വിളിച്ച് കൂടിയ തുകയിൽ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നത് സ്ഥാപനത്തിന്റെ ധനദുർവിനിയോഗമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളൂ. ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ(ഐ.ടി സെൽ) വകുപ്പിന്റെ 18.03.2019 ലെ സർക്കുലർ നം.ഐ.റ്റി സെൽ-1/26/2019/വി.സ.വ പ്രകാരം സർവ്വകലാശാല ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളോട് CPRCS പോർട്ടലിലൂടെ മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിക്കുകയും സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിൽ ഉൾപ്പെടുത്തിയുള്ള ഐ.റ്റി ഉപകരണങ്ങൾ ഇതര മാർഗ്ഗങ്ങളിലൂടെ കൂടിയ വിലയ്ക്ക് വാങ്ങുകയാണെങ്കിൽ ഉപകരണങ്ങൾക്ക് അധികം നൽകേണ്ടിവരുന്ന വില പർച്ചേസിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും, ഇപ്രകാരം ചെലവഴിച്ച അധിക തുക മേൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും സ്ഥാപനത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നതുമാണ്.

മേൽ സാഹചര്യം നിലനിൽക്കെയാണ് CPRCS ലൂടെ അല്ലാതെ ആകെ 25,93,666/- രൂപയുടെ കമ്പ്യൂട്ടർ ഉപകരണങ്ങൾ കുസെക്ക് വാങ്ങിയിട്ടുള്ളത്. വാങ്ങലിന്റെ വിശദവിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | സി.ബി നം | ചെക്ക് നം/ തീയതി | തുക | ഇൻവോയ്സ് നം./തീ. | ഇനം |
|---|---|---|---|---|---|
| 1 | 328/19-20 | 855750<br>23.01.2020 | 6,43,335 | MIS/19-20/274<br>20.11.19 Mccaan Info Solution, Mumbai | Desktop PC 15 Nos. |
| 2 | 344/19-20 | 855761<br>07.02.2020 | 13,23,000 | IESB/1148<br>30.12.2019 Excel Systems, Kadavanthra Jn. | EXCEL Desktop Computer 35 Nos. |
| 3 | 394/19-20 | 855801<br>12.03.2020 | 6,27,331 | MIS/19-20/380<br>31.1.2020 Mccaan Info Solution, Mumbai | Desktop PC 15 Nos. |
| | | **ആകെ** | **25,93,666** | | |

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി CPRCS ലൂടെ അല്ലാതെ 25,93,666/- രൂപയുടെ കമ്പ്യൂട്ടർ പർച്ചേസ് നടത്തിയതിന് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 8/19-

20/കുസെക്ക് തീയതി 12.01.2022 ആയി ഓഡിറ്റ് എൻക്വയറി നൽകി. പ്രസ്തുത ഓഡിറ്റ് എൻക്വയറിക്ക്, കുസെക്ക്/എൽ.എഫ്.എ/2019-20 & 20-21 നമ്പരായി നൽകിയ മറുപടിയിൽ ഉയർന്ന സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ CPRCS വഴി ലഭ്യമല്ലാത്തതിനാലും MCA/B.Tech കുട്ടികൾക്ക് ആയത് അത്യാവശ്യമായതിനാലും സർവ്വകലാശാലയുടെ പ്രത്യേക ഉത്തരവ് പ്രകാരമാണ് കമ്പ്യൂട്ടറുകളും പ്രിന്ററും വാങ്ങിയിട്ടുള്ളത് എന്നും വാങ്ങലിന്റെ പ്രഥമിക കാര്യങ്ങൾ സർക്കുലർ വരുന്നതിനുമുൻപേ ആരംഭിച്ചിരുന്നു എന്നും കുസെക്ക് പ്രിൻസിപ്പൽ അറിയിച്ചു. എന്നാൽ സർവ്വകലാശാലയുടെ ACA4/13223/2010 CUCEK തീയതി 10.6.2019 ഉത്തരവിലൂടെ കമ്പ്യൂട്ടറുകൾ CPRCS മുഖേന വാങ്ങുന്നതിനുള്ള നിർദ്ദേശം കുസെക് പ്രിൻസിപ്പലിന് നൽകിയിരുന്നതാണ്. വാങ്ങലിന്റെ പ്രാഥമിക കാര്യങ്ങൾ സർക്കുലർ വരുന്നതിനു മുൻപേ ആരംഭിച്ചിരുന്നു എന്നുള്ളത് മതിയായ മറുപടിയല്ല. മേൽ സാഹചര്യത്തിൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കാത്തതിനാൽ 25,93,666/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19-7 <u>കുസെക്ക് -ജിംനേഷ്യത്തിലെ ഉപകരണങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ച</u>

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ജിനേഷ്യം നടത്തിപ്പുമായി ബന്ധപ്പെട്ട് 10,80,626/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. 15.09.2018 ലെ ഇ-ടെണ്ടർ റഫറൻസ് നം. CUCEK/A9/Health club/2018 (e-tender ID No.2018-CUSAT-238555-1) പ്രകാരം 17,84,000/- രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി ജിംനേഷ്യത്തിലേക്ക് ആവശ്യമായ 26 ഇനം ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനായി പരസ്യം നൽകിയിരുന്നു. ഇതിൽ ഏറ്റവും കുറഞ്ഞ തുകയായ 10,49,250/-രൂപ ക്വാട്ട് ചെയ്ത ബോഡി ഫിറ്റ്നസ് സൊലൂഷൻസ്, ട്രിവാൻഡ്രം എന്ന സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുന്നതിന് ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് ഇ-ടെണ്ടറിലെ പ്രൈസ് ഷെഡ്യൂൾ പ്രകാരം ക്രമ നം.1.03 മുതൽ 1.26 വരെയുള്ള 24 ഇനം സപ്ലൈ ചെയ്ത ഇനത്തിൽ 14.10.2019 ലെ ഇൻവോയ്സ് നമ്പർ 253 പ്രകാരം 8,79,250/- രൂപ (സപ്ലൈ & ഇൻസ്റ്റലേഷൻ ചാർജ്ജ്) യുടെ പർച്ചേസ് ബിൽ കുസെകിന് കൈമാറിയിരുന്നതിന്റെ അടിസ്ഥാനത്തിൽ 10.3.2020 ലെ ചെക്ക് നം.5339072 പ്രകാരം M/s ബോഡി ഫിറ്റ്നസിന് നൽകിയിട്ടുണ്ട്.(കണ്ടിജന്റ് ബിൽ നം. 241/2019-20 തീയതി.10.2019 വൗച്ചർ നം.941/19-20)

തുടർന്ന് ഇ-ടെണ്ടറിലെ പ്രൈസ് ഷെഡ്യൂളിലെ ഐറ്റം.നം.1.01&1.02 സപ്ലൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇൻവോയ്സ് നം. ബി.028 പ്രകാരം 1,70,000/- രൂപയുടെ പർച്ചേസ് ബിൽ ഹാജരാക്കുകയും മേൽ തുക 20.03.2020 ലെ ചെക്ക് നം. 855813 പ്രകാരം സ്ഥാപനത്തിന് കൈമാറുകയും ചെയ്തു. (കണ്ടിജന്റ് ബിൽ നം.297/19-20 തീ.16.12.2019).

മുകളിൽ രേഖപ്പെടുത്തിയ ചെലവുകൾക്കു പുറമേ ജിംനേഷ്യത്തിലേക്ക് ആവശ്യമായ സാധാരണ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ ഡി.ഡി.എഫ് അക്കൗണ്ടിൽ നിന്നും (A/c No.57042777496 SBI, പുളിങ്കുന്ന്) 31,376/- രൂപ കൂടി ചെലവു ചെയ്തിട്ടുണ്ട്. അതായത് ജിംനേഷ്യം പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആകെ 10,80,626/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ജിംനേഷ്യം നേരിട്ട് സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ വിവരിക്കുന്നു.

എ) അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ പർച്ചേസ് നടത്തുകയും ഉപകരണങ്ങൾ കൃത്യമായി പരിപാലിച്ചിട്ടില്ലാത്തതുമായി കാണുന്നു. കാലവർഷ സമയത്ത് ജിംനേഷ്യം പ്രവർത്തിക്കുന്ന വർക്ക്ഷോപ്പ് കെട്ടിടത്തിൽ വെള്ളം കയറിയതുമൂലം ഉപകരണങ്ങൾക്ക് കേടുപാടു സംഭവിച്ചിട്ടുണ്ട്. കുട്ടനാടു പോലെ പ്രളയബാധ നിരന്തരം ഉണ്ടാകുന്ന സ്ഥലത്ത് മുന്നൊരുക്കങ്ങൾ കൂടാതെ ഉപകരണങ്ങൾ സൂക്ഷിച്ചത് ശരിയായ നടപടിയല്ല.

ബി) വെള്ളം കെട്ടി നിന്നതുമൂലം ഉപകരണങ്ങളിൽ ചെളി അടിഞ്ഞിട്ടുള്ള അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. ഈ അവസ്ഥയിൽ ഉപകരണങ്ങൾ പ്രവർത്തിപ്പിച്ചാൽ മോട്ടോർ കേടാകും എന്നതിനാൽ നാളിതുവരെ ഇവ പ്രവർത്തിപ്പിച്ചു നോക്കിയിട്ടില്ല എന്നതാണ് ഇതിന്റെ താൽക്കാലിക ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. അതായത് M/s ബോഡി ഫിറ്റ്നസ് സൊല്യൂഷൻസുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഒരു വർഷത്തെ ഗാരന്റി ഉറപ്പു നൽകിയിരുന്നുവെങ്കിലും ഇതു സംബന്ധിച്ച് തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല.

സി) ജിംനേഷ്യത്തിന്റെ ചുമതല വഹിക്കുന്നതിനായി സ്ഥിരമായ ഒരു ഉദ്യോഗസ്ഥൻ ഇല്ലാത്തതും ട്രെയിനർ എന്ന നിലയ്ക്ക് ഉദ്യോഗസ്ഥരൊന്നും ഇല്ലാത്തതുമായ സാഹചര്യത്തിൽ ഇത്തരമൊരു പർച്ചേസ് നടത്തിയത് ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല എന്നു വ്യക്തമാണ്.




**ചെളി നിറഞ്ഞ ജിംനേഷ്യം**

വിദ്യാർത്ഥികൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ഉപകരണങ്ങൾ പ്രവർത്തനയോഗ്യമാക്കി മഴവെള്ളം കയറാത്ത മുറിയിൽ ഇവ സജ്ജീകരിക്കേണ്ടതാണ്. കൂടാതെ ട്രെയിനറുടെ സേവനവും ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് സർവ്വകലാശാലാ അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-19-8 നാഷണൽ സെന്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത് - ഓൺലൈൻ തട്ടിപ്പ് മൂലം 28,35,624/- രൂപയുടെ സഞ്ചിത നഷ്ടം

"Lyophilizer Freeze Dryer." എന്ന ഉപകരണം വാങ്ങുന്നതിന് റൂസ (RUSA-Rashtriya Uchathar Shiksha Abhiyan)ഫണ്ടിൽ നിന്ന് നാഷണൽ സെന്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത്-ന് അനുവദിച്ച തുകയിൽ നിന്നും 14,16,247/- രൂപ ഇ-തെഫ്റ്റ് - ലൂടെ 2017-18 സാമ്പത്തിക വർഷത്തിൽ നഷ്ടപ്പെട്ടിരുന്നു. ഇതിന്റെ വിശദവിവരങ്ങൾ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തുകയും നഷ്ടപ്പെട്ട തുക തിരികെ ലഭ്യമാക്കാൻ സാധിക്കാത്ത പക്ഷം ഈ കാലയളവിലെ ഡയറക്ടർ വത്സമ്മ ജോസഫിൽ നിന്നും തുക ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ 03.03.2020-ൽ ചേർന്ന സ്ഥാപനത്തിലെ ഡിപ്പാർട്ടുമെന്റ് ഡെവലപ്മെന്റ് കൗൺസിൽ തീരുമാനമെടുത്ത് മേൽ പ്രകാരം നഷ്ടപ്പെട്ട തുക ഡി.ഡി.എഫ്-ൽ(ഡിപ്പാർട്ട്മെന്റ് ഡവലപ്മെന്റ് ഫണ്ട്) നിന്നും റൂസ ഫണ്ടിലേക്ക് അടവാക്കിയിരിക്കുന്നു. നഷ്ടപ്പെട്ട തുക ഉൾപ്പെടെ ആകെ 14,19,377/-രൂപയാണ് അടവാക്കിയത്. ഇ-തെഫ്റ്റ് ലൂടെ 14,16,247/-രൂപ നഷ്ടപ്പെട്ടതായും റൂസ ഫണ്ടിലേക്ക് 14,19,377/-രൂപ (ചെക്ക് നം.488590 തീ.20.03.2020 ) തിരികെ അടവാക്കുകയും ചെയ്തപ്പോൾ സർവ്വകലാശാലയ്ക്ക് സംഭവിച്ച സഞ്ചിത നഷ്ടം 28,35,624/- രൂപയുടേതാണ്. ( 14,16,247+14,19,377) കാരണം ഈ തുകയ്ക്ക് ഉപകരണം വാങ്ങിയിരുന്നെങ്കിൽ റൂസ ഫണ്ടിലേക്ക് തുക തിരികെ അടവാക്കേണ്ടി വരില്ലായിരുന്നു. ഇപ്പോൾ ഫലത്തിൽ 14,19,377/- രൂപ ഡി.ഡി.എഫിൽ നിന്നും ചെലവാകുകയും യാതൊരു ആസ്തിയും വകുപ്പിന് ലഭിക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. വകുപ്പുകളുടെ വികസനത്തിനും സ്വയംഭരണത്തിനുമായി സുഗമമായ ഫണ്ട് ലഭ്യത ഉറപ്പാക്കുന്നതിന് വേണ്ടിയാണ് സർവ്വകലാശാലയുടെ PLB2/Mis/95 തീയതി 20.4.1995 നമ്പരായുള്ള ഉത്തരവിലൂടെ ഡി.ഡി.എഫ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്. മേൽ ഉത്തരവിന്റെ അപ്പന്റിക്സ് ആയി ഡി.ഡി.എഫ് -ന്റെ ആശയം, പണലഭ്യതയുടെ ഉറവിടങ്ങൾ, ഏതൊക്കെ ആവശ്യങ്ങൾക്ക് തുകകൾ ചെലവഴിക്കാം, ഫണ്ട് പ്രവർത്തിപ്പിക്കേണ്ടത് എങ്ങനെയാണ് എന്നീ കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അപ്പന്റിക്സിന്റെ ഖണ്ഡിക '3' ലാണ് ചെലവിന്റെ കാര്യങ്ങൾ പറയുന്നത്.

മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അപ്പന്റിക്സിന്റെ ഖണ്ഡിക '3'-ൽ സൂചിപ്പിക്കുന്ന ചെലവിനങ്ങൾ താഴെ ചേർക്കുന്നു.

EXPENDITURE WHICH CAN BE INCURRED FROM DDF

Expenditure from DDF is mainly intended for the development of the infrastructural facilities of the Department.

Suggested items of expenditure are:

* Repair, maintenance, and beautification of the building and its premises.
* Repair/maintenance and purchase of furniture and equipments.
* Refreshment charges for guests, visiting faculty and for formal meetings of the faculty and of the Department in general.
* Common functions organized by the faculty such as welcome to new faculty member, farewell to an out-going or retiring faculty member, etc.

ഡി.ഡി.എഫിൽ നിന്നുള്ള വിഭാവനം ചെയ്യപ്പെട്ട ചെലവുകൾക്കല്ലാതെ തുക ചെലവഴിക്കാൻ എടുത്ത തീരുമാനം നിയമപ്രകാരം നിലനിൽക്കുന്നതല്ല. ഡി.ഡി.എഫ്- ന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ ഉൾപ്പെടാത്ത കാര്യത്തിന് ചെലവഴിച്ച 14,19,377/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇ-തെഫ്റ്റ് സംബന്ധിച്ച് First information Report No.1022 തീ.17.04.2018 പ്രകാരം IPC 1860 Sec.420 പ്രകാരവും ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ്, Sec.66, 66(C), 66(D) എന്നിവ പ്രകാരവും, റിട്ട് പെറ്റീഷൻ നം.2388/2020 പ്രകാരവും കേസുകൾ നടന്നുവരുന്നതായി വകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളിൽ നിന്ന് വ്യക്തമാണ്.എന്നിരുന്നാലും വാങ്ങൽ നടപടിക്രമങ്ങളിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടോ, ആയതുകാരണമാണോ ഇ-തെഫ്റ്റ് സംഭവിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായത് എന്നീ കാര്യങ്ങളിൽ സർവ്വകലാശാല അന്വേഷണം നടത്തി, അപാകതകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഉത്തരവാദികളെ നിശ്ചയിച്ച് ,നഷ്ടപ്പെട്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാനുള്ള ശ്രമം സർവ്വകലാശാല സ്വീകരിച്ചതായി കാണുന്നില്ല. ഇത്തരം അന്വേഷണം നടത്തുന്നതിനും ഉത്തരവാദികളെ നിശ്ചയിക്കുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ഇതിന്റെ തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഉത്തരവാദികളായ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് അവരിൽ നിന്നും നഷ്ടം ഈടാക്കി ഡി.ഡി.എഫ് അക്കൗണ്ടിൽ അടവാക്കുന്നതിന് വിധേയമായി മാത്രമേ ഡി.ഡി.എഫിൽ നിന്നും ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 14,19,377 രൂപയുടെ തടസ്സം ഒഴിവാക്കാൻ കഴിയുകയുള്ളൂ. ഡി.ഡി.എഫ്-ൽ നിന്ന് വകുപ്പ് മേധാവിക്ക്

ചെലവഴിക്കാവുന്ന തുക 5,000/- രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ടെങ്കിലും വകുപ്പിന് ചെലവഴിക്കാവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടില്ല. മേൽ പ്രകാരം വൻ തുകകൾ ചെലവഴിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സർവ്വകലാശാല , ഡി.ഡി.എഫ്-ൽ നിന്നും അതാത് വകുപ്പുകൾക്ക് ചെലവഴിക്കാവുന്ന പരമാവധി തുക നിശ്ചയിക്കുകയും അതിന് മുകളിലുള്ള തുകകൾ ചെലവഴിക്കുന്നതിന് സർവ്വകലാശാല ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ എന്നിവരുടെ അംഗീകാരം ആവശ്യമാണെന്ന് നിഷ്കർഷിക്കുകയും ചെയ്യാവുന്നതുമാണ്.

## 3-19-9 പ്രോജക്ടുകളുടെ ചെലവ് തുക ഫണ്ടിംഗ് ഏജൻസിയിൽ നിന്നും പൂർണ്ണമായും ലഭ്യമായിട്ടില്ല

സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിലെ അദ്ധ്യാപകർ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർമാരായി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് കേന്ദ്ര /സംസ്ഥാന സർക്കാരുകൾക്ക് കീഴിലുള്ള വിവിധ ഏജൻസികളിൽ നിന്നും തുക അനുവദിക്കാറുണ്ട്. ഓരോ സാമ്പത്തികവർഷത്തേയും ചെലവുവിവരങ്ങളും ധനവിനിയോഗസാക്ഷ്യപത്രവും ഫണ്ടിംഗ് ഏജൻസിക്ക് ലഭ്യമാകുന്ന മുറക്കാണ്, തൊട്ടടുത്ത വർഷത്തേക്കുള്ള തുക ഫണ്ടിംഗ് ഏജൻസി സർവ്വകലാശാലക്ക് കൈമാറുന്നത്. എന്നാൽ ചില ഫണ്ടിംഗ് ഏജൻസികളിൽ നിന്നും യഥാസമയം ഫണ്ട് ലഭ്യമാകാത്ത സന്ദർഭങ്ങളിൽ ,സർവ്വകലാശാല തന്നെ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർമാർക്ക് പ്രോജക്ട് തുടരുന്നതിനുള്ള ചെലവ് തുക നൽകിയിട്ടുണ്ട്. ഇപ്രകാരം ഫണ്ടിംഗ് ഏജൻസിയിൽ നിന്നും സർവ്വകലാശാലക്ക് ലഭ്യമാകേണ്ട തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1)ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ-കാലാവധി പൂർത്തീകരിച്ച പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കാലയളവ് | ഫണ്ടിങ്ങ് ഏജൻസി | പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ | പ്രോജക്ടിന്റെ ചെലവ് തുക | ഫണ്ടിങ്ങ് ഏജൻസി അനുവദിച്ച തുക | ലഭിക്കാൻ ബാക്കിയുള്ള തുക | റിമാർക്ക് |
|---|---|---|---|---|---|---|---|---|
| സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ് | | | | | | | | |
| 1 | Resource assessment and biology of deep sea crustaceans inhabiting the continental slope of Arabian sea and central Indian Ocean | 4.9.2012 മുതൽ 3.9.2017 വരെ | MoES /CMLRE | ഡോ. എം.ഹരി കൃഷ്ണൻ | 54,79,701 | 39,20,000 | 15,59,701 | മിനിസ്ട്രി ഓഫ് എർത്ത് സയൻസിന്റെ 29.3.2021-ലെ MOES/ CMLRE/10-MLR-TD/04/2012 പ്രകാരം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | സർവ്വകലാ ശാല യിലേക്ക് തുക കൈമാറിയ തായി ഓഡിറ്റ് അന്വേഷണം നം. 11/SIF/25.11 .2021-നുള്ള മറുപടിയിൽ സ്കൂൾ ഓഫ് ഇൻഡസ്ട്രി യൽ ഫിഷറീസിൽ നിന്നും അറിയിച്ചി രുന്നു .തുക വകുപ്പിൽ ലഭ്യമായി ട്ടുണ്ടെ ങ്കിൽ ആയതിന്റെ വിവരം ഹാജരാക്കേ ണ്ടതാണ്. |
| 2 | Adaptation research a transdis-ciplinary transac-tional community and policy centred approach | 23.12.2013 മുതൽ 22.12.2017 വരെ | MoES /CMLRE | ഡോ. കെ.ടി തോംസൺ | 1,46,36,706 | 65,10,000 | 81,26,706 | |
| സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | | | | | | | | |
| 3 | Role of patenting on Firms' performance Emperical Evidence from India | 12.03.2018 മുതൽ 30.04.2019 വരെ | IUCIPRS CUSAT | ഡോ. സന്തോഷ്-കുമാർ പി.കെ | 90,747 | 75,000 | 15,747 | |
| ഫിസിക്സ് വകുപ്പ് | | | | | | | | |
| 4 | Project Workshop-Emergent Gravity Paradigm | 8.11.2019 മുതൽ 10.11.2019 വരെ | IUCAA | ഡോ .ടൈറ്റസ് കെ.മാത്യു | 4,12,885 | 2,00,000 | 2,12,885 | |
| അറ്റ്മോസ്ഫറിക് സയൻസ് വകുപ്പ് | | | | | | | | |
| 5 | Diurral variation of Deep connective clouds over | 18.3.2017 മുതൽ 17.3.202 | സയൻസ് & എഞ്ചിനീ | ഡോ. കെ .സതീശൻ | 31,66,450 | 11,54,637 | 20,11,813 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | Indian Regions and its relation to Monsoon precipitation | 0 വരെ | യറിംഗ് റിസർച്ച് ബോർഡ് | | | | | |
| നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് | | | | | | | | |
| 6 | Selection & identification of of immuno-competent early life stages of the giant fresh water, prawn macrobra-chium rosenbergii based on differential mRNA expression. | 18.6.2016 -ൽ പൂർത്തീകരിച്ച പ്രോജക്ട് | DST | ഡോ. ബ്രൈറ്റ് സിംഗ് | ലഭ്യമല്ല | ലഭ്യമല്ല | 3,10,000 | |
| | ആകെ | | | | | | 1,22,36,852 | |

2)ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ലഭ്യമാകേണ്ട തുകയുടെ വിവരങ്ങൾ-2019-20 വർഷം തുടരുന്ന പ്രോജക്ടുകൾ

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | കാലയളവ് | ഫണ്ടിങ് ഏജൻസി | പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ | പ്രോജക്ടിന്റെ ആകെ തുക | ഫണ്ടിങ് ഏജൻസി അനുവദിച്ച തുക | ലഭിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| അറ്റ്മോസ്ഫറിക് സയൻസ് വകുപ്പ് | | | | | | | |
| 1 | High Resolution climate modelling in India | 22.03.2017 മുതൽ 22.09.2020 വരെ | DST-PROJECT 488 | ഡോ. കെ.സതീശൻ | 78,76,356 | 41,66,800 | 37,09,556 |
| ബയോടെക്നോളജി വകുപ്പ് | | | | | | | |
| 2 | Search for novel anti ancer econdary metabolites from Endo-phytic fungi of selected marine algae and evaluation of their mecha-nism of ation | 02.03.2017 മുതൽ 01.03.2021 വരെ | ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി | ഡോ. സരിത ജി.ഭട്ട് | 28,13,347 | 16,33,175 | 11,80,172 |
| നാഷണൽ സെന്റർ ഫോർ അക്വാട്ടിക് ആനിമൽ ഹെൽത്ത് | | | | | | | |
| 3 | Marine synthetic biology, Building naitonal | 28.12.2017 മുതൽ 27.06.2021 വരെ | ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി | ഡോ. ബ്രൈറ്റ്സിംഗ് | 56,11,664 | 26,86,684 | 29,24,980 |

| | | | | | | | |
|---|---|---|---|---|---|---|---|
| | capacity and human resource | | | | | | |
| 4 | Bioprospecting for neuroprote-ctive compounds from an endosym-biotic fungi Aspergillus sp.MCCF 102 isolated from a Marine Sponge as potential drug candidate against neurode-generative disorders. | 22.02.2019 മുതൽ 21.02.2022 വരെ | ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി | ഡോ. സജീവൻ. ടി.പി | 36,88,162 | 36,77,805 | 10,357 |
| 5 | Molecular screening , cell culture based isolation and characteri-sation of finfish and shellfish viruses and establish-ment of national repository. | 11.07.2017 മുതൽ 31.03.2021 വരെ | ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി | ഡോ. സജീവൻ. ടി.പി | 1,18,66,300 | 88,76,700 | 29,89,600 |
| 6 | Nutritional evaluation, segregation and production, optimization of novel Marine microalgae for establish-ments as live feeds in fish and shell fish culture. | 14.03.2018 മുതൽ 13.03.2021 വരെ | ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി | ഡോ.വത്സമ്മ ജോസഫ് | 57,26,931 | 46,74,905 | 10,52,026 |
| 7 | Indo-Us initiatives on innovative reforms in Marine biotechno-logy educa-tion and research and development of sustainable aquaculture | 01.08.2015 മുതൽ 31.07.2019 വരെ | UGC | ഡോ. ഐ.എസ്. ബ്രൈറ്റ്സിംഗ് | 1,11,11,029 | 56,95,000 | 54,16,029 |

| | | | | | | | |
|---|---|---|---|---|---|---|---|
| | production systems for inclusive economic growth and sustainable development. | | | | | | |
| 8 | M.Tech Marine Bio Technology | ലഭ്യമല്ല | ഡിപ്പാർട്ട്മെന്റ് ഓഫ് ബയോ ടെക്നോളജി | ഡോ.വത്സമ്മ ജോസഫ് | 31,68,324 | 28,11,962 | 3,56,362 |
| | ആകെ | | | | | | 1,76,39,082 |

വിവിധ ഫണ്ടിംഗ് ഏജൻസികളിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിക്കുവാൻ ബാക്കി നില്ക്കുന്ന 2,98,75,934/- രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും, തുകകൾ സർവ്വകലാശാലക്ക് ലഭ്യമാകുമ്പോൾ ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-19-10 ഇലക്ട്രോണിക്സ് വകുപ്പ്-പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ പ്രോജക്ട് ഇൻവെസ്റ്റിഗേറ്റർ വകുപ്പിന് കൈമാറിയില്ല.

(1) KSCSTE എമരിറ്റസ് സയന്റിസ്റ്റ് ആയി 12.11.2016 മുതൽ 13.11.2019 വരെ ഇലക്ട്രോണിക്സ് വകുപ്പിൽ പ്രവർത്തിച്ചിരുന്ന ഡോ.ടെസ്സമ്മ തോമസ് പ്രോജക്ട് ഫണ്ടിലെ 'കണ്ടിജൻസി' ഗ്രാന്റിനത്തിൽ വകയിരുത്തിയിരുന്ന തുകയിൽ നിന്നും ഒരു ലാപ്ടോപ്പ്, ഒരു ഐപാഡ് എയർ ടാബ്ലറ്റ് എന്നിവ വാങ്ങിയിരുന്നു. ഈ വാങ്ങലുകൾക്ക് ഗവേഷണാവശ്യത്തിനുള്ളവ എന്ന് കാണിച്ച് നികുതിയിളവും സമ്പാദിച്ചിരുന്നു. എന്നാൽ പ്രോജക്ട് പൂർത്തീകരിച്ച് നാളിതുവരെ ഈ ഉപകരണങ്ങൾ വകുപ്പിന് കൈമാറിയിട്ടില്ല. ഐപാഡിനായി 40,900/-രൂപയും ലാപ്ടോപിനായി 66,150/- രൂപയും ചെലവഴിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് 14.07.2020 ന് ഇലക്ട്രോണിക്സ് വകുപ്പിൽ നിന്നും ഡോ.ടെസ്സമ്മ തോമസിന് നൽകിയ കത്ത് നം.EL 21/20-21/164 നുള്ള മറുപടിയിൽ ലാപ്ടോപ്പ് ഗവേഷണ ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും, ഐപാഡ് സ്വന്തമായി വാങ്ങിയെന്നുമാണ് സൂചിപ്പിച്ചിട്ടുള്ളത്.

പ്രോജക്ട് അവസാനിച്ചതിനാൽ പ്രോജക്ട് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഉപകരണങ്ങൾ വകുപ്പിലേക്ക് കൈമാറേണ്ടതും, ആയതിന്റെ വിവരങ്ങൾ വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

കണ്ടിജൻസി ഗ്രാന്റ് വിനിയോഗം സംബന്ധിച്ച ഉത്തരവുകൾ പരിശോധിച്ച് ടിയാരി ലാപ്ടോപ്പ് വാങ്ങിയത്, ഐപാഡിന് നികുതിയിളവ് അപേക്ഷിച്ച് വാങ്ങിയത് എന്നിവ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(2) ഡോ.ബിജോയ് ആന്റണി ജോസ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ആയിട്ടുള്ള SERB ഫണ്ട് വിനിയോഗിച്ചുള്ള "Optimizations for Virtualized Mobile computing" എന്ന പ്രോജക്റ്റ് 20.12.2019 ന് അവസാനിച്ചു. പ്രോജക്റ്റ് ഫണ്ട് വിനിയോഗിച്ച് 21.09.2016 മുതൽ വാങ്ങിയിട്ടുള്ള ഉപകരണങ്ങൾ പ്രോജക്റ്റ് അവസാനിച്ച് നാളിതുവരെ വകുപ്പിന് കൈമാറിയിട്ടില്ല. വാങ്ങിയ ഉപകരണങ്ങളും അവയുടെ വിലയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | HP ലേസർ പ്രിന്റർ | 14,700/- (പ്രവർത്തിക്കുന്നില്ല) |
| 2 | ഡെസ്ക്ടോപ് & മോണിറ്റർ | 71,117/- |
| 3 | റാസ്പ്ബെറി പി.ഐ 3 | 2,849/- |
| 4 | 24" LED ഏസർ മോണിറ്റർ | 10,945/- |
| 5 | ഗലീലിയോ ജന.2 | 7,400/- |
| 6 | കാനൻ സ്കാനർ | 5,546/- |
| 7 | ലെനോവ ലാപ്ടോപ് | 61,551/- |
| 8 | കൂൾ കെയർ | 8,200/- |
| 9 | NXP ഫ്രീഡം ബോർഡ് | $ 68.28 |
| 10 | അസൂസ് ഗ്രാഫിക് കാർഡ് | 13,245/- |
| 11 | ഡിജിറ്റൽ മൾട്ടിമീറ്റർ | 2,964/- |
| 12 | ലെനോവ ഡെസ്ക് ടോപ്പ് | 43,197/- |
| 13 | HP ലേസർ പ്രിന്റർ | 14,175/- |
| 14 | Rpi 4 | 5,096/- |
| 15 | വെബ്കാം | 4,500/- |

മേൽപ്പറഞ്ഞ ഉപകരണങ്ങൾ വകുപ്പിലേക്ക് കൈമാറേണ്ടതും, വകുപ്പിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-19-11 സ്കൂൾ ഓഫ് എൻവയൺമെന്റൽ സ്റ്റഡീസ് -പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

### പ്രോജക്ടിന്റെ വിശദാംശങ്ങൾ

| | | | | |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | Fireworks accident at Puttingal Devi Temple, Paravur, Kollam, Kerala on 10th April 2016 and subsequent Ground Water Contamination: A study of Groundwater Quality, Abatement and Mitigation | | | |
| പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ | ഡോ.ശിവാനന്ദൻ ആചാരി , അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് എൻവയൺമെന്റ് സ്റ്റഡീസ് കുസാറ്റ് | | | |
| കാലയളവ് | 3 വർഷം | | | |
| അനുവദിച്ച ആകെ തുക | 25 ലക്ഷം | | | |
| ഗഡുക്കളുടെ വിവരം | 2017-18 | 2018-19 | 2019-20 | ആകെ |
| | 10 ലക്ഷം | 10 ലക്ഷം | 05 ലക്ഷം | 25 ലക്ഷം |
| ആദ്യ ഗഡു സാങ്ഷൻ ഉത്തരവ് നം. & തീയതി | നം. DoECC/E3/R&D/1320/2016 , 18.03.2017 | | | |
| ഗഡുക്കൾ ചെലവഴിക്കുന്നതിനുള്ള സമയം | അനുമതി ലഭിച്ച ദിവസം മുതൽ ഒരു വർഷം (17.03.2018 നകം) | | | |
| ഓഡിറ്റ് ചെയ്ത അക്കൌണ്ടുകൾ DoECC യ്ക്ക് സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി | 17.12.2018 | | | |
| അക്കൌണ്ട്സ് സർവ്വകലാശാല DoECC യ്ക്ക് സമർപ്പിച്ച തീയതി | 02.03.2019 | | | |

മേൽ കാണിച്ചിരിക്കുന്ന പ്രോജക്ടിന്റെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

## 1) ആദ്യ ഗഡുവിന്റെ ഓഡിറ്റ് ചെയ്ത അക്കൗണ്ട്സ് യഥാസമയം സമർപ്പിക്കാത്തതിനാൽ പ്രോജക്ടിനുള്ള തുടർ അനുമതി ലഭ്യമാകാതിരുന്നത് സംബന്ധിച്ച്

പ്രോജക്ടിനായി ലഭിച്ച ആദ്യ ഗഡുവായ 10 ലക്ഷം രൂപ ചെലവഴിച്ചതിന്റെ അക്കൗണ്ട്സ് ഫണ്ട് നൽകിയ സ്ഥാപനമായ DoECC-യ്ക്ക് യഥാസമയം നൽകാത്തതിനാൽ പ്രോജക്ടിനു ലഭിക്കേണ്ടിയിരുന്ന തുടർന്നുള്ള ഗഡുക്കൾ നൽകുവാൻ സാധിക്കില്ലായെന്ന് ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് ഡയറക്ടറുടെ 24.2.2020 ലെ DOECC/E3/R&D/1320/2016 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.
യഥാസമയം അക്കൗണ്ട്സ് സമർപ്പിക്കാത്തതിനാൽ പത്ത് ലക്ഷം രൂപയോളം ചെലവഴിച്ച പ്രോജക്ട് ഉപേക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/25.10.2021 നൽകിയെങ്കിലും വിശദീകരണമൊന്നും ലഭിച്ചില്ല. വിവിധ ഏജൻസികളിൽ നിന്നും പ്രോജക്ടുകൾക്കായി തുകകൾ സ്വീകരിക്കുകയും യഥാസമയം അക്കൗണ്ട്സ് നൽകാതിരിക്കുകയും ചെയ്തത് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഇപ്രകാരം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2 ) പ്രോജക്ട് ഉപേക്ഷിച്ചെങ്കിലും മുൻകൂർ തുക 5,69,000/-രൂപ തിരിച്ചടക്കുന്നതിന് ഒരു വർഷത്തിലധികം വൈകി

ഡയറക്ടറേറ്റ് ഓഫ് എൻവയൺമെന്റ് & ക്ലൈമറ്റ് ചേഞ്ച് (DoECC) ഡയറക്ടറുടെ 24.02.2020 ലെ കത്ത് നം. DoECC/E3/ R&D/1320/2016 പ്രകാരം പ്രോജക്ട് തുടരാൻ കഴിഞ്ഞില്ലെങ്കിലും ഈ പ്രോജക്ടിനായി സർവ്വകലാശാലയിൽ നിന്ന് എടുത്തിട്ടുള്ള മുൻകൂർ തുകകൾ തിരിച്ചടച്ചിട്ടുള്ളത് 29.03.2021 ൽ മാത്രമാണ്. മുൻകൂറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | മുൻകൂർ എടുത്തത് | തുക | എസ് .ആർ.നം. | തീയതി | ശീർഷകം | തിരിച്ചടച്ച തീയതി | രസീത് നം. |
|---|---|---|---|---|---|---|---|
| 1 | ഡോ.ശിവാനന്ദൻ ആചാരി (പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ) | 1,00,000 | 31 / 18-19 | 12.02.2019 | 1-98-0-U-4-779 | 29.03.2021 | 270108 |
| 2 | | 1,60,000 | 32 / 18-19 | 12.02.2019 | | 29.03.2021 | 270109 |
| 3 | | 2,85,000 | 33 / 18-19 | 12.02.2019 | | 29.03.2021 | 270110 |
| 4 | | 24,000 | 34 / 18-19 | 13.02.2019 | | 29.03.2021 | 270111 |
| | **ആകെ** | **5,69,000** | | | | | |

മുൻകൂർ സംബന്ധിച്ചുള്ള അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

2018-19 ൽ എടുത്തിട്ടുള്ള ഈ മുൻകൂറുകൾ എടുത്ത ദിവസം മുതൽ 18% പിഴപ്പലിശ സഹിതം അടക്കണമെന്ന് 02.12.2020 ലെ നം. AUDIT-D/Pending advances കത്തിൽ ഫിനാൻസ് ഓഫീസർ ആവശ്യപ്പെട്ടിട്ടുണ്ട്. 24.02.2020 ൽ പ്രോജക്ട് ഉപേക്ഷിച്ചെങ്കിലും പ്രോജക്ടിനായി സർവ്വകലാശാലയിൽ നിന്ന് വാങ്ങിയ മുൻകൂറുകൾ തിരിച്ചടക്കുന്നതിന് 29.03.2021 വരെ കാലതാമസം ഉണ്ടായത് സംബന്ധിച്ച് വിശദീകരണവും ഓഡിറ്റ് എൻക്വയറി 1/ 25.10.2021 ൽ ചോദിച്ചിരുന്നെങ്കിലും മറുപടികളൊന്നും ലഭിച്ചില്ല.

തിരിച്ചടക്കാൻ വൈകിയ മുൻകൂറുകൾക്ക് നിയമാനുസൃത പിഴപ്പലിശ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും പ്രത്യവലോകനവും

### 4-1 സർവ്വകലാശാലാ ഫണ്ടുകൾ

1. കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ട് (CUF)
2. സ്കൂൾ ഓഫ് എൻജിനീയറിംഗ് (SOE)
3. കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിംഗ് (KMSME)
4. കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കുട്ടനാട് (CUCEK)

യൂണിവേഴ്സിറ്റി ഫണ്ടുകളുടെ 2019-20 ലെ സാമ്പത്തിക നിലയുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| നോൺ പ്ലാൻ | 607149990 | 2055495649 | 2662645639 | 1895540619 | 767105020 |
| പ്ലാൻ | 352765523 | 336205993 | 688971516 | 390631799 | 298339717 |
| പ്രൊവിഡന്റ് ഫണ്ട്(ഋണ ബാദ്ധ്യത) | 661037276 | 192797669 | 853834945 | 149851906 | 703983039 |
| SOE | (-)58649461 | 214594012 | 155944551 | 226540454 | (-)70595903 |
| KMSME | 37596219 | 67798630 | 105394849 | 41158491 | 64236358 |
| CUCEK | 70997502 | 54202763 | 125200265 | 109468546 | 15731719 |
| ആകെ | **1670897049** | **2921094716** | **4591991765** | **2813191815** | **1778799950** |

## II പെൻഷൻ ഫണ്ട് (സ്ഥിര നിക്ഷേപം)

1. CUF
2. SOE
3. KMSME
4. CUCEK

സർവ്വകലാശാലയുടേയും സ്വാശ്രയ സ്ഥാപനങ്ങളുടേയും പെൻഷൻ ഫണ്ടിന്റെ സാമ്പത്തിക നില താഴെ ചേർക്കുന്നു. 2019-20 വർഷം പെൻഷൻ ഫണ്ടിൽ നിന്നും ചെലവില്ല. പെൻഷൻ ഫണ്ട് പൂർണ്ണമായും സ്ഥിര നിക്ഷേപം നടത്തുകയും ചെലവുകൾ സർവ്വകലാശാലയുടെ പൊതുഫണ്ടിൽ നിന്നും നടത്തുകയുമാണ് ചെയ്യുന്നത്.

| ഇനം | പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| **CUF** | 199215740 | 163831802 | 363047542 | 0 | 363047542 |
| **SOE** | 229627242 | 24250291 | 253877533 | 0 | 253877533 |
| **KMSME** | 5059604 | 406914 | 5466518 | 0 | 5466518 |
| **CUCEK** | 193932444 | 9190034 | 203122478 | 0 | 203122478 |
| **ആകെ** | **627835030** | **197679041** | **825514071** | **0** | **825514071** |

**<u>സർവ്വകലാശാലയുടെ ഫണ്ടിൽ നിന്നും നടത്തിയ പെൻഷൻ ചെലവുകളുടെ സംക്ഷിപ്തം</u>**

| | |
|---|---|
| പെൻഷൻ/ഫാമിലി പെൻഷൻ | 340290334.00 |
| ഡി.സി.ആർ.ജി | 48695162.00 |
| ടെർമിനൽ സറണ്ടർ | 23147053.00 |
| ലീവ് സാലറി & പെൻഷൻ കോൺട്രിബ്യൂഷൻ | 448579.00 |
| കമ്മ്യൂട്ടേഷൻ | 62726395.00 |
| പ്രോ-റേറ്റ പെൻഷൻ | -6614.00 |
| **ആകെ തുക** | **475300909.00** |

## III) പ്രൊവിഡന്റ് ഫണ്ട്

| | |
|---|---|
| മുന്നിരിപ്പ് | 661037276.00 |
| വരവ് | 192797669.00 |
| ആകെ | 853834945.00 |
| ചെലവ് | 149851906.00 |
| നീക്കിബാക്കി | 703983039.00 |

ഈ ഫണ്ടുകളുടെ 2019-20 സാമ്പത്തിക വർഷത്തെ പ്രത്യേകം പ്രത്യേകമുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

## I. യൂണിവേഴ്സിറ്റി ഫണ്ടുകൾ

### 1. കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ട് (CUF)

| | | |
|---|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള പ്രാരംഭബാക്കി. (01.04.2019) (പ്ലാൻ-35,27,65,523 + നോൺ പ്ലാൻ -60,71,49,990) | | 95,99,15,513.00 |
| ഇന്റേണൽ റവന്യൂ<br>a)പ്ലാൻ - 0.00 + b) നോൺ പ്ലാൻ - 27,79,42,422 | | 27,79,42,422.00 |
| സംസ്ഥാന സർക്കാർ ഗ്രാന്റുകൾ<br>a) പ്ലാൻ - 17,06,00,000 + b) നോൺ പ്ലാൻ - 1,54,65,70,000 | | 1,71,71,70,000.00 |
| മറ്റു പദ്ധതി വരവുകൾ<br>a) പ്ലാൻ - 16,49,37,418+ b) നോൺ പ്ലാൻ - 26,20,405 | | 16,75,57,823.00 |
| സംഭാവനകൾ<br>a) പ്ലാൻ - 0.00 + b) നോൺ പ്ലാൻ. - 2,43,870 | | 2,43,870.00 |
| N.S.S ഗ്രാന്റ് ഇൻ എയ്ഡ്<br>a) പ്ലാൻ 6,68,575 + b) നോൺ പ്ലാൻ - 0.00 | | 6,68,575.00 |
| പുതിയ എൻഡോവ്മെന്റ്<br>a) പ്ലാൻ 0.00 + b) നോൺ പ്ലാൻ - | | 0 |
| അവശേഷിക്കുന്ന ഋണ ബാദ്ധ്യതവരവ് (പ്രോവിഡന്റ് ഫണ്ട് ഒഴികെ) | | (-)17,77,999.00 |
| (1)ഋണ ബാദ്ധ്യത വരവ്<br>a) പ്ലാൻ 0.00 + b) നോൺ പ്ലാൻ. - 22,81,18,952 | | |

| | | |
|---|---|---|
| (2)ഋണ ബാദ്ധ്യത ചെലവ്<br>a) പ്ലാൻ 0.00 + b) നോൺ പ്ലാൻ. – 22,98,96,951 | | |
| **തൻ വർഷത്തെ ആകെ വരവ്**<br>a) പ്ലാൻ 33,62,05,993 + b)നോൺ പ്ലാൻ 1,82,55,98,698 | | 2,16,18,04,691.00 |
| **ആകെ വരവ്**<br>പ്രാരംഭബാക്കി+തൻ വർഷത്തെ വരവ്<br>(68,89,71,516+2,43,27,48,688) | | 3,12,17,20,204.00 |
| 2019-20 വർഷത്തെ ആകെ ചെലവ്.<br>a) പ്ലാൻ 39,06,31,799 + b)നോൺ പ്ലാൻ 1,66,56,43,668 | | 2,05,62,75,467.00 |
| ക്യാഷ്ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ്<br>a) പ്ലാൻ 29,83,39,717 + b)നോൺ പ്ലാൻ 76,71,05,020 | | 1,06,54,44,737.00 |
| **പൊരുത്തപ്പെടുത്തൽ** | | |
| ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ്<br>(31.03.2020) | | |
| a) എസ്. ബി. ഐ. അക്കൗണ്ട് നം.57014606413<br>(നോൺ പ്ലാൻ) | | 8,56,26,370.59 |
| b) എസ്. ബി. ഐ. അക്കൗണ്ട് നം.67010965970<br>(പ്ലാൻ) | | 1,50,01,465.06 |
| c) ട്രഷറി അക്കൗണ്ട് നം.711010100005719 – | | 13,10,04,549.00 |
| d)ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് 856910100005847- | | 4,61,47,944.26 |
| e) എസ്. ബി. ഐ. അക്കൗണ്ട് നം 67101077096<br>(ക്യാറ്റ് ആപ്ലിക്കേഷൻ വില്പന-ചെല്ലാൻ വഴി) | | 4,74,432.62 |
| f) എസ്. ബി. ഐ. അക്കൗണ്ട് നം 67035706075<br>( നോൺ പ്ലാൻ പുതിയ അക്കൗണ്ട് ) | | 1,16,88,436.56 |
| g) എസ്. ബി. ഐ. അക്കൗണ്ട് നം 67246460325<br>(പ്ലാൻ പുതിയ അക്കൗണ്ട്) | | 46,02,158.36 |
| h) എസ്.ബി. ഐ. അക്കൗണ്ട് നം 67111328097<br>(എറുഡൈറ്റ് സ്കീം) | | 6,01,840.50 |
| i) എസ്.ബി.ഐ. അക്കൗണ്ട് നം 67260936089 (ഇ-ടെണ്ടർ) | | 37,77,129.00 |
| j) ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നം | | 3,88,968.46 |

| | | |
|---|---|---|
| 856020110000242 for POS | | |
| k) എസ്.ബി.ഐ. അക്കൗണ്ട് നം 67379556583(NSS അക്കൗണ്ട്) | | 1,41,387.25 |
| l) )ICICI അക്കൗണ്ട് നം -115901000357 (CAT new അക്കൗണ്ട്) | | |
| m) എസ്. ബി. ഐ. കളക്ട് അക്കൗണ്ട് നം 67347208941 - (CAT കളക്ഷൻ അക്കൗണ്ട് ) | | 77,618.50 |
| n) എസ്.ബി.ഐ. അക്കൗണ്ട് നം 37521230439(എക്സ്ലാംഅക്കൗണ്ട്) | | 37,89,901.21 |
| o) കാനറ ബാങ്ക് അക്കൗണ്ട് നം 4663101003020 (RUSA Fund അക്കൗണ്ട്) | | 4,12,11,771.00 |
| p) PNB അക്കൗണ്ട് നം 4489002100003445 (IRAA CAT Sales (2018) അക്കൗണ്ട്) | | 4,94,000.34 |
| q) സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് (എൻഡോവ്മെന്റ്) | | 38,50,965.00 |
| r) സ്പെഷ്യൽ ടേം ഡെപ്പോസിറ്റുകൾ | | 52,97,51,426.60 |
| s)SWF 38134068579 SBI | | 6,41,824.00 |
| t)Vijaya Bank A/c No. 212700601060002 | | 42,87,399.25 |
| u)പഞ്ചാബ് നാഷണൽ ബാങ്ക് A/c No. 462800010004030 | | 6,94,931.60 |
| v)Chancellors award SBI - 37691573221 | | 5,587.00 |
| w)PFMS SERB A/c No.38326064066 SBI | | 47,67,797.00 |
| x)ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ട് നം 856920110000241 | | 43,852.12 |
| y) എസ്.ബി.ഐ. അക്കൗണ്ട് നം 38703639232 (ICSSR IMPRESS) | | 1,58,445.70 |
| z)എസ്.ബി.ഐ. അക്കൗണ്ട് നം 38741115463 (ICSSR SMS) | | 6,23,421.00 |
| aa)എസ്.ബി.ഐ. അക്കൗണ്ട് നം 673102074 (NPS) | | 2,85,977.41 |
| ab)ട്രഷറി അക്കൗണ്ട് നം799010100167007 (TSB) | | 2,16,638.00 |
| ac)ട്രഷറി അക്കൗണ്ട് നം 799012700001896(PSTSB) | | 10,00,000.00 |
| ad)എസ്.ബി.ഐ. അക്കൗണ്ട് നം 38885696881(Recruitment) | | 7,33,434.80 |

| | | |
|---|---|---|
| ae)എസ്.ബി.ഐ. അക്കൗണ്ട് നം 67222096907(TAX&OTHER REMITTANCE) | | 152.50 |
| ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020) | | 89,20,89,825.00 |
| **(കൂട്ടുക)** | | |
| a) ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്ത ചെക്കുകൾ (പ്ലാൻ & നോൺ പ്ലാൻ) 2019-20 | | 37,86,140.00 |
| (പ്ലാൻ & നോൺ പ്ലാൻ) 2018-19 | | 32,33,215.00 |
| (പ്ലാൻ & നോൺ പ്ലാൻ) 2017-18 | | 3,81,596.00 |
| (പ്ലാൻ & നോൺ പ്ലാൻ) 2016-17 | | 74,241.00 |
| (പ്ലാൻ & നോൺ പ്ലാൻ) 2015-16 | | 1,44,785.00 |
| ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആവാത്ത ചെക്കുകൾ (പ്ലാൻ & നോൺ പ്ലാൻ) | | 8,900.00 |
| b) 2016-17 ൽ അധികം ഡെബിറ്റ് ചെയ്ത തുക (അക്കൗണ്ട് നമ്പരുകൾ. 5970,60325,6075) | | 8,309.00 |
| c) ഉത്സവ ബത്ത രണ്ടു പ്രാവശ്യം നൽകിയ തുക | | 2,400.00 |
| d) രണ്ടു പ്രാവശ്യം നൽകിയ തുക | | 1,406.00 |
| e) 2015-16 ൽ തെറ്റായി ഡെബിറ്റ് ചെയ്തത് | | 11,641.00 |
| f)ചെക്ക് നമ്പറില്ലാതെ ഡെബിറ്റ് ചെയ്തത തുക 14-15 | | 2,715.00 |
| g) KMSME യിൽ നിന്നും കിട്ടാനുള്ള തുക | | (1,48,72,247.00) |
| h) SOE യിൽ നിന്നും കിട്ടാനുള്ള തുക | | 16,78,34,611.00 |
| i) CUCEK യിൽ നിന്നും കിട്ടാനുള്ള തുക | | 7,56,40,595.00 |
| j) പി എഫിൽ നിന്നും കിട്ടാനുള്ള തുക | | 4,16,41,683.00 |
| k)ട്രഷറിയിൽ നിന്നും ലഭിക്കാനുള്ള തുക (നിക്ഷേപങ്ങളുടെ പലിശ) | | 2,25,08,824.00 |
| 31.03.2019 ൽ ക്രഡിറ്റ് ചെയ്യാത്ത നോൺപ്ലാൻ ഗ്രാന്റ് | | 11,67,45,000.00 |
| ആകെ കൂട്ടേണ്ട തുക | | 30,04,08,814.00 |
| **(കുറയ്ക്കുക)** | | |

| | | |
|---|---|---|
| a)അക്കൗണ്ട് നം. 67246460325 സസ്പെൻസ് ക്രെഡിറ്റ് (2019-20) | | 81,56,636.00 |
| b)അക്കൗണ്ട് നം. 67035706075 സസ്പെൻസ് ക്രെഡിറ്റ് (2019-20) | | 90,91,869.00 |
| c)അക്കൗണ്ട് നം. 5847 സസ്പെൻസ് ക്രെഡിറ്റ് (2019-20) | | 1,94,77,626.00 |
| d) അക്കൗണ്ട് നം. 5970, 60325, 6075 എന്നിവയിലെ സസ്പെൻസ് ക്രെഡിറ്റ് (2016-17) | | 2,01,419.00 |
| e) സസ്പെൻസ് ക്രെഡിറ്റ് (2015-16) | | 90,326.00 |
| f) പണമാക്കാത്ത ചെക്കുകൾ (2016-17) | | 2,62,109.00 |
| g) പണമാക്കാത്ത ചെക്കുകൾ (2017-18) | | 2,51,124.00 |
| h) പണമാക്കാത്ത ചെക്കുകൾ (2018-19) | | 2,31,820.00 |
| i) പണമാക്കാത്ത ചെക്കുകൾ (2019-20) | | 8,08,86,338.00 |
| j) ട്രഷറിയിൽ നിന്ന് പി.എഫിലേക്ക് നൽകേണ്ട തുക | | 2,16,489.00 |
| k) SOE പെൻഷൻ ഫണ്ടിലേയ്ക്ക് നൽകേണ്ട തുക | | 12,08,394.00 |
| l)CUCEK പെൻഷൻ ഫണ്ടിലേയ്ക്ക് നൽകേണ്ട തുക | | 8,53,552.00 |
| m)CUF പെൻഷൻ ഫണ്ടിലേയ്ക്ക് നൽകേണ്ട തുക | | 61,26,200.00 |
| ആകെ കുറവ് ചെയ്യേണ്ട തുക. | | 12,70,53,902.00 |
| ക്യാഷ് ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ്. | | 1,06,54,44,737.00 |

## 2. സ്കൂൾ ഓഫ് എൻജിനീയറിംഗ് (SOE) സാമ്പത്തിക നില

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള പ്രാരംഭബാക്കി (01.04.2019) | (-)5,86,49,461.00 |
| തൻവർഷത്തെ വരവ് | 21,45,94,012.00 |
| ആകെ വരവ് | 15,59,44,551.00 |
| തൻവർഷത്തെ ചെലവ് | 22,65,40,454.00 |
| ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020) | (-)7,05,95,903.00 |
| **പൊരുത്തപ്പെടുത്തൽ**<br>**ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്** | |

| | |
|---|---|
| **(31.03.2020)** | |
| (a) എസ്. ബി. ഐ. അക്കൗണ്ട് നം 67010966145. | 1,96,58,173.00 |
| (b) എസ്. ബി. ഐ. അക്കൗണ്ട് നം 67279404339 | -- |
| (c) എസ്.ബി. ഐ. അക്കൗണ്ട് നം 57014660765 | 24,53,729.00 |
| d) എസ്.ബി. ഐ. അക്കൗണ്ട് നം 36273846669 | 12,82,477.00 |
| (e) എസ്.ബി. ഐ. അക്കൗണ്ട് നം 67084577551 | 7,96,320.00 |
| (f) എസ്.ബി.ഐ. അക്കൗണ്ട് നം 35380952274 | 1,15,87,168.50 |
| (g) എസ്.ബി. ഐ അക്കൗണ്ട് നം 32571847528 | -- |
| (h) ബാങ്ക് ഓഫ് ബറോഡ അക്കൗണ്ട് നം 212701012000005 | 16,21,786.00 |
| (i) എസ്. ബി. ഐ. അക്കൗണ്ട് നം 67347208861 | 10,02,885.00 |
| (j) സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് | 12,61,24,644.00 |
| ബാങ്ക് ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 16,45,27,182.50 |
| ബാങ്ക് ബാലൻസിനോടൊപ്പം കൂട്ടേണ്ട തുകകൾ<br>1) തെറ്റായി ഡെബിറ്റ് ചെയ്തത് | 16,634.00 |
| 2) KMSME യിൽ നിന്ന് കിട്ടേണ്ട തുക | 51,78,824.00 |
| ബാങ്ക് ബാലൻസിനോടൊപ്പം കൂട്ടേണ്ട ആകെ തുക | 51,95,458.00 |
| <u>ബാങ്ക് ബാലൻസിൽ നിന്നും കുറവു ചെയ്യേണ്ട തുക.</u> | |
| 1) CUF ലേക്ക് നൽകേണ്ട തുക | 16,78,34,611.48 |
| 2) പണമാക്കാത്ത ചെക്കുകൾ (---) 750<br>(17-18) 350<br>(18-19) 4,25,064<br>(19-20) 6,63,021 | 10,89,185.00 |

| | |
|---|---|
| **3)** തെറ്റായി ക്രെഡിറ്റ് ചെയ്തത് (സൈ്വപ്പ് ചെയ്തത്) | 775.00 |
| 4) CUCEK ലേക്ക് നൽകേണ്ട തുക | 7,13,93,972.00 |
| ബാങ്ക് ബാലൻസിൽ നിന്നും കുറവ് ചെയ്യേണ്ട ആകെ തുക. | 24,03,18,543.48 |
| ക്യാഷ് ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | (-)7,05,95,902.98 |

സ്പെഷ്യൽ ടേം ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ***അനുബന്ധം 4(1)(c)*** ൽ ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

## 3. കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എൻജിനീയറിംഗിന്റെ (KMSME) സാമ്പത്തിക നില

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള പ്രാരംഭബാക്കി (01.04.2019) | **3,75,96,220** |
| തൻ വർഷത്തെ വരവ് | 6,77,98,630.00 |
| ആകെ വരവ് | 10,53,94,850.00 |
| തൻ വർഷത്തെ ചെലവ് | 4,11,58,491.00 |
| ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020) | 6,42,36,359.00 |
| **പൊരുത്തപ്പെടുത്തൽ**<br>**ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020)** | |
| എസ്. ബി. ഐ. അക്കൗണ്ട് നം 67001122602. | 2,64,98,752.00 |
| എസ്. ബി. ഐ. അക്കൗണ്ട് നം. 67107898187 | 38,16,091.00 |
| സ്പെഷ്യൽ ടേം ഡെപ്പോസിറ്റ് | 2,00,00,000.00 |
| ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് | 5,03,14,843.00 |
| ബാങ്ക് ബാലൻസിനോടൊപ്പം കൂട്ടേണ്ട ആകെ തുക | 2,00,51,071.00 |
| **ബാങ്ക് ബാലൻസിൽ നിന്നും കുറവു ചെയ്യേണ്ട തുക.** | |
| 1) കുറവായി debit ചെയ്തത് | |
| 2) CUF ന് നൽകുവാൻ ബാക്കി നിൽക്കുന്ന തുക | (1,48,72,247.00) |
| 3) CUCEK ന് നൽകുവാൻ ബാക്കി നിൽക്കുന്ന തുക | 51,60,335.00 |

| | |
|---|---|
| 4) SOE ക്ക് നൽകുവാൻ ബാക്കി നിൽക്കുന്ന തുക | ( 51,78,824.00) |
| 5) പണമാക്കാത്ത ചെക്കുകൾ | 9,69,220.00 |
| ബാങ്ക് ബാലൻസിൽ നിന്നും കുറവ് ചെയ്യേണ്ട ആകെ തുക | 61,29,555.00 |
| ക്യാഷ് ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 6,42,36,359.00 |

സ്പെഷ്യൽ ടേം ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ***അനുബന്ധം- 4(1)(e)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. **കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കുട്ടനാട് (CUCEK) ന്റെ സാമ്പത്തിക നില**

| | |
|---|---|
| ക്യാഷ് ബുക്ക് പ്രകാരമുള്ള പ്രാരംഭബാക്കി (01.04.2019) | 7,09,97,502.00 |
| തൻ വർഷത്തെ വരവ് | 5,42,02,763.00 |
| ആകെ വരവ് | 12,52,00,265.00 |
| തൻ വർഷത്തെ ചെലവ് | 10,94,68,546.00 |
| ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020) | 1,57,31,719.00 |
| **പൊരുത്തപ്പെടുത്തൽ**<br>**ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020)** | |
| എസ്. ബി. ഐ. അക്കൗണ്ട് നം. 67015380374 (CAT a/c) | 1,76,615.00 |
| എസ്. ബി. ഐ. അക്കൗണ്ട് നം. 67002210849 (കളക്ഷൻ അക്കൗണ്ട് ) | 13,37,243.00 |
| എസ്. ബി. ഐ. അക്കൗണ്ട് നം 57014607564 (വിതരണ അക്കൗണ്ട് ) | 71,38,421.00 |
| സ്പെഷ്യൽ ടേം ഡെപ്പോസിറ്റുകൾ | 79,08,628.00 |
| ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള ആകെ നീക്കിയിരിപ്പ് | 1,65,60,907.00 |
| ബാങ്ക് ബാലൻസിനോടൊപ്പം കൂട്ടേണ്ട തുകകൾ<br>1) SOE ൽ നിന്നും കിട്ടാനുള്ള തുക<br>2) KMSME ൽ നിന്നും കിട്ടാനുള്ള തുക | <br>7,13,93,972.00<br>51,60,335.00 |
| ബാങ്ക് ബാലൻസിനോടൊപ്പം കൂട്ടേണ്ട ആകെ തുക | 7,65,54,307.00 |
| ബാങ്ക് ബാലൻസിൻ നിന്നും കുറവ് ചെയ്യേണ്ട തുക.<br>1) പണമാക്കാത്ത ചെക്കുകൾ (17-18) 1300<br>(18-19) 2785 | <br><br>17,42,900.00 |

| | |
|---|---|
| (19-20) 1738815<br>2) CUF ലേയ്ക്ക് നൽകുവാൻ ബാക്കി നിൽക്കുന്ന തുക | 7,56,40,595.00 |
| ബാങ്ക് ബാലൻസിൽ നിന്നും കുറവ് ചെയ്യേണ്ട ആകെ തുക | 7,73,83,495.00 |
| ക്യാഷ് ബുക്ക് പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 1,57,31,719.00 |

സ്പെഷ്യൽ ടേം ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ ***അനുബന്ധം - 4(1)(d)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## II. പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്- സാമ്പത്തികനില (2019-20)

| | | |
|---|---|---|
| | രജിസ്റ്റർ പ്രകാരം 01.04.2019 ലെ പ്രാരംഭ ബാക്കി | 66,10,37,276.00 |
| | **വരവ് (2019-20) (+)** | |
| | പി.എഫ് മാസവരി അടവ് | 11,52,60,064.00 |
| | തിരിച്ചടവ് നടത്തിയ പി.എഫ് ലോൺ തുക | 1,68,27,700.00 |
| | GPF റിക്കവറി | 2,25,000.00 |
| | മറ്റുവരവുകൾ | 5,36,426.00 |
| | സ്ഥിരനിക്ഷേപത്തിൽ നിന്നുള്ള പലിശ വരവ് | 5,99,48,479.00 |
| | ആകെ വരവ് (2019-20) | 85,38,34,945.00 |
| | ചെലവ് 2019-20 (-) | |
| | ഉദ്യോഗസ്ഥർക്ക് നൽകിയ തുക തിരികെ ഒടുക്കേണ്ടവിധത്തിൽ ലോൺ അനുവദിച്ച തുക | 1,99,39,930.00 |
| | എൻ.ആർ.എ ഇനത്തിൽ നൽകിയ പി.എഫ് തുക | 5,90,51,000.00 |
| | പി.എഫ് അക്കൗണ്ട് ക്ലോസ്സ് ചെയ്ത് നൽകിയ തുക | 7,06,35,327.00 |
| | ജി.പി.എഫ് റമിറ്റൻസ് | 2,25,000.00 |
| | ബാങ്ക് ചാർജ്ജ് | 649.00 |
| | ആകെ ചെലവ് | 14,98,51,906.00 |
| | രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 70,39,83,039.00 |
| | **പൊരുത്തപ്പെടുത്തൽ** | |
| 1 | ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് (31.03.2020) | |

| | | | |
|---|---|---|---|
| | a) SBI A/c No.67011099942(പി.എഫ്) | | 37,27,769.00 |
| | b) SBI A/c No. 67246460256(പി.എഫ്) | | 78,48,480.00 |
| | c) പി.എഫ് സ്ഥിരനിക്ഷേപങ്ങളുടെ ആകെ തുക | | 73,38,20,775.00 |
| | ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ്(31.03.2020) | | 74,53,97,024.00 |
| 2 | (കൂട്ടേണ്ട തുകകൾ) | | |
| | a) ബാങ്ക് സ്റ്റേറ്റുമെന്റിൽ തെറ്റായി കുറവുചെയ്ത തുക | 11,209.00 | |
| | b) ട്രഷറിയിൽ നിന്നും കിട്ടാനുള്ള തുക (ട്രഷറി അക്കൗണ്ടിലുള്ള പി.എഫ് സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ്) | 2,16,489.00 | |
| | ആകെ കൂട്ടേണ്ട തുക | | 2,27,698.00 |
| 3 | **കുറവ് ചെയ്യേണ്ട തുകകൾ** | | |
| | CUF ൽ നൽകുവാൻ ബാക്കിനിൽക്കുന്ന തുക (Due to CUF) | | |
| | 01.4.2019 വരെ CUF ലേക്ക് നൽകേണ്ട തുക | 3,62,58,593.00 | |
| | 2019-20 ൽ CUF ൽ നിന്നും കൈമാറിക്കിട്ടിയ തുക | 13,10,82,071.00 | |
| | പണമായും, DD ആയും ചെക്ക് ആയും 2019-20 ൽ ക്രെഡിറ്റ് ചെയ്ത തുക | 65,18,703.00 | |
| | പണമാക്കാത്ത ചെക്കുകൾ (2019-20) | 9,50,80.00 | |
| | (-) ആകെ കുറവ് ചെയ്യേണ്ട തുക | | 17,39,54,447.00 |
| 4 | (+) PF subscription/ലോൺ ഇനത്തിൽ വരവ് വന്നിട്ടുള്ളതും CUF ൽ തിരിച്ചടവ് നടത്തിയിട്ടുള്ളതുമായ തുക | | 13,23,12,764.00 |
| | 31.03.2020 ലെ ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | | 70,39,83,039.00 |

ബാങ്കിലെ സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം -4(2)*** ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## III. പെൻഷൻ ഫണ്ട് അക്കൗണ്ടുകളുടെ സാമ്പത്തികനില. 2019-20

### 1) കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ട് (CUF)

| | |
|---|---|
| രജിസ്റ്റർ പ്രകാരം 01.04.2019 ലെ പ്രാരംഭബാക്കി | 19,92,15,740.00 |
| **വരവ് (+)**<br>പെൻഷൻ കോൺട്രിബ്യൂഷൻ ആയി നിക്ഷേപിച്ച തുക | 15,00,00,000.00 |
| പെൻഷൻ ഫണ്ട് നിക്ഷേപത്തിൽ നിന്നും ലഭിച്ച പലിശ വരവ് | 0 |
| ആകെ | 34,92,15,740.00 |
| **ചെലവ് (-)**<br>CUF ൽ നിന്നും കിട്ടാനുള്ള തുക | 61,26,200.00 |
| രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 34,30,89,540.00 |

നീക്കിയിരിപ്പ് തുക നിക്ഷേപങ്ങളുടെ ആകെ തുകയായ 35,69,21,342/- രൂപയിൽ ഉൾപ്പെട്ട തുകയാണ്.
രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി നിലനിൽക്കുന്ന 1,38,31,802/-രൂപ നിക്ഷേപങ്ങളുടെ പലിശയിനത്തിലെ വരവ് തുകയാണ്. നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം-4 (3) (a)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ ഫണ്ടിന്റെ സാമ്പത്തികനിലയുടെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പും സാമ്പത്തികനിലയുടെ വിശദാംശങ്ങളിലെ നീക്കിയിരിപ്പും തമ്മിൽ 1,99,58,002/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. സാമ്പത്തികനിലയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുള്ളതിൽ വരവു തുകയിൽ പലിശയിനത്തിൽ ലഭിച്ച 1,38,31,802/- രൂപ ഉൾപ്പെടുത്തുകയും കൊച്ചിൻ യൂണിവേഴ്സിറ്റി ഫണ്ട് (CUF)ന്റെ സാമ്പത്തികനിലയുടെ വിശദാംശങ്ങളിൽ CUF ൽ നിന്നും കിട്ടാനുള്ള തുക എന്ന ഇനത്തിൽ 61,26,200.00/- (നിലവിൽ TSB അക്കൗണ്ടിൽ കിടക്കുന്ന പലിശ വരവ്) ചെലവായി കാണിച്ചിട്ടുള്ളതും മൂലമാണ് ഇപ്രകാരം 1,99,58,002/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത്.

### 2. സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് (SOE)

| | |
|---|---|
| രജിസ്റ്റർ പ്രകാരം 01.04.2019 ലെ പ്രാരംഭബാക്കി | 22,96,27,242.00 |
| **വരവ് (+)**<br>പെൻഷൻ ഫണ്ട് നിക്ഷേപത്തിന് ലഭിച്ച പലിശ വരവ് | 2,18,33,503.00 |
| പെൻഷൻ കോൺട്രിബ്യൂഷൻ ആയി നിക്ഷേപിച്ച തുക | 0 |
| കാലാവധി പൂർത്തിയാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ | 12,08,394.00 |

| | |
|---|---|
| പലിശയിനത്തിലെ വരവ് (CUF ൽ നിന്നും ലഭിക്കാനുള്ള തുക) | |
| ആകെ | 25,26,69,139.00 |
| **ചെലവ് (-)** | 0 |
| രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 25,26,69,139.00 |

നീക്കിയിരിപ്പ തുക നിക്ഷേപങ്ങളുടെ ആകെതുകയാണ്. മേൽപറഞ്ഞ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം -4 (3) (b)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ ഫണ്ടിന്റെ സാമ്പത്തികനിലയുടെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പും സാമ്പത്തികനിലയുടെ വിശദാംശങ്ങളിലെ നീക്കിയിരിപ്പും തമ്മിൽ 12,08,394/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. സാമ്പത്തികനിലയുടെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുള്ളതിൽ പലിശയിനത്തിലെ വരവ് തുകയിൽ 2,42,50,291/-രൂപ ഉൾപ്പെടുത്തുകയും സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് (SOE)- ന്റെ സാമ്പത്തികനിലയുടെ വിശദാംശങ്ങളിൽ പലിശയിനത്തിലെ വരവ് തുകയായി 12,08,394/-രൂപ മാത്രം ഉൾപ്പെടുത്തുകയും ചെയ്തതുമൂലമാണ് ഇപ്രകാരം 12,08,394/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത്. (12,08,394/- രൂപ TSB അക്കൗണ്ടിൽ നിലനിൽക്കുന്നു)

3. **<u>കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് (KMSME)</u>**

| | |
|---|---|
| രജിസ്റ്റർ പ്രകാരം 01.04.2019 ലെ പ്രാരംഭബാക്കി | 50,59,604.00 |
| **വരവ് (+)**<br>പെൻഷൻ ഫണ്ട് നിക്ഷേപത്തിന് ലഭിച്ച പലിശ വരവ് | 4,06,914.00 |
| ആകെ വരവ് | 54,66,518.00 |
| **ചെലവ് (-)** | 73,965.00 |
| രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 53,92,553.00 |

നീക്കിയിരിപ്പ തുക നിക്ഷേപങ്ങളുടെ ആകെതുകയാണ്. മേൽപറഞ്ഞ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം -4 (3) (c)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ ഫണ്ടിന്റെ സാമ്പത്തികനിലയുടെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പും സാമ്പത്തികനിലയുടെ വിശദാംശങ്ങളിലെ നീക്കിയിരിപ്പും തമ്മിൽ 73,965/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. കുഞ്ഞാലി മരയ്ക്കാർ സ്കൂൾ ഓഫ് മറൈൻ എഞ്ചിനീയറിംഗ് (KMSME)ന്റെ സാമ്പത്തികനിലയുടെ വിശദാംശങ്ങളിൽ CUF ൽ നിന്നും

കിട്ടാനുള്ള പലിശയിനത്തിലെ വരവ് തുകയായ 73,965/-രൂപ നിലവിൽ TSB അക്കൗണ്ടിൽ കിടക്കുന്നതുമൂലം ചെലവായി കാണിച്ചിട്ടുള്ളതുകൊണ്ടാണ് ഇപ്രകാരം 73,965/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത്.

4. **കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്.( CUCEK)**

| | |
|---|---:|
| രജിസ്റ്റർ പ്രകാരം 01.04.2019 ലെ പ്രാരംഭബാക്കി | 19,39,32,444.00 |
| **വരവ് (+)** | |
| പെൻഷൻ കോൺട്രിബ്യൂഷൻ ആയി നിക്ഷേപിച്ച തുക | 0 |
| പെൻഷൻ ഫണ്ട് നിക്ഷേപത്തിന് ലഭിച്ച പലിശ വരവ് | 91,90,034.00 |
| ആകെ വരവ് | 20,31,22,478.00 |
| **ചെലവ് (-)** | 8,53,552.00 |
| രജിസ്റ്റർ പ്രകാരം 31.03.2020 ലെ നീക്കിയിരിപ്പ് | 20,22,68,926.00 |

നീക്കിയിരിപ്പ് തുക നിക്ഷേപങ്ങളുടെ ആകെ തുകയാണ്. മേൽപറഞ്ഞ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ***അനുബന്ധം-4 (3) (d)*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പെൻഷൻ ഫണ്ടിന്റെ സാമ്പത്തികനിലയുടെ സംക്ഷിപ്തത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പും സാമ്പത്തികനിലയുടെ വിശദാംശങ്ങളിലെ നീക്കിയിരിപ്പും തമ്മിൽ 8,53,552/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുട്ടനാട്.( CUCEK) ന്റെ സാമ്പത്തികനിലയുടെ വിശദാംശങ്ങളിൽ CUF ൽ നിന്നും കിട്ടാനുള്ള പലിശയിനത്തിലെ വരവ് തുകയായ 8,53,552/-രൂപ നിലവിൽ TSB അക്കൗണ്ടിൽ കിടക്കുന്നതുമൂലം ചെലവായി കാണിച്ചിട്ടുള്ളതുകൊണ്ടാണ് ഇപ്രകാരം 8,53,552/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത്.

## 4-2 വിവിധ വിഭാഗങ്ങളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ

2019-20 വർഷം ലഭിച്ച ഗ്രാന്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാന്റിന്റെ വിവരം | തുക |
|---|---|---:|
| 1 | സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച നോൺ പ്ലാൻ ഗ്രാന്റ് | 1,54,40,70,000.00 |
| 2 | സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ച ബൾക്ക് | 8,22,68,575.00 |

| | | |
|---|---|---|
| | ഗ്രാന്റ് (പ്ലാൻ) | |
| 3 | യു.ജി.സി. യിൽ നിന്നും ലഭിച്ച ഗ്രാന്റ് | 44,36,244.00 |
| 4 | വിവിധ കോഴ്സുകൾക്കുള്ള ധനസഹായം | 51,20,405.00 |
| 5 | ഇന്ത്യാ ഗവൺമെന്റിതര ബൾക്ക് ഗ്രാന്റ് ( പ്ലാൻ ) | 47,22,204.00 |
| 6 | മറ്റ് ഏജൻസികളിൽ നിന്നുള്ള ബൾക്ക് ഗ്രാന്റ് (പ്ലാൻ) | 24,98,923.00 |
| **7** | **പഠന സഹായം** | |
| 7.1 | സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചത് | 0 |
| 7.2 | പ്ലാൻ സ്ഥിര നിക്ഷേപങ്ങൾക്ക് മേലുള്ള പലിശ | 0 |
| 7.3 | DBT - M. Tech programme in Marine Biology | 27,98,000.00 |
| 7.4 | യു.ജി.സി. ( Deen Dayal Upadhyay Kaushal Kendra) | |
| 7.5 | മറ്റ് ഏജൻസികൾ | |
| **8** | **സ്കോളർഷിപ്പുകൾ** | |
| 8.1 | സംസ്ഥാന സർക്കാർ | |
| 8.2 | യു.ജി.സി. | 13,01,075.00 |
| 8.3 | ഇന്ത്യാ ഗവൺമെന്റിതര ധനസഹായം | 1,61,51,725.00 |
| 8.4 | മറ്റ് ഏജൻസികൾ | 41,84,055.00 |
| 8.5 | സ്കോളർഷിപ്പ് / പ്രൈസസ് | |
| **9** | **സ്കീമുകൾ** | |
| 9.1 | സംസ്ഥാന സർക്കാർ | 8,90,00,000.00 |
| 9.2 | യു.ജി.സി. | 1,39,43,769.00 |
| 9.3 | ഇന്ത്യാ ഗവൺമെന്റിതര ധനസഹായം | 8,01,51,742.00 |
| 9.4 | മറ്റുള്ളവ | 3,47,49,181.00 |
| | **ആകെ വരവ്** | **1,88,53,95,898.00** |

## 4-3 സ്ഥിരനിക്ഷേപങ്ങൾ

സർവ്വകലാശാല രജിസ്ട്രാറുടെ പേരിൽ സ്ഥിര നിക്ഷേപം ചെയ്തിട്ടുള്ള തുകകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ജനറൽ ഫണ്ട് & മറ്റ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് (16,72,88,063.60 + 35,37,66,438) | 52,10,54,501.60 |
| SOE ഇൻവെസ്റ്റ്മെന്റ് | 12,61,24,644.00 |
| KMSME ഇൻവെസ്റ്റ്മെന്റ് | 2,00,00,000.00 |
| CUCEK ഇൻവെസ്റ്റ്മെന്റ് | 79,08,628.00 |
| പ്രോവിഡന്റ് ഫണ്ട് ഇൻവെസ്റ്റ്മെന്റ് | 73,38,20,775.00 |
| **ആകെ** | **140,89,08,548.60** |

വിശദാംശങ്ങൾ ***അനുബന്ധം -4 (1,2)*** ൽ ചേർത്തിട്ടുണ്ട്.

**പെൻഷൻ ഫണ്ട് ഇൻവെസ്റ്റുമെന്റുകളുടെ വിവരം താഴെ ചേർക്കുന്നു.**

| | |
|---|---|
| ജനറൽ ഫണ്ട് (CUF) | 35,69,21,342.00 |
| SOE ഫണ്ട് | 25,26,69,139.00 |
| KMSME ഫണ്ട് | 53,92,553.00 |
| CUCEK ഫണ്ട് | 20,22,68,926 |
| **ആകെ** | **81,72,51,960.00** |

വിശദാംശങ്ങൾ ***അനുബന്ധം -4(3)*** ൽ ചേർത്തിട്ടുണ്ട്.

**കോർപ്പസ് എൻഡോവ്മെന്റുകൾ**

| | |
|---|---|
| 01.04.2019 ലെ മുന്നിരിപ്പ് | 38,50,965.00 |
| (+)പുതിയ എൻഡോവ്മെന്റ് | 0 |
| (-)പുനർ നനിക്ഷേപത്തിൻമേലുള്ള TDS തുക | 0 |
| 31.03.2020 ലെ നീക്കിയിരിപ്പ് | 38,50,965.00 |

എൻഡോവ്മെന്റുകളുടെ പലിശ ഇനത്തിൽ തൻവർഷം 2,70,967/-രൂപ ലഭിച്ചിട്ടുണ്ട്. എൻഡോവ്മെന്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ ***അനുബന്ധം-3*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 ഓഡിറ്റ് ചാർജ്ജ്

| | |
|---|---|
| ഫീസിനത്തിലുള്ള വരവും മറ്റ് തനത് വരവും (CUF, SOE, KMSME, CUCEK) | 65,98,66,949.00 |
| (-)തൻ വർഷം തിരികെ നൽകിയ ഫീസ് (CUF, SOE, KMSME, CUCEK) | 2,72,05,184.00 |
| | 63,26,61,765.00 |
| (+) കൺസൽട്ടൻസി വരവ് (CUF) | 20,36,331.00 |
| ആകെ | 63,46,98,096.00 |
| ഓഡിറ്റ് ചാർജ്ജ് @ 1% | 63,46,981.00 |

ഫീസിനത്തിലുള്ള (സ്വാശ്രയ സ്ഥാപനം ഉൾപ്പടെയുള്ള) വരവും മറ്റ് തനത് വരവും സംബന്ധിച്ച വിശദാംശങ്ങൾ ***അനുബന്ധം - 2*** ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് ചാർജ്ജ് അടക്കാൻ ബാക്കി നിൽക്കുന്നതിന്റെ വിവരങ്ങൾ

| | |
|---|---|
| 2016-17 | 64,29,045.00 |
| 2017-18 | 67,17,279.00 |
| 2018-19 | 62,12,061.00 |
| 2019-20 | 63,46,981.00 |
| ആകെ | 2,57,05,366.00 |

2016-17 മുതൽ 2019-20 വരെ കുടിശ്ശികയായിട്ടുള്ള 2,57,05,366/- രൂപ 0070-60-110-95 ഓഡിറ്റ് ചാർജ്ജ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി, ചെലാന്റെ അസൽ പകർപ്പ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ച് കൊടുക്കേണ്ടതാണ്.

## 4-5 ഓഡിറ്റ് പ്രത്യവലോകനം

### (എ) – സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,92,10,94,716.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,81,31,91,815.00 |
| സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം | 17,168.50 |
| വിവിധ സ്ഥാപനങ്ങൾ സർവ്വകലാശാല ഫണ്ടിലേക്ക് ഒടുക്കാനവശേഷിക്കുന്ന തുക | 0.00 |
| ഓഡിറ്റിൽ നിരാകരിച്ച തുക | 8,56,591.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 43,72,261.00 |
| കേന്ദ്ര -സംസ്ഥാന സർക്കാരുകൾക്കുണ്ടായ നഷ്ടം | 66,224.00 |
| മറ്റ് സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം | ഇല്ല |

### (ബി) സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം, ഒടുക്കാൻ അവശേഷിക്കുന്ന തുക, നിരാകരിച്ച തുക തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരം

| ഖണ്ഡിക നമ്പർ | സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം (രൂപ) | ഫണ്ടിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക (രൂപ) | ഓഡിറ്റിൽ നിരാകരിച്ച തുക (രൂപ) | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| 2-1 | 4,760.00 | | | | ഡോ.ജോർജ് തോമസ്, പ്രിൻസിപ്പൽ, എസ്.ഒ.ഇ. |
| 2-5 | 12,408.50 | | | | ഡോ. കെ.അജിത, രജിസ്ട്രാർ, കുസാറ്റ് |
| 3-7-1 | | | 6,116.00 | | ഡോ.പി. അരുണാചലം, വകുപ്പ് മേധാവി, അപ്ലൈഡ് ഇക്കണോമിക്സ് |
| 3-7-2 | | | 1,538.00 | | ഡോ. കെ.എ.സൈമൺ, ഡയറക്ടർ. കുഞ്ഞാലി മരക്കാർ സ്കൂൾ ഓഫ് മറൈൻ |

| | | | | | |
|---|---|---|---|---|---|
| | | | | | എഞ്ചിനീയറിംഗ് |
| 3-7-3 | | | 2,389.00 | | ഡോ.എ.മുജീബ്, വകുപ്പ് മേധാവി, ഇന്റർ നാഷണൽ സ്കൂൾ ഓഫ് ഫോട്ടോണിക്സ് |
| 3-7-4 | | | 2,129.00 | | ഡോ. പി.ജി.റോമിയോ, വകുപ്പ് മേധാവി, ഗണിതശാസ്ത്രവകുപ്പ് |
